

ചെമ്പൈ
സംഗീതവും ജീവിതവും

ജയവിജയ

ചെമ്പൈ

സംഗീതവും ജീവിതവും

ചെമ്പൈ

സംഗീതവും ജീവിതവും

ജയവിജയ

ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം.

1999

(Malayalam)
Chembai - Sangeethavum Jeevithavum
Biography
By Jayavijaya
Rights reserved
Printed at: Chinthamany Offset Printers Thrissur
Type setting : Computer Care Thrissur.
Publishers: Guruvayoor Devaswom, Guruvayoor
Price : Rs. 25.00



അവതാരിക



ചെമ്പൈ വൈദ്യനാഥഭാഗവതർ. സുദീർഘവും, സുശോഭനവുമായ ഒരു ധന്യജീവിതം. വെറും അഞ്ചു വയസ്സുമുതൽ ആറു പന്തീരാണ്ടിലേറെ നീണ്ടു നിന്ന ഒരു ദിവ്യ തപശ്ചര്യയാൽ, നാദോപാസനയാൽ സ്ഫുടീകൃതമാണ് വൈദ്യനാഥഭാഗവതരുടെ സംഗീതവിജ്ഞാനം . കർണ്ണാടക സംഗീതസാമ്രാജ്യത്തിലെ ചക്രവർത്തിയായി വളരെക്കാലം വിരാജിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. എങ്കിലും ആ കലയെ ഉപജീവനത്തിനുള്ള ഒരു ഉപാധിയായിട്ടോ, പ്രശസ്തി സമ്പാദനത്തിനുള്ള വിദ്യയായിട്ടോ അദ്ദേഹം ഗണിച്ചില്ല. അഹങ്കാരത്തിന്റെ ചളി പുരളാതെ സംഗീതോപാസനയെ ഈശ്വരോപാസനയായി നിർവഹിച്ച ഒരു ഋഷിതുല്യനായിരുന്നു ചെമ്പൈ.

കർണ്ണാടകസംഗീതത്തിലെ ത്രിമൂർത്തികളായിട്ടറിയപ്പെടുന്നവ

രാണല്ലോ ത്യാഗരാജസ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നീ മഹാനുഭാവന്മാർ. സംഗീതശാസ്ത്രത്തിന് ഇവരിൽ നിന്നുണ്ടായിട്ടുള്ള സംഭാവന അമൂല്യമാണ്. മാത്രമല്ല, നാദോപാസനകൊണ്ട് ഈശ്വരസായൂജ്യം കൈവന്ന പുണ്യാത്മാക്കളായിട്ടാണ് ഈ ത്രിമൂർത്തികൾ പ്രകീർത്തിക്കപ്പെടുന്നത്. കീർത്തനം പാടിക്കൊണ്ടിരിക്കെത്തന്നെയാണ് മുത്തുസ്വാമി ദീക്ഷിതർ മുക്തിയടഞ്ഞത്. പത്തുദിവസത്തിനുള്ളിൽ ഭഗവത് പ്രാപ്തി നൽകാമെന്നു സാക്ഷാൽ ശ്രീരാമചന്ദ്രസ്വാമി ത്യാഗബ്രഹ്മത്തിന് വാഗ്ദാനം നല്കി. അതനുസരിച്ച് പത്താം ദിവസം അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് ഒരു അത്ഭുത നാമധ്വനി കേൾക്കുകയും, തുടർന്ന് അഭൗമമായ പ്രകാശധോരണി അന്തരീക്ഷമെങ്ങും വ്യാപിക്കുകയുമാണത്രെ ഉണ്ടായത്. സുകൃതികൾക്ക് സിദ്ധിക്കുന്ന ഈ ദിവ്യാനുഭൂതിതന്നെ വൈദ്യനാഥഭാഗവതർക്കും ഗുരുപവന പുരേശ കൃപയാൽ കൈവന്നു.

കേവലം ഒമ്പതാമത്തെ വയസ്സിൽ കാന്തളൂർ (ഒളപ്പമണ്ണമന) ക്ഷേത്രത്തിൽവച്ചായിരുന്നു അദ്ദേഹത്തിന്റെ പാട്ടുകച്ചേരി ആദ്യമായി അരങ്ങേറിയത്. പതിനാലാം വയസ്സിൽ ഗുരുവായൂരപ്പന്റെ സന്നിധിയിൽ പിതാവ് അനന്തഭാഗവതരൊരുമിച്ചു വന്ന് കീർത്തനം ആലപിക്കാനുള്ള സുവർണ്ണാവസരം അദ്ദേഹത്തിനുണ്ടായി. തുടർന്ന് പടിപടിയായി ഭാഗവതർ കർണ്ണാടകസംഗീതത്തിലെ അതികായനായി വളർന്നു. ഇരുപതാം വയസ്സിൽ പാടാനുള്ള ശബ്ദം നഷ്ടപ്പെട്ട് ചെമ്പൈ ഇതികർത്തവ്യതാമൂഢനായി ഗുരുവായൂരിലെത്തി. അദ്ദേഹം തന്റെ സർവസ്വവും തന്തിരുവടിയുടെ തൃപ്പാദത്തിൽ സമർപ്പിച്ചു. മൂകനെ വാഗ്മിയാക്കി മാറ്റുന്ന മാരുതേശന്റെ മഹാകാരുണ്യം ഭാഗവതരിൽ പ്രകടമായി. അതോടെ ചെമ്പൈയുടെ ശബ്ദം ഗുരുവായൂരപ്പന്റെ ശബ്ദമായി മാറി. അദ്ദേഹം കണ്ണനുണ്ണിയുടെ തൃക്കയ്യിലെ ഒരു കളമുരളിയായിത്തീർന്നു. ആ വംശീനാദം സാക്ഷാൽ ശ്രീകൃഷ്ണന്റെ വേണുഗാനംപോലെ അനേകമനേകം ജീവഗോപികളെ തന്തിരുവടിയുടെ സന്നിധിയിലേക്കാർഷിക്കുകയല്ലേ ചെയ്തത്.?

ഇരുപതാം വയസ്സുമുതൽ മുടങ്ങാതെ ഏകാദശിമഹോത്സവത്തിന് ഗുരുവായൂരിൽ വന്ന് സംഗീതപുഷ്പാഞ്ജലി നടത്തുന്നത് ഭാഗവതരുടെ ഒരു വ്രതമായിരുന്നു. അങ്ങനെയുള്ള ഏകാദശിക്കച്ചേരിയുടെ ഷഷ്ഠ്യബ്ദപൂർത്തി ആഘോഷിക്കാനുള്ള നിസ്തുലഭാഗ്യംകൂടി അദ്ദേഹത്തിനുണ്ടായി.

എല്ലാ സംഗീത വിദ്വാന്മാരും ഒത്തുചേർന്ന് തിരുവയ്യാറിൽ പുഷ്യബഹുള പഞ്ചമിദിവസം ത്യാഗബ്രഹ്മാരാധനാ മഹോത്സവത്തിൽ

മാത്രം നടത്തിവരുന്ന ഒരു ദിവ്യസേവയാണ് "പഞ്ചരത്ന കീർത്തനാലാപം." എന്നാൽ, ശ്രീഗുരുവായൂരപ്പന്റെ സന്നിധിയും ത്യാഗരാജസാന്നിദ്ധ്യമുള്ള ദിവ്യസ്ഥാനം തന്നെയാണെന്ന് ഭാഗവതർക്കനുഭവപ്പെട്ടതുകൊണ്ടാവാം ആ മഹോത്സവം - പഞ്ചരത്ന കീർത്തനാലാപം- ഇദം പ്രഥമമായി ഗുരുപവനപുരത്തിലും സമാരംഭിച്ചത്. ആ രംഗം ശ്രുതിലയഗാംഭീര്യവും ജ്ഞാനത്തിന്റെ ദിവ്യത്വവും ചൈതന്യവും കൊണ്ട് അസുലഭനിമേഷമെന്നേ പറയേണ്ടു.

സംഗീതോപാസനയിലൂടെ ശ്രീഗുരുപവനപുരേശനെ സാക്ഷാത്ക്കരിച്ച ചെമ്പൈയ്ക്ക് ശ്രീ ഗുരുവായൂരപ്പൻ സങ്കീർത്തനട്രസ്റ്റ് പ്രസ്തുത സമാരംഭ സുദിനമായി ദശമിവിളക്കുനാൾതന്നെ മതിലകത്തെ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ പൊന്നാട ചാർത്തി ' അഭിനവത്യാഗബ്രഹ്മം' എന്ന കീർത്തിമുദ്രയേകി. ഭഗവത്പ്രേരണയാൽ നൽകിയ ആ ബഹുമതി അന്വർത്ഥവും, സമുചിതവുമാണെന്ന് സഹൃദയർ സഹർഷം സമ്മിതിക്കാതിരിക്കില്ല.

ദിവംഗതനാകുന്നതിന് ഏതാനും മാസങ്ങൾക്കുമുമ്പ് കൃത്യമായി പറഞ്ഞാൽ 1974 സെപ്തംബർ 7, സമയം പകൽ അഞ്ചരമണി. ഗുരുപവനപുരം ദീപാരാധനയ്ക്കണിഞ്ഞൊരുങ്ങുകയാണ്. അതാ കേൾക്കുന്നു! 'ഹരേ, ഗുരുവായൂരപ്പാ' ഉച്ചത്തിലുള്ള ഒരു വിളി. ചിരപരിചിതമായ ആ മധുരശബ്ദം. ശ്രവിച്ച മാത്രയിൽതന്നെ, ചെമ്പൈയുടേതാണെന്നു മനസ്സിലായി. ഉടനെ സ്വാഗതം ചെയ്യാനായി മുകളിൽനിന്ന് ഞങ്ങൾ ഇറങ്ങിയപ്പോഴേക്കും അദ്ദേഹം ശിഷ്യസമേതം നാരായണാലയത്തിൽ വന്നുകഴിഞ്ഞു. സാധാരണ കോണികയറാൻ അസ്വാസ്ഥ്യമുള്ള ഭാഗവതർ താഴെ വന്ന് അനുഗ്രഹിച്ചു പോകുകയാണ് പതിവ്. എന്നാൽ, ഇത്തവണ ചൊറുചൊറുക്കുള്ള ഒരു കുട്ടിയെപോലെ ' ഗുരുവായൂരപ്പൻ എന്നെ പിടിച്ചു കയറ്റും.' എന്നു പറഞ്ഞ് അതിവേഗം മുകളിലെത്തി. കൂടെ ശിഷ്യന്മാരുമുണ്ടായിരുന്നു. എല്ലാവരും നാരായണാലയത്തിലെ ഉണ്ണികൃഷ്ണന്റെ മുമ്പിൽ ഉപവിഷ്ഠരായി. ഭാഗവതർ ഭക്തിപാരവശ്യത്തോടെ 'കരുണ ചെയ്യാൻ എന്തു താമസം കൃഷ്ണാ' എന്ന കീർത്തനം പാടി ഏവരേയും ആനന്ദമന്ദാകിനിയിൽ ആറാടിച്ചു. താൻ സ്വമേധയാ ഒന്നും ചെയ്യുകയല്ല, എല്ലാം ഗുരുവായൂരപ്പൻ ചെയ്യിപ്പിക്കുകയാണ് എന്ന ഉറച്ച വിശ്വാസമാണ് ആ മഹാത്മാവിന് ഉണ്ടായിരുന്നത്. ചെയ്യുന്നതും, ചെയ്യിപ്പിക്കുന്നതും. എല്ലാം നിന്തിരുവടിയാണ് എന്ന ബോധം വരുമ്പോൾ സർവ്വവും അവിടുത്തെ കൃപാവിലാസമാണെന്ന് സ്വാനുഭവപ്പെടുമല്ലോ.

ഒരു അഭിജാത ബ്രാഹ്മണകുടുംബത്തിലായിരുന്നു ഭാഗവതരുടെ

ജനനം. പരമ്പരയായി സംഗീതവിജ്ഞാനവിശാരദന്മാരായിരുന്നു, അദ്ദേഹത്തിന്റെ പൂർവ്വീകർ. ശുദ്ധ ആചാരാനുഷ്ഠാനങ്ങളിൽ വളരെയധികം നിഷ്ഠയുള്ളവരായിരുന്നു അവർ. ചെമ്പൈയും ആ പൈതൃകത്തെ ഉൾക്കൊണ്ടുതന്നെ വളർന്നു. എങ്കിലും കാലക്രമേണ സംഗീതോപാസനയാൽ സർവ്വേശ്വരപ്രേമം സാക്ഷാൽക്കരിക്കപ്പെട്ടതോടെ, ഭാഗവതർക്ക് വലിയൊരു പരിവർത്തനം വന്നു. സമത്വം, സാഹോദര്യം, സൗഹാർദ്ദം | എന്നിവയുടെ വിളനിലമായിതീർന്നു, അദ്ദേഹത്തിന്റെ ഹൃദയം. അന്തണനെന്നോ, അന്ത്യജനെന്നോ നോക്കാതെ ആരായാലുംശരി സംഗീതാഭിരുചിയുണ്ടോ, അവരെ പുത്രനിർവ്വിശേഷമായ വാത്സല്യത്തോടെ വളർത്തി, സമുന്നതനിലയിൽ എത്തിക്കാനുള്ള സന്മനസ്, ചെമ്പൈയുടെ ഒരു സവിശേഷതയായിരുന്നു. നാദോപാസനയെ ബ്രഹ്മോപാസനയായി കാണുന്ന ഒരു മഹാത്മാവിന്, അങ്ങനെ സംഭിവിക്കാതിരുന്നാലല്ലെ അത്ഭുതം.?

സംഗീതം ഒരു ദൈവികകലയാകുന്നു. നമ്മുടെ ദേവീദേവന്മാരും ഋഷിവര്യന്മാരുമെല്ലാം സംഗീതവുമായി അഭേദ്യബന്ധമുള്ളവരാണ്. വീണാപാണിയായ സരസ്വതീ ദേവിയും, വേണുഗാനലോലനായ ശ്രീകൃഷ്ണനും, ഡമരുവിന്റെ താളത്തിനൊത്ത് നർത്തനമാടുന്ന നടരാജനും, തിരുനാമ സങ്കീർത്തനത്താൽ പാരിനെ പരിപാവനമാക്കുന്ന ശ്രീ നാരദനും എല്ലാം അതിനു ദൃഷ്ടാന്തമാണ്. ശ്രീത്യാഗരാജസ്വാമികൾ സംഗീതത്തെ ഒരു മോക്ഷോപാധിയായി മാത്രമല്ല, സാക്ഷാൽ ഈശ്വരോപാസനയായിത്തന്നെ വീക്ഷിച്ചിരിന്നു. പ്രണവം സച്ചിദാനന്ദബ്രഹ്മമായിട്ടാണറിയപ്പെടുന്നത്. " നാദഃതനുമനിശം, ശങ്കരം" എന്നു തുടങ്ങുന്ന ചിത്തരഞ്ജിനി രാഗത്തിലുള്ള ത്യാഗരാജകൃതി ഈ ആശയത്തെത്തന്നെ വെളിപ്പെടുത്തുന്നതാണ്.

നാദഃതന മനിശം ശങ്കരം
നമാമിമേ മനസാശിരസാ- നാദഃ
മോദകരഃ നിഗമോത്തമ സാമ
വേദസാരം വാരം വാരം
സദ്യോജാതാദിഃപഞ്ചവക്ത്രജ
സരിഗമപധനിഃവര സപ്തസ്വര
വിദ്യാലോലം വിദളിതകാലം
വിമലഹൃദയ ത്യാഗരാജപാലം

യഥാർത്ഥ ഭക്തിസമ്പാദനമാണ് സംഗീതോപാസനയുടെ പരമ

ലക്ഷ്യമെന്നും. ഭക്തിയില്ലാത്ത സംഗീതം നിർജ്ജീവവും, നിഷ്പ്രയോജനവുമാണെന്നും ത്യാഗബ്രഹ്മത്തിന്റെ നിരവധി കൃതികളിൽ സമർത്ഥിച്ചിട്ടുണ്ട്.

ശിവനും, വിഷ്ണുവും, ബ്രഹ്മാവും ശ്രേഷ്ഠപദവിക്കർഹരായി. വേദാതീതരായ അവർ, മന്ത്രതന്ത്രയന്ത്രങ്ങൾക്കെല്ലാം ശക്തി നല്കി, ലോകാധിനാഥന്മാരായി പ്രകാശിച്ചു. ഇതെല്ലാം നാദോപാസന കൊണ്ടു മാത്രമാണെന്നാകുന്നു, ആ പരമ ഭാഗവതൻ സമുൽഘോഷിച്ചിരിക്കുന്നത്.

'നാദോപാസന ചേഃശങ്കര
നാരായണ വിദുലഃവെലമിതി ഓ മനസാ
വേദോദ്ധരുലുഃ വേദാതീതുലു
വിശ്വമെല്ലഃനിണ്ടിയുണ്ടെ വാരലു
മന്ത്രാത്മലുഃ യന്ത്രതന്ത്രാത്മലുമരി
മന്ത്രമുലെഃനിഗലവാരലു
തന്ത്രീലയസ്വര, രാഗവിലോലു
ത്യാഗരാജവന്ദ്യുലു: സ്വതന്ത്ര്യുലു.'

ശ്രുതി, ലയം, നാദം, ഓംകാരം, സ്വരം എന്നിവയുടെ ജ്ഞാനമുള്ളവർ സദാശിവനിൽനിന്നും വിഭിന്നരല്ല, ഈസ്വരതുല്യരാണെന്നാണ് ത്യാഗബ്രഹ്മത്തിന്റെ അഭിമതം.

'രാഗസുധാരസപാനമുചേസി
രാജിലു വേ ഓ മനസാ
യാഗ യോഗ ത്യാഗ ഭോഗ ഫലമോ സ ഗെ
സദാശിവ മയ മകുനാദോംകാരസ്വര
വിദുലു ജീവന്മുക് തുലനി
ത്യാഗരാജതെലിലു'

അങ്ങനെ രാമനാമസിദ്ധിയിലൂടെ ശ്രീ ത്യാഗരാജകീർത്തനങ്ങൾ നിർഗളിതമായി. എന്നാൽ, ചെമ്പൈയുടെ സംഗീതമാധുരിയാകട്ടെ 'ഗുരുവായൂരപ്പാ' എന്ന 'ഷഡ്ക്ഷരീ' മന്ത്രത്തിൽനിന്നൂറിവരുന്ന തേനാണ്.

'ദ്രാവണം ച:ദൃഷദാമപി പ്രഭോ,
താവകം വ്യജനിഃ വേണു കൂജിതം.'

എന്ന് ഭട്ടപാദർ അനുസ്മരിക്കുന്നപോലെ കടുംപാറയെക്കൂടി

നറും വെണ്ണയാക്കിതീർക്കുന്ന ഒരു ദിവ്യാനുഭൂതിയാണ്, ആരാധകരിലും, പരിസരത്തിലും, ആ ഗാനസുധ പകർന്നുകൊണ്ടിരുന്നത്.

അവസരം കിട്ടുമ്പോഴെല്ലാം ഭാഗവതർ ഗുരുവായൂർ സന്ദർശനത്തിന് വരിക പതിവായിരുന്നു. ദർശനാനന്തരം മണ്ഡപത്തിലിരുന്ന് ശ്രീ ഗുരുവായൂരപ്പനെ നോക്കി ആവേശഭരിതനായി സ്വതഃസിദ്ധമായ ആ ഗംഭീരധ്വനിയിൽ, 'യോഗീന്ദ്രാണാം,' എന്നും മറ്റും പാടാറുണ്ട്. ആ സംഗീതനിർഝരിയിൽ ആറാടി, തിരുസന്നിധിയിൽ തപശ്ചര്യയിൽ നിലകൊള്ളുന്ന, കൽത്തൂണുകൾപോലും തലകുനിക്കാറുണ്ട്.

ഭക്തിയും, ജ്ഞാനവും, സമ്പൂർണ്ണമായി ഒത്തിണങ്ങിച്ചേരുക എന്നത്, അപൂർവ്വം ചില സുകൃതികളിൽ മാത്രമേ കാണുകയുള്ളൂ. അത്തരം മഹാത്മാക്കളിൽ അഗ്രഗണ്യനായിരുന്നു ചെമ്പൈ! ഭട്ടപാദരുടെ പ്രതീകമെന്നോണം പ്രകാശിച്ച, ശ്രീ ശെങ്കാലിപുരം അനന്തരാമദീക്ഷിതർ, നാരായണീയ പ്രഭാഷണത്തിലൂടെ ഗുരുവായൂരപ്പന്റെ കീർത്തിചന്ദ്രിക, പാരിലെങ്ങും പരത്തിയെങ്കിൽ, കണ്ണനുണ്ണിയുടെ കണ്ണിലുണ്ണിയായ ഭാഗവതരാകട്ടെ സംഗീതം വഴിക്കാണ് ആ സത്കൃത്യം നിർവ്വഹിച്ചത്. ആ പുണ്യനാമം ആചന്ദ്രതാരം തിളങ്ങിക്കൊണ്ടുതന്നെ ഇരിക്കും.

എല്ലാം ഭഗവല്ലീലാവിലാസമായിക്കാണുന്ന ഭക്തനുണ്ടോ ഉച്ചനീചത്വം? തന്തിരുവടിയിൽ പരമപ്രേമം സിദ്ധിച്ച ഭക്തന്മാരിൽ 'ജാതി-മത-വിദ്യാ- രൂപ-കല-ധനാദി'കളിൽ ഭേദഭാവം അസംഭാവ്യമത്രെ!

'നാസ്തികേഷു ജാതിരൂപ-

കുലധന ക്രിയാദിഭേദഃ

എന്നാണല്ലോ ഭക്തിസൂക്തം. ഈ തത്വസംഹിതയെ അന്വർത്ഥമാക്കികൊണ്ടായിരുന്നു, ചെമ്പൈയുടെ ജീവിതം. സംഗീതവേദിയിലേക്ക് അദ്ദേഹം ഉയർത്തിക്കൊണ്ടുവന്ന ശിഷ്യഗണങ്ങൾ തന്നെ അതിനുദാഹരണമാണ്.

ആധുനിക കാലത്തിൽ ഭാരതീയ സംസ്കാരത്തിന് ഭാവത്തിലും, രൂപത്തിലും മറ്റും പല മാറ്റങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ലക്ഷ്യമറിയാതെയുള്ള ശാസ്ത്രത്തിന്റെ കുതിച്ചോട്ടം- മാനവ സമുദായത്തെ, യന്ത്രപ്രായമാക്കിക്കൊണ്ടിരിക്കയാണ്. സഹസ്രാബ്ദങ്ങളായി, സ്ഫുടം,ചെയ്തെടുത്ത ഭാരതീയ സംസ്കാരവും, ആദ്ധ്യാത്മികവിജ്ഞാനവും, നാസ്തികത്വത്തിന്റെയും, സ്വാർത്ഥത്തിന്റെയും, ഭൗതികഭോഗവേശത്തിന്റെയും ആഘാതമേറ്റുകൊണ്ടിരിക്കുന്നു. സ്നേഹവും, വാത്സല്യവും, വിനയവും, ഭക്തിയുമെല്ലാം പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കയാണ്. ഗുരുശിഷ്യബന്ധം, ഗുരുഭക്തി, ശിഷ്യവാത്സല്യം എന്നിവയെല്ലാം വിരളവസ്തുക്കളായിത്തീർന്നിരിക്കുന്നു.

എന്നിരുന്നാലും ഋഷിവര്യന്മാരും,ദീർഘദർശികളുമായ പൂർവ്വീകന്മാർ, വാർത്തെടുത്ത ഭാരതീയ സംസ്കൃതി എല്ലാറ്റിനേയും അതിജീവിച്ച് ഉത്തരോത്തരം വളർന്നുകൊണ്ടേയിരിക്കും. അതിനു തെളിവാണ് 'ജഗദ്ഗുരു ശ്രീശങ്കരാചാര്യർ','മേല്പത്തൂർ ഭട്ടപാദർ'ശ്രീ ചൈതന്യദേവൻ'. 'ശ്രീരാമകൃഷ്ണപരമഹംസർ','രമണമഹർഷി' എന്നിവരുടെ ആവിർഭാവം.

ഈ കാലഘട്ടത്തിൽ തങ്ങളുടെ പ്രിയ ഗുരുനാഥന്റെ ജിവചരിത്രം എഴുതാൻ തുനിഞ്ഞ ശ്രീ ജയവിജയന്മാരുടെ സംരംഭം, സർവഥാ പ്രശംസനീയമാണ്. സംഗീതം അഭ്യസിക്കാൻ ചെന്ന ജയവിജയന്മാരിൽ, വാത്സല്യം വർഷിച്ച് മറ്റൊന്നും പരിഗണിക്കാതെ, ശിഷ്യന്മാരായി ചെമ്പൈ സ്വീകരിച്ചു. കൂടെ കൊണ്ടുനടന്ന് നിരവധി സദസ്സുകളിൽ അവരുടെ കഴിവിനെ പ്രകടിപ്പിച്ച്, കർണ്ണാടകസംഗീത നഭോമണ്ഡലത്തിൽ സുപ്രധാനമായ ഒരു സ്ഥാനം നേടിക്കൊടുത്തു.

ഈ സംഗീതോപാസകന്മാർ , നാദകലാനിധികളായി ഉയർന്നുവരാനുള്ള കാരണം, കേവലം സംഗീതജ്ഞാനം മാത്രമല്ല, സർവ്വോപരി ഗുരുഭക്തിയാണ്. ഭാഗവതരെ വെറും ഒരു സംഗീതാചാര്യനായിട്ടല്ല, പ്രത്യുത: ഈശ്വരസമാന സദ്ഗുരുവായിട്ടാണ് വീക്ഷിക്കുന്നത്, വിദ്യയെ വില്ക്കാനുള്ള ഒരു വസ്തുവായിട്ട്, അദ്ധ്യാപകരും, വിലയ്ക്കുവാങ്ങാനുള്ളതായിട്ട്, ശിഷ്യരും ! ഗണിക്കുന്ന കാലത്തിൽ, ഈ സുകൃതികളുടെ ഗുരുഭക്തി സ്തുത്യർഹമാണ്. വെറും വിദ്യാർത്ഥികൾ എന്ന നിലയ്ക്കല്ലാതെ, പണ്ടത്തെ ഗുരുകുലാചാരാനുസാരം, ഗുരുനാഥനെ വന്ദിച്ചും ശുശ്രൂഷിച്ചും ഇന്നൊരു നല്ല നിലയിലെത്തിയ ശ്രീ ജയവിജയന്മാർ, ആ മഹത്കൃപയാൽ മേൽക്കുമേൽ വിജയശ്രീലാളിതരായി തീരുമെന്നതിൽ എനിക്കു സംശയമില്ല.

വന്ദ്യഗുരുഭൂതരുടെ കാല്പാടുകളിൽകൂടിത്തന്നെ സഞ്ചരിച്ച്, പരമപദത്തിലെത്താൻ ശ്രീ ഗുരവായൂരപ്പൻ ഈ പ്രിയ ശിഷ്യന്മാരിൽ കാരുണ്യാമൃതം വർഷിക്കട്ടെ!

സംഗീതത്തിലോ, സാഹിത്യത്തിലോ പരിജ്ഞാനമില്ലാത്ത ഒരാളോട്, സംഗീതഭീഷ്മാചാര്യനായ ചെമ്പൈയുടെ ജീവചരിത്രത്തിന് അവതാരകയ്ക്കായി ജയവിജയന്മാർ സമീപിച്ചപ്പോൾ, അത് അനുചിതമായിരിക്കുമെന്ന് കരുതായ്കയല്ല; പക്ഷേ, എന്റെ ഇച്ഛയാണ്– കൃപാവിലാസമാണ്– എന്ന് അന്തരാത്മാവിൽ ആരോ മന്ത്രിക്കുന്നതായി തോന്നി. അതനുസരിച്ച് ആ കൃത്യനിർവഹണത്തോടെ തന്തിരുവടിയുടെ തിരുവടിമലരിൽ ഈ 'ആദരാഞ്ജലി' അർപ്പിക്കുന്നു.

ആഞ്ഞം മാധവൻ നമ്പൂതിരി

അഭിവീക്ഷണം

.കല ഈശ്വരസൃഷ്ടമാണ്. അതിനാൽ കലയിൽ നിറഞ്ഞുനില്ക്കുന്നത് ഈശ്വരചൈതന്യവുമാണ്. ആ സ്ഥിതിക്ക് കലോപാസന ഈശ്വരോപാസനയ്ക്ക് തുല്യമത്രേ. യഥാർത്ഥ കലോപാസകൻ ചെയ്യുന്നത് ഈശ്വരാരാധനതന്നെയാണ്. അയാൾ ഈശ്വരനെ പ്രത്യേകം ഭജിക്കേണ്ടതില്ല. തന്റെ തൊഴിൽ ഈശ്വരോന്മുഖമായി ചെയ്താൽ, അതിനേക്കാൾ വലിയ ഒരു നിവേദ്യം ഈശ്വരനു സമർപ്പിക്കാനില്ല. സ്വകൃത്യം ഈശ്വര വിചാരത്തോടെ ചെയ്യുന്ന ഒരു കലാകാരനു ലഭിക്കുന്ന സന്തോഷവും സംതൃപ്തിയും ചാരിതാർത്ഥ്യവും കൃതകൃത്യതയും ഒന്നു വേറേയാണ്.

അനുഗൃഹീതഗായകനും സംഗീതകലാമർമ്മജ്ഞനുമായിരുന്ന ചെമ്പൈ വൈദ്യനാഥഭാഗവതർ ഈശ്വരോപാസനയും കലോപാസനയും ഒപ്പം നിർവ്വഹിച്ചയാളാണ്. കലയ്ക്കുവേണ്ടി ഈശ്വരനേയും, ഈശ്വരനുവേണ്ടി കലയേയും അദ്ദേഹം സ്വഹൃദയത്തിൽ പ്രതിഷ്ഠിച്ചു. ഗുരുവായൂർ ക്ഷേത്രത്തിന്റെ ശ്രീകോവിലിനു മുമ്പിൽ ചെന്ന് 'അഗ്രേപശ്യാമിയും' 'കരുണചെയ് വാനെന്തു താമസ'വും ആലപിക്കുമ്പോൾ ആ ഭക്തിധനന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകുന്നത് അടുത്തുനില്ക്കുന്ന ഭക്തജനങ്ങൾക്കു കാണാമായിരുന്നു. ഭക്തനോടുള്ള അതിരറ്റ കരുണയും വാത്സല്യവും നിമിത്തം ഗുരുവായൂരപ്പൻ ചെമ്പൈയുടെ ഹൃദയമാകുന്ന ശ്രീകോവിലിൽ സ്ഥിരിമായി വസിക്കയും ചെയ്തു. ഇതാണു ചെമ്പൈയും ഗുരുവായൂരപ്പനും തമ്മിലുള്ള സേവ്യസേവകബന്ധം. ആ ബന്ധത്തിനുകാരണം, ഒരിക്കലും പാടാൻ കഴിയാത്ത വിധത്തിൽ തന്റെ ശബ്ദം നഷ്ടപ്പെട്ട ചെമ്പൈയെ, ഗുരുവായൂരപ്പൻ കനിഞ്ഞ് അനുഗ്രഹിച്ച് പൂർവ്വാധികം ഓജസ്സോടെ, ഭാവഗംഭീരമായി പാടാൻ പ്രാപ്തിയുള്ളവനാക്കിതീർത്തതാണ്, അടുത്തകാലത്ത് കഥകളി ഗായകൻ ശങ്കരൻ എമ്പ്രാന്തിരിയേയും ഗുരുവായൂരപ്പൻ ഈ വിധത്തിൽ അനുഗ്രഹിച്ചിട്ടുണ്ട്.

ചെമ്പൈയുടെ കച്ചേരി ആദ്യമായി കേൾക്കാൻ എനിക്കു ഭാഗ്യം സിദ്ധിച്ചത് അമ്പലപ്പുഴ വെച്ചുതന്നെയാണ്. എന്റെ ചെറുപ്പകാലത്ത് അമ്പലപ്പുഴ നടന്നിരുന്ന ഉത്സവപരിപാടികളിൽ മുഖ്യയിനം കഥകളിയും പാട്ടുകച്ചേരിയുമായിരുന്നു. മൂന്നാം ഉത്സവം മുതൽ എട്ടാം

ഉത്സവംവരെ കഥകളി. ഇതിൽ മൂന്നുദിവസം ഒന്നാംകിട നടന്മാരും പാട്ടുകാരും മേളക്കാരും പങ്കെടുക്കുന്ന മേജർ സെറ്റുകഥകളിയായിരിക്കും. ഒമ്പതാം ഉത്സവം ഗുരുഗോപിനാഥിന്റെ ഡാൻസ്. ആറാട്ടിന്റെ അന്നാണ് വിസ്തരിച്ചുള്ള കച്ചേരി. അന്ന് അവിടെ ഇടവിട്ടു പങ്കെടുത്തിരുന്ന പ്രശസ്തഗായകർ ചെമ്മാംകുടി ശ്രീനിവാസനയ്യർ, അരിയക്കുടി രാമാനുജയ്യങ്കാർ, ജി. എൻ. ബാലസുബ്രഹ്മണ്യം, ചെമ്പൈ വൈദ്യനാഥഭാഗവതർ, ആലത്തൂർ ബ്രദേഴ്സ്, എം.എസ്. സുബ്ബലക്ഷ്മി, ഡി.കെ. പട്ടാംബാൾ, എം. എൽ. വസന്തകുമാരി മുതലായവരായിരുന്നു. രണ്ടുതവണ കച്ചേരിക്ക് ചെമ്പൈവന്നിരുന്നതായി ഓർക്കുന്നു. അദ്ദേഹം യുവകലാസ്വാദകരുടെ ആരാധനാമൂർത്തിയായിരുന്നു എന്നു പറയാം. കാരണമുണ്ട്. ആഘനഗംഭീരമായ, മന്ത്രമധുരമായ, സംഗീത ധോരണിയിൽ സദസ്സ് ആനന്ദലഹരിയിലും ഭക്തിലഹരിയിലും ഇളകിമറിഞ്ഞിരുന്നു. ആ ഗാന വൈഖരി അവസാനിക്കുമ്പോൾ ആസ്വാദകർ സശിരഃകമ്പം പറയുമായിരുന്നു. "ഗുരുവായൂരപ്പന്റെ അനുഗ്രഹം തന്നെ""അപ്പോൾ ഒരു ഭക്തൻ തിരുത്തുന്നതും കേട്ടിട്ടുണ്ട് "എടോ, ഗുരുവായൂരപ്പനും അമ്പലപ്പുഴ കൃഷ്ണനും ഒരാൾതന്നെയല്ലേ?" ഉത്തരം "ശരിയാണ്. ആ സാന്നിധ്യം തന്നെ ഇവിടേയും. ഈ സാന്നിധ്യം തന്നെ അവിടേയും" മൂന്നാമനായ ഒരാളാണ് ഇതിനു യുക്തിസഹമായ മറുപടിപറഞ്ഞത്. " എടോ, കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ! എന്ന കീർത്തനം ഇരയിമ്മൻതമ്പിയെഴുതിയത് സാക്ഷാൽ ഗുരുവായുരപ്പനെ ഉദ്ദേശിച്ചുതന്നെയാണ്." അതോടെ, സരസമായ ആ വാഗ്വാദം അവസാനിച്ചു.

1948- ൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റി (ഇന്ന് കേരളാ) കോൺവൊക്കേഷന് മുഖ്യാതിഥിയായി വന്നത് ഡോ: എസ്. രാധാകൃഷ്ണനായിരുന്നു. സമ്മേളനം ആരംഭിക്കുന്നതിനുമുൻപ് ചെമ്പൈയാണ് ഈശ്വരപ്രാർത്ഥന നടത്തിയത്. 'അഗ്രേപശ്യാമി' എന്ന നാരായണീയ ശ്ലോകവും 'വന്ദേ മാതരമംബികാം ഭഗവതീം' എന്ന ശ്ലോകവും അദ്ദേഹം അന്ന് ആലപിച്ചത് ഈ ലേഖകൻ ഇന്നും തുല്യാനുഭൂതിയോടെ, ശ്രവിക്കയും സ്മരിക്കയും ചെയ്യുന്നു. അത്രമാത്രം ശ്രോതാക്കളുടെ ഉള്ളിൽത്തട്ടുന്ന വിധമായിരുന്നു അദ്ദേഹത്തിന്റെ ശ്ലോകാലാപനം.

'കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ' എന്ന കീർത്തനം തമ്പി എഴുതിയിട്ടുള്ളത് 'ശ്രീരാഗ'ത്തിലാണ്. എന്നാൽ ചെമ്പൈ അതു പാടിവന്നിരുന്നത് 'യദുകുലകാംബോജി'യിലും ചെമ്പൈയുടെ പാട്ടു കേട്ടിട്ട്, നാഗസ്വര വിദ്വാന്മാരായിരുന്ന അമ്പലപ്പുഴ ബ്രദേഴ്സും ആ രാഗം തന്നെയാണ് സ്വീകരിച്ചത്. ഇതിനെക്കുറിച്ച് ഒരു കഥയുണ്ട്. പ്രൊ.

എസ്. ഗുപ്തൻനായരാണുപോലും ചെമ്പൈയോട് പ്രസ്തുത കീർത്തനം 'യദുകുലകാംബോജി'യിൽ ചൊല്ലാൻ നിർദ്ദേശിച്ചത്. സദുദ്ദേശത്തോടുകൂടി നിർദ്ദേശിക്കുന്ന ഏതു പുതമയും സഹർഷം സ്വാഗതം ചെയ്യാൻ ചെമ്പൈസ്വാമിക്കുമടിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കലാസ്വാദകരോടുള്ള ആദരവും, പരിഷ്കൃതിയോടുള്ള തുറന്ന സമീപനവുമാണ് ഈ കഥ വ്യക്തമാക്കുന്നത്.

സംഗീതത്തിൽ മഹാവിദ്വാനെന്നപോലെ,ജീവിതത്തിൽ മഹാമനസ്കനായ മനുഷ്യൻകൂടിയായിരുന്നു ചെമ്പൈ. ജാതി, മത,വർഗ്ഗ, ദേശ ഭേദങ്ങളൊന്നും കലയുടെ കാര്യത്തിൽ അദ്ദേഹം കണക്കാക്കിയിരുന്നില്ല. ശിഷ്യരെ ഇത്രമാത്രം സ്നേഹിച്ചിരുന്ന മറ്റധികം ഗുരുക്കന്മാരെ നമുക്ക് ചൂണ്ടിക്കാണിക്കാനില്ല. ജയവിജയന്മാരുടെ ഹൃദയത്തിൽ അദ്ദേഹം ഉറപ്പിച്ചിരുന്ന അനിഷേധ്യമായ സ്ഥാനം, ആ ഗായകവര്യന്റെ ശിഷ്യവാത്സല്യത്തിനു മകുടോദാഹരണമാണ്. ഗുരുവിനുതക്കതായ ദക്ഷിണ കൊടുക്കുന്നതിൽ ജയവിജയന്മാരും ആരുടെയും പിന്നിലായിരുന്നില്ല. അവർ അദ്ദേഹത്തിനു സമർപ്പിച്ച മഹത്തായ ഗുരുദക്ഷിണയാണ് ഈ അവതാരികയ്ക്ക് അവലംബമായ കൃതി.

സർവ്വഥാ സമുചിതമായ ഒരു സംരംഭത്തിനാണ് ഈ സംഗീത സഹോദരന്മാർ തുനിഞ്ഞത്. സംഗീതകലാലോകത്ത് അധൃഷ്യപ്രഭാവനായി വിലസിയ മഹാവ്യക്തിയായിരുന്നു ചെമ്പൈ. അദ്ദേഹത്തിനു കിട്ടാത്ത ബഹുമതികളില്ല. 1973ൽ പത്മഭൂഷൺ അവാർഡുലഭിച്ചു. ദേശീയ അവാർഡ് 1958ൽത്തന്നെ ലഭിക്കുകയുണ്ടായി. അതിനുമുമ്പ് തഞ്ചാവൂരിൽ നിന്ന് 'സംഗീതസാമ്രാട്ട്, ബാഗ്ളൂരിൽ നിന്ന് 'ഗാനഗന്ധർവ്വ', ഗുരുവായൂരിൽ നിന്ന് 'അഭിനവത്യാഗബ്രഹ്മം',1931-ൽ മദ്രാസ് മ്യൂസിക് അക്കാദമിയിൽ നിന്ന് 'സംഗീത കലാനിധി' എന്നീ ബഹുമതികളും മറ്റനവധി പുരസ്കാരങ്ങളും കിട്ടിയിട്ടുണ്ട്. ഇപ്രകാരം സർവ്വജനസമാരാധ്യനായ, ബഹുധാ സമ്മാനിതനായ, ഒരു മഹാനുഭാവനെക്കുറിച്ച് ഒരു ഗ്രന്ഥം എഴുതാൻ ജയവിജയൻമാർക്കുതോന്നിയത് ചെമ്പൈയുടെ പ്രത്യക്ഷ ദൈവമായ ഗുരുവായൂരപ്പന്റെ നിയോഗമാണെന്നേ പറയേണ്ടു.

ആ കൃത്യം ഈ ശിഷ്യസഹോദരന്മാർ സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുമുണ്ട്. ഗ്രന്ഥം ആകമാനം വായിച്ചു കഴിയുമ്പോൾ ആ സംഗീതസാമ്രാട്ടിന്റെ ഒരുജ്വല ചിത്രം നമ്മുടെ കൺമുമ്പിൽ തേജോമയമായി നിറഞ്ഞു നിൽക്കുകതന്നെചെയ്യും. ശുദ്ധതയുടെയും സാത്വികതയുടെയും മൂർത്തിമദ്ഭാവമായിരുന്നു ചെമ്പൈ. അസൂയയോ, പരപുച്ഛമോ, അഹന്തയോ, ആമഹാപ്പുരുഷനെ തൊട്ടുതീണ്ടിയിരുന്നില്ല. പ്രത്യുത,

വിനയം, മര്യാദ, ലാളിത്യം, ആർജ്ജവം, കലാപ്രേമികരമാടുള്ള കൂറ്, ഈശ്വരഭക്തി എന്നിവയെല്ലാം ആ മഹാത്മാവിൽ അഹമഹമികയാ സമ്മേളിച്ചിരുന്നു. ഇത്രമാത്രം സുദീർഘമായ ഒരു സംഗീതപാരമ്പര്യമുള്ള ഒരു തറവാട് കേരളത്തിൽ വേറേയുണ്ടെന്നു തോന്നുന്നില്ല. അഞ്ഞൂറുകൊല്ലത്തെ കലാപാരമ്പര്യമാണ് ആ തറവാടിനുള്ളത്. ബ്രാഹ്മണകുലത്തിൽ ജനിച്ച അദ്ദേഹം സ്വസമുദായാചാരങ്ങൾ അക്ഷരം പ്രതി അനുഷ്ടിക്കുന്നതിൽ തത്പരനായിരുന്നു. എന്നാൽ ജാതീയമായ ഉച്ചനീചത്വങ്ങളോ, അന്ധവിശ്വാസങ്ങളോ അദ്ദേഹത്തെ ബാധിച്ചിരുന്നുമില്ല. കുടവയറോടുകൂടിയ ആ സ്ഥൂല ശരീരം ആഢ്യ ബ്രാഹ്മണ്യത്തെ വിളിച്ചറിയിച്ചിരുന്നു.

ശൈശവം മുതലേ സംഗീതമയമായിരുന്ന ഒരു ലോകത്തിലാണ് ചെമ്പൈ വളർന്നത്. അദ്ദേഹത്തിന്റെ അച്ഛനും മുത്തച്ഛനും എല്ലാം മഹാവിദ്വാന്മാരായിരുന്നു. ഇതരർക്ക് അസുലഭമായ ഈ കുടുംബ സാഹചര്യവും, പ്രത്യേകിച്ചു ജന്മവാസനയും കൊണ്ട്, മൂന്നാം വയസ്സിൽത്തന്നെ ബാലനായ ചെമ്പൈ പാടാൻ തുടങ്ങി. 'ഇവൻ സംഗീതം കൊണ്ട് ലോകത്തെ കീഴടക്കുമെന്ന് ഒരു വലിയ ജ്യോത്സ്യനും കുടുംബസുഹൃത്തുമായിരുന്ന നാരായണപ്പാട്ടാ പ്രവചിച്ചത് പൂർണ്ണമായി ഫലിച്ചു. ബാലന്റെ സ്ഥിരോത്സാഹവും, പഠിക്കണമെന്ന മോഹവും അയാളെ ഉത്തരോത്തരം ഉത്കർഷത്തിലേക്ക് നയിച്ചു. പ്രതിബന്ധങ്ങളോടേറ്റുമുട്ടിയാലും പിന്മാറാത്ത ആ ദൃഢവ്രതത്വമാണ് യുവാവായ ചെമ്പൈ പ്രകടിപ്പിച്ചത്. 'തിരുവാടുതുറൈ അധീന'ത്തിലെ മഠാധിപതിയെകണ്ടതും, അദ്ദേഹം നടത്തിയ കഠിനമായ പരീക്ഷണത്തിൽ വിജയിച്ചതും ചെമ്പൈയുടെ, സംഗീതത്തിലുള്ള അത്ഭുതകരമായ പ്രാവീണ്യത്തിനും ആത്മവിശ്വാസത്തിനും ഉദാഹരണമാണ്.

ചെമ്പൈ, സംഗീതം അഭ്യസിച്ചശേഷം ആദ്യം അരങ്ങേറിയ പൂഴിക്കുന്നം ക്ഷേത്രത്തിൽ വെച്ചാണ് അവസാനത്തെ കച്ചേരിയും നടത്താൻ ഇടയായത്. ഇതിനെ വിധിയുടെ ഒരു വിനോദം എന്നേ പറയാനാവൂ. അന്ന് അദ്ദേഹം നടത്തിയ കച്ചേരി, അസാധാരണമാം വിധം ആകർഷകവുമായിരുന്നു. അണയാൻ പോകുന്ന ദ്വീപത്തിന്റെ പ്രകാശമായിരുന്നു അന്ന് ആ ഗായകശിരോമണിയിൽ സദസ്യർ ദർശിച്ചതെന്ന് പിന്നീടവർക്കുമനസ്സിലായുള്ളൂ. ചെമ്പൈയുടെ സംഗീത സാന്ദ്രമായ ജീവിതത്തിലെ പ്രധാനസംഭവങ്ങളും അനുഭവങ്ങളും അതീവ ഹൃദ്യമായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. അവയോരോന്നും എടുത്തുപറഞ്ഞ് ഈ അവതാരിക ദീർഘിപ്പിക്കുന്നില്ല. 'സംഗീത കലാവല്ലഭന്മാരായ ജയവിജയന്മാർക്ക് സാഹിത്യത്തിലും ഇത്ര വാസനയോ?' എന്ന് ഞാൻ അത്ഭുതപ്പെട്ടുപോയി. അത്രമാത്രം ആകർഷകമാണ് അവ

രുടെ പ്രതിപാദനം. ലളിതവും സരളവുമായ ഭാഷ, ശുദ്ധമായ ശൈലി, നാടകീയമായ അവതരണം. അടുക്കും ചിട്ടയുമനുസരിച്ചുള്ള വിശകലനവും വിശദീകരണവും – എന്നിങ്ങനെ പല കാര്യങ്ങളിലും ഗ്രന്ഥകാരന്മാർ അസൂയാവഹമായ വിജയം കൈവരിച്ചിരിക്കുന്നു. രസകരമായ ഒരു നോവൽ വായിച്ചുപോകുന്നതുപോലെ, അത്യുത്സാഹത്തോടെ ഈ കൃതി മുഴുവൻ ഒറ്റയിരിപ്പിന് അനുവാചകർ വായിച്ചു തീർക്കും.

ചില അധ്യായങ്ങളിലെ പ്രതിപാദനത്തെക്കുറിച്ച് പ്രത്യേകം എടുത്തുപറയാതിരിക്കാൻ വയ്യ. 'ജീവിതത്തിലെ വലിയ ആഘാതം' എന്ന ഭാഗവും, 'അവസാന നിമിഷങ്ങളും' ആണ് അവ. കണ്ണുനീരോടുകൂടിയേ ഈ ഭാഗങ്ങൾ അനുവാചകനും വായിക്കാനാവൂ. അത്രഹൃദയസ്പർശിയായിട്ടുണ്ട് വിവരണം. അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾക്ക് ചെറിയ ഫുട് നോട്ടുകൊടുത്തിരിക്കുന്നത് വായനക്കാർക്ക് വളരെ സഹായകമാണ്.

ചെമ്പൈയേപ്പോലെ മഹാനായ ഒരു വ്യക്തിയുടെ ജീവചരിത്രമെഴുതാൻ ഏതു കൊണ്ടും അർഹത നേടിയവരാണ് ഇതിന്റെ രചയിതാക്കൾ. 'സ്വാതിതിരുനാൾ മ്യൂസിക് അക്കാദമി'യിൽ നാലുവർഷം (1952 -56) പഠിച്ച് 'ഗാനഭൂഷണം' പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്സോടുകൂടി ജയിച്ചശേഷം കുറച്ചുകാലം ആലത്തൂർ ബ്രദേഴ്സിന്റെ കീഴിലും, പിന്നീട് അഞ്ചുവർഷം ഡോക്ടർ എം. ബാലമുരളീകൃഷ്ണയുടെ ശിക്ഷണത്തിലും, അതിൽപ്പിന്നെ പത്തുവർഷം ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ കീഴിൽ ഗുരുകുലവിദ്യാഭ്യാസസമ്പ്രദായത്തിലും അവർ പഠനം നടത്തി. തമിഴ്നാട്ടിൽ മൊത്തം ഇരുപത്തിമൂന്നുകൊല്ലത്തോളം ഈ ഗായകർ പഠിച്ചു താമസിക്കുകയും അനേകം സംഗീതപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. തത്ഫലമായി അനേകം ബഹുമതികളും പാരിതോഷികങ്ങളും അവരെ തേടിയെത്തി. 'നല്ല ശൈമാമണികൾ ' എന്ന ബിരുദം തമിഴ്നാട്ടിൽ അവർക്കുണ്ടായിരുന്ന അംഗീകരണത്തിനു നിദർശനമാണ്. കൂടാതെ 'നാദകലാനിഥി' സേലത്തുനിന്നു ലഭിച്ച 'അയ്യപ്പ ഗാനജ്യോതി' തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് 1972ൽ ലഭിച്ച 'കലാരത്നം' ബഹുമതി, ശബരിമലയിൽ നിന്നു ലഭിച്ച 'സംഗീതകലാനിധി' എന്ന പുരസ്കാരം, ചെമ്പൈയുടെ പാർത്ഥസാരഥിക്ഷേത്രത്തിലെ 75-ാംമത്തെ ഉത്സവത്തോടനുബന്ധിച്ചുലഭിച്ച 'സ്വരലയസംഗീത' എന്ന ബിരുദം മുതലായവ, ജയവിജയന്മാർ കർണ്ണാടക സംഗീതലോകത്തിനു നല്കിയ സംഭാവനകളുടെ പ്രത്യക്ഷസാക്ഷ്യങ്ങളാണ്. ഇവ കൂടാതെ മറ്റനേകം കലാസാംസ്കാരിക സംഘടനകളിൽ നിന്നും പൊന്നാടയും പുരസ്കാരങ്ങളും അവർ നേടിയി

ട്ടുണ്ട്. 1991-ൽ ജയന് കേരള സംഗീതനാടക അക്കാദമിയുടെ അവാർഡും ലഭിക്കുകയുണ്ടായി. ഇങ്ങനെ സർവ്വഥാ യോഗ്യരായ രണ്ടു സംഗീത കലാവിദഗ്ദരാണ് ഈ ഗ്രന്ഥത്തിന്റെ നിർമ്മാണം നിർവ്വഹിച്ചിട്ടുള്ളത്.

'കുറേ ശ്ലഥസ്മരണകൾ' എന്ന ശീർഷകത്തിലുള്ള അധ്യായങ്ങളും വായിച്ചുകഴിയുമ്പോൾ, ചെമ്പൈയെപ്പറ്റിയുള്ള സമഗ്രവും സജീവവുമായ ഒരവബോധം അനുവാചകരിൽ ഉളവാകാതിരിക്കയില്ല. ജയവിജയന്മാരുടെ മഹത്തായ ഈ രചനക്ക് ഒരവതാരിക എഴുതണമെന്ന് ശ്രീ. ജയൻ എന്നോടാവശ്യപ്പെട്ടതും ഗുരുവായൂരപ്പന്റെ നിയോഗമാണന്ന് ഞാൻ കരുതുന്നു. ഈ ഗ്രന്ഥം സംഗീത പ്രേമികൾക്ക് ഒരമൂല്യ നിധിയായി സൂക്ഷിക്കുവാൻ ഉതകുമെന്നുള്ള വിശ്വാസത്തോടെ, ഇതിനെ സഹൃദയരായ കലാ പ്രേമികളുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കട്ടെ.

പ്രൊഫ . അമ്പലപ്പുഴ രാമവർമ്മ.

ശ്രീനിലയം

കോട്ടയം

ഗുരുവായൂർ ഏകാദശി സംഗീതോത്സവം

ഗുരുവായൂർ ഏകാദശിയോടനുബന്ധിച്ച് നടന്നുവരുന്ന ചെമ്പൈ സംഗീതോത്സവത്തെപ്പറ്റി ചെറിയൊരു ലേഖനം എന്നോട് ആവശ്യപ്പെട്ടുകൊണ്ട് ദേവസ്വം മാനേജിങ്ങ് കമ്മറ്റിയുടെ കത്ത് കിട്ടിയതനുസരിച്ചാണ് ഈ കുറിപ്പ് തയ്യാറാക്കി അയക്കുന്നത്. ഇതിനു സന്ദർഭം ഒരുക്കിത്തന്ന ദേവസ്വം മനേജിങ്ങ് കമ്മറ്റി അംഗങ്ങൾ, ദേവസ്വം സ്റ്റാഫ് എന്നിവരോട് ആദ്യമേ നന്ദി പ്രകാശിപ്പിക്കുന്നു.

അച്ഛൻ ചെമ്പൈ വൈദ്യനാഥഭാഗവതർ അദ്ദേഹത്തിന്റെ പതിനെട്ടാമത്തെ വയസ്സിൽ (1914ൽ) ഗുരുവായൂർ ഏകാദശി നാളിൽ ഗുരുവായൂരിലെത്തുകയും ഭഗവാനെ സംപ്രീതനാക്കുവാൻ തിരുസന്നിധിയിലിരുന്ന് ഏറെ നേരം പാടുകയും ചെയ്തു. ദക്ഷിണേന്ത്യയിലെ സംഗീതജ്ഞർക്കിടയിൽ ചെമ്പൈ ശ്രദ്ധേയനാവുന്ന കാലം കൂടിയായിരുന്നു ഈ സന്ദർഭം. ഗുരുവായൂരപ്പന്റേയും ഏകാദശിയുത്സവത്തിന്റേയും മാഹാത്മ്യം കർണ്ണാടകം, തമിഴ്നാട് ദേശങ്ങളിലെ അക്കാലത്തെ പേരെടുത്ത സംഗീതജ്ഞരെ കൂടിക്കാഴ്ചക്കിടെ ചെമ്പൈ ധരിപ്പിക്കുകയും അവരെ ഗുരുവായൂർക്ക് ക്ഷണിക്കുകയും അവരുടെ കൂടി സാന്നിദ്ധ്യം ഉണ്ടായപ്പോൾ ദശമി ഏകാദശി നാളുകളിലായി സംഗീതാരാധന വിപുലപ്പെടുത്തുകയും ചെയ്തു. ഓരോ വർഷം കടന്നുപോവുമ്പോഴും കൂടുതൽ സംഗീതവിദ്വാന്മാർ ഗുരുവായൂരിൽ നാദാർച്ചനക്കായി എത്തിതുടങ്ങി. സംഗീതോത്സവം മൂന്നുദിവസമായി മാറി.

വിദൂരസ്ഥലങ്ങളിൽനിന്നുമെത്തുന്ന ആർട്ടിസ്റ്റുകൾക്ക് ഭക്ഷണം താമസം തുടങ്ങി പ്രാഥമിക സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ട ബാദ്ധ്യതയും ഭാഗവതർ ഏറ്റെടുത്തു. ഇതിനായി പടിഞ്ഞാറെ നടയിൽ ചെമ്പൈ സ്വന്തമായി ഒരു വീട് മേടിച്ചു. തന്റെ അമ്മാവന്റെ മകനും ദേവസ്വം ജീവനക്കാരനുമായ പി. എ. വൈദ്യനാഥയ്യരേയും കുടുംബത്തേയും അവിടെ താമസിപ്പിച്ചു. സംഗീതജ്ഞർക്കുള്ള താമസം, ഭക്ഷണം എന്നിവ നല്കുന്നതിന് ഇവരെ ചുമതലപ്പെടുത്തി. ഇക്കാലത്ത് സാമൂതിരിപ്പാടിന്റെ സേവകൻ ചെമ്പൈയുടെ അമ്മാവനായ അനന്തകൃഷ്ണഭാഗവതരായിരുന്നു. ഇദ്ദേഹത്തിന്റെ ശുപാർശ പ്രകാരം മുകളിൽ സൂചിപ്പിച്ച അനുബന്ധചിലവുകൾക്ക് 25 രൂപ സഹായധനം ഓർഡറാക്കി പാടാനെത്തുന്നവർക്ക് പ്രസാദം കൊടുക്കുന്നതിന് ഒരിടങ്ങഴി നല്ലെണ്ണയും, ഒരു ഉരുള കളഭവും ഏർപ്പാടാക്കി.

1974 ഒക്ടോബർ മാസത്തിലാണ് അച്ഛന്റെ മരണം സംഭവിക്കുന്നത്. അന്നത്തെ ദേവസ്വം ഭരണസമിതിക്ക് ഏകാദശി സംഗീതോത്സവം എങ്ങനെ തുടർന്നും നടത്തണം എന്നതുസംബന്ധിച്ച് ദീർഘവീക്ഷണമോ, കാഴ്ചപ്പാടൊ ഉണ്ടാവാത്തതിൽ അത്ഭുതപ്പെടാനില്ല. ചില ആളുകൾ അന്നത്തെ അഡ്മിനിസ്ട്രേറ്റർ കുറുപ്പദ്ദേഹത്തെ ചെന്നു കണ്ട് മദിരാശിയിലെ തമിഴന്മാർ നടത്തുന്ന ത്യാഗരാജവിദ്വൽസമാജത്തെ ഏല്പിക്കുന്നത് നന്നായിരിക്കും എന്നുപദേശിച്ചു. ഭാഗവതരുടെ ദത്തുപുത്രൻ എന്ന നിലയിൽ എനിക്കും ഭാഗവതരുടെ മരുമകൻ ചെമ്പൈ നാരായണനും അറിയുന്നതിനും, നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും കുറുപ്പ്സാർ കത്തെഴുതി. ഉത്സവം പതിവുപോലെ നടത്തുന്നതിന് ഞങ്ങൾ നേരിട്ടുവരാമെന്നും ഭാഗവതരുടെ പ്രധാനശിഷ്യനായ പൂമുള്ളി രാമൻ നമ്പൂതിരിപ്പാടിനെ സംഗീതോത്സവത്തിന്റെ ചാർജ്ജ് ഏല്പിക്കുന്നത് ഉചിതമാവുമെന്നും ഞങ്ങൾ അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു. അഡ്മിനിസ്ട്രേറ്ററുടെ അഭ്യർത്ഥന രാമൻനമ്പൂതിരിപ്പാട് സസന്തോഷം സ്വീകരിച്ചു. സംഗീതാരാധനക്കെത്തുന്ന കലാകാരൻമാർക്ക് ഭക്ഷണം താമസം എന്നിവ നൽകുന്നതിന് ദേവസം ഭരണസമിതി തീരുമാനമെടുത്തു. ബാലാരിഷ്ടതകൾ താണ്ടി സംഗീതോത്സവം സജീവമായിത്തുടങ്ങി. പാടാനുള്ളവരുടെ തിരക്ക് ഓരോ വർഷം കഴിയുമ്പോഴും ഗണ്യമായി വർദ്ധിച്ചുതുടങ്ങി. 1974ലെ സംഗീതോത്സവം ചെമ്പൈ സംഗീതോത്സവമായി നാമകരണം ചെയ്യപ്പെട്ടു. സുഗമമായ നടത്തിപ്പിന് ഒരു സബ്കമ്മിറ്റിയെ തിരഞ്ഞെടുത്തു. സബ്ബ്കമ്മിറ്റിയും ദേവസ്വം മാനേജിങ്ങ് കമ്മറ്റി മെമ്പർമാരും ചേർന്ന് വളരെ ഗംഭീരമായ തോതിൽ ഇത് നടത്തുവാൻ തുടങ്ങി. കഴിഞ്ഞ ഏതാനും വർഷങ്ങളായി 13 ദിവസങ്ങൾ സംഗീതോത്സവം ആഘോഷിക്കുന്നു. ആർട്ടിസ്റ്റുകളുടെ എണ്ണത്തിലും സംഗീതാർച്ചനയുടെ ദൈർഘ്യവും പരിശോധിച്ചാൽ ഇത്തരത്തിൽ ഒരു സംഗീതോത്സവം നമ്മുടെ രാജ്യത്ത് മറ്റെവിടെയെങ്കിലും നടക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു.

വരും വർഷങ്ങളിലും ചെമ്പൈ സംഗീതോത്സവം വിപുലമായ തോതിൽ ആഘോഷിക്കാനിടവരുത്തട്ടെ എന്ന് ആശിക്കുകയും ആയതിലേക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതിന്റെ പുറകിൽ പ്രവർത്തിക്കുന്ന മുഴുവൻ പേരെയും ഭഗവാൻ അനുഗ്രഹിക്കട്ടെ !

ചെമ്പൈ ശ്രീനിവാസൻ

(ലേഖകൻ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ദത്തുപുത്രൻ ചെമ്പൈ ശ്രീനിവാൻ സംഗീതോത്സവ സബ്ബ്കമ്മറ്റി അംഗം കൂടിയാണ്. മദിരാശിയിലുള്ള സാന്തോമിലാണ് താമസം.)

പ്രസ്താവന

എല്ലാ കലകളുടേയും ആത്യന്തികമായ ലക്ഷ്യം പരമമായ നിർവൃതി – ആനന്ദാനുഭൂതി – പ്രദാനം ചെയ്യലാണ്. ആപാദമധുര മായ സംഗീതത്തിന്, അനായാസമായി ഉപാസകനെ നിർവൃതിയുടെ ഉദാത്ത മേഖലയിലേക്ക് ഉണർത്താൻ സവിശേഷമായ കഴിവുണ്ട്. കേവലമായ നാദോപാസനയിലൂടെ ബ്രഹ്മസാക്ഷാല്ക്കാരം നേടിയ. ഋഷി തുല്യരായ പ്രശസ്ത ഗായകരുടെ ഒരു നിരതന്നെ നമ്മുടെ ഭൂത കാലത്തെ പ്രദീപ്തമാക്കിക്കൊണ്ടിരിക്കുന്നു. ആ പരമ്പരയിൽപ്പെട്ട ഒരു ദീപ്ത നക്ഷത്രമായിരുന്നു. നമ്മുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന അഭി നവ നാദബ്രഹ്മം എന്നറിയപ്പെടുന്ന ശ്രീ ചെമ്പൈ വൈദ്യനാഥഭാഗ വതർ.

ചെമ്പൈയും ഗുരുവായൂരപ്പനും തമ്മിൽ അഭേദ്യമായ ഒരു ബന്ധവിശേഷമുണ്ട്. ഒരു കാലഘട്ടത്തിൽ തന്റെ തൊണ്ടയിൽ തകർന്നുപോകുമായിരുന്ന നാദവൈഖരിയെ, 'മുരളീഗാനമധുരമുഖ നായ' കലാലോലുപൻ ഉയർത്തിയെടുത്ത കഥ ചെമ്പൈയുടെ ജീവി തത്തിലെ നിർണ്ണായകമായ വഴിത്തിരിവായിരുന്നു. അന്നുമുതൽ ചെമ്പൈയുടെ രക്ഷകൻ ഗുരുവായൂരപ്പനായി. തന്റെ സംഗീതം, എന്ന തിന്, ജീവിതം തന്നെയും ആ അഭൗമതേജസ്സിന്റെ അത്ഭുതകഥകൾ പ്രകീർത്തനം ചെയ്യാനല്ലെങ്കിൽ പിന്നെയെന്തിന് എന്ന് അദ്ദേഹം കരുതി. ഭാരതത്തിലെ വിവിധങ്ങളായ സംഗീതമേളകളിൽ യഥാർത്ഥ ത്തിൽ അദ്ദേഹത്തിന്റെ ഗാനങ്ങൾക്ക് താളം പകർന്നത് ആ വേണുഗാ നത്തിന്റെ രാഗലഹരിയായിരുന്നു. അതുകൊണ്ട് വിശ്വമോഹനമായ ആ പ്രപഞ്ചസംഗീതത്തിന്റെ താളമേളങ്ങളായിരുന്നു ആ നാദപ്രവാഹ ത്തിൽ അലകൾ ഇളക്കിയത്.

ഇതുകൊണ്ടെല്ലാം ഗുരുവായൂരപ്പനുമായി സാത്മ്യം പ്രാപിച്ച ഭക്താഗ്രണിയായിട്ടാണ് ചെമ്പൈ അറിയപ്പെടുന്നത്. ഭഗവദാരാധന ജീവിതവൃത്തിയായി കണ്ട ചെമ്പൈ തന്റെ സംഗീതം അതിനുള്ള മഹ ത്തായ ഉപാധിയാക്കി. അദ്ദേഹം ഗുരുവായൂർ ഏകാദശിയോടനുബ ന്ധമായി തുടങ്ങിവച്ച ആ നാദോപാസന, അദ്ദേഹം കാലയവനികയ്ക്കു ള്ളിൽ മറഞ്ഞ 1974 മുതൽ ചെമ്പൈ സ്മാരക സംഗീതമേളയായി ഗുരു വായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ പുതുരൂപം കൊള്ളുകയു ണ്ടായി.

ചെമ്പൈ സ്മാരക സംഗീതോത്സവത്തിന്റെ രജതജൂബിലി വർഷമാണിത്. ഈ വേളയിൽ "ചെമ്പൈ – സംഗീതവും ജീവിതവും"

എന്നൊരു കൃതി ദേവസം പ്രസാധനം ചെയ്യുകയാണ്. ചെമ്പൈയുടെ ശിഷ്യരും പ്രസിദ്ധ സംഗീതജ്ഞരുമായ ജയവിജയന്മാർ 1981-ൽ പ്രസിദ്ധീകരിച്ചതാണ് പ്രസ്തുത ഗ്രന്ഥം. ആ ഗ്രന്ഥം പുനപ്രസാധനം ചെയ്യുന്നതിനുള്ള എല്ലാ അവകാശങ്ങളും ദേവസ്വത്തിന് കൈമാറിയ ആ സംഗീതജ്ഞരോട്, കുടുംബത്തോട്, ദേവസ്വത്തിനുള്ള കൃതജ്ഞത നിസ്സീമമാണ്. ഈ ഗ്രന്ഥത്തിന് വിജ്ഞേയമായ അവതാരിക എഴുതി തന്ന പ്രൊ. അമ്പലപ്പുഴ രാമവർമ്മയോടും ഗ്രന്ഥനിർമ്മാണത്തിന് വേണ്ട പ്രവൃത്തികൾ സശ്രദ്ധം ചെയ്തുതന്ന "ചിന്താമണി ഓഫസെറ്റ് പ്രിന്റേഴ്സ്, പൂത്തോൾ" എന്ന സ്ഥാപനത്തോടും ഞങ്ങൾ കൃതജ്ഞരാണ്.

ചെമ്പൈയുടെ ആരാധക സഹസ്രങ്ങളിൽ ഓർമ്മയുടെ നെയ്ത്തിരി കൊളുത്തുവാൻ ഈ കൃതി സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗുരുവായൂർ, **ഗുരുവായൂർ ദേവസ്വം ഭരണസമിതി.**

12/10/99

ഉള്ളടക്കം

ഭാഗം ഒന്ന് : ജീവിതസംഗീതം

ബാല്യകാലം	27
ചെമ്പൈ സഹോദരന്മാർ	31
നടേശശാസ്ത്രികൾ	36
തിരുവാടുതുറൈ ആധീനം	41
ചൗഡയ്യയും പാലക്കാട്ടു മണിഅയ്യരും	48
മൈസൂർ ആസ്ഥാനവിദ്വാൻ	49
ജീവിതത്തിലെ വലിയ ആഘാതം	51
റിക്കോർഡുകളും സിനിമയും	53
സിനിമ	54
സംഗീത ഷഷ്ഠ്യബ്ദപൂർത്തി.	55
പത്മഭൂഷൺ	55
അവസാന നിമിഷങ്ങൾ	56
മീനാക്ഷിയമ്മയുടെ നിര്യാണം	60
ചെമ്പൈ കുടുംബം ഇന്ന്	61
സഹപ്രവർത്തകരും ശിഷ്യന്മാരും	62.

ഭാഗം രണ്ട് : കുറെ ശ്ലഥസ്മരണകൾ

ചെമ്പൈയുടെ ഒരു ദിവസം	67
നാഗപ്പൂർ യാത്ര	72
ശുദ്ധിചെയ്തു ബ്രാഹ്മണരാക്കി	73
ഈശ്വര കാരുണ്യം	74
ഒരിക്കലും തകരാത്ത ആത്മധൈര്യം	75
തഞ്ചാവൂർ റെയിൽവേ സ്റ്റേഷൻ	77
നക്ഷത്ര ദീപങ്ങൾ തിളങ്ങി	78
കോയമ്പത്തൂർ പുരന്ദര ദാസ ഉത്സവം	80
ശബരിമലയാത്ര	82
യേശുദാസും ചെമ്പൈയും	84
ഉദയാസ്തമനപൂജ	87
യമനുമായുള്ള വാഗ്വാദം	88
ചെമ്പൈ സംഗീതോത്സവം	89
സ്വർഗ്ഗാരോഹണം	91

ഭാഗം ഒന്ന്

ജീവിത സംഗീതം

പാലക്കാട്ടുള്ള കല്പാത്തിഗ്രാമം. അവിടെ ശേഖരീപുരം വിശ്വനാഥയ്യർ എന്നൊരാൾ പോസ്റ്റുമാസ്റ്ററായി ജോലി ചെയ്തിരുന്നു. വിശ്വനാഥയ്യരുടെ മകളുടെ വിവാഹം അതിഗംഭീരമായ ആഘോഷത്തോടെയാണ് നടന്നത്. വിവാഹച്ചടങ്ങുകൾക്കു ഭംഗി കൂട്ടാൻ ഒരു സംഗീതക്കച്ചേരിയുമുണ്ടായിരുന്നു.

പോസ്റ്റുമാസ്റ്ററുടെ വീട്ടിലെ സംഗീതക്കച്ചേരി കേൾക്കാൻ വലിയൊരു സദസ്സാണുണ്ടായിരുന്നത്. നാദവീചികൾ സൃഷ്ടിച്ച പ്രപഞ്ചം. അവിടെ സദസ്യർ സ്തബ്ധരായി സംഗീതത്തിലലിഞ്ഞു ചേർന്നു.

ഇടയ്ക്ക്, സദസ്യരിൽ ഒരാൾ ഭാഗവതർ 'എവറെണി' * ഒന്നു പാടിക്കേൾക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. ഭാഗവതർ പറഞ്ഞു:

'എനിക്ക് ആ കീർത്തനമറിയാം. പക്ഷേ, അത് ശരിയായ രീതിയിൽ മുറയനുസരിച്ച് പാടിയാൽ ചിലപ്പോൾ മഴപെയ്തെന്നുവരും.'

ഇതു കേട്ടപ്പോൾ എല്ലാവരും ആശ്ചര്യത്തോടെ, അവിശ്വാസ്യതയോടെ പരസ്പരം നോക്കി. ചിലർ ഉറക്കെ ചിരിച്ചു. കല്യാണത്തിന് സാധാരണ മട്ടിലുള്ള വിരിപന്തൽ മാത്രമേ ഇട്ടിരുന്നുള്ളൂ. പന്തലിനകത്തും പുറത്തും ധാരാളം ആളുകൾ ഇരിപ്പുണ്ട്. മഴ പെയ്താൽ എല്ലാവരും നനയുമെന്നു തീർച്ച. പക്ഷേ, ഭാഗവതരുടെ അഭിപ്രായത്തോട് യോജിക്കാൻ അവർ തയ്യാറായില്ല. ആകാശത്തെങ്ങും ഒരു തുണ്ടു കാർമേഘംപോലും കാണാനില്ലായിരുന്നു. പിന്നെന്തിന് മഴയെ ഭയപ്പെടണം? മഴ പെയ്യട്ടെ, പെയ്യുന്നതൊന്ന് കാണാമല്ലോ എന്നായി ചിലർ. ചുരുക്കം പേർ മാത്രം മഴപെയ്താൽ കഷ്ടമാകുമല്ലോ എന്നു പറഞ്ഞു. മഴ പെയ്താലും ഇല്ലെങ്കിലും ഭാഗവതർ എവറെണി പാടട്ടെ എന്നു ഭൂരിപക്ഷമാളുകളും അഭിപ്രായപ്പെട്ടു.

ഭാഗവതർ ഒരു ചെറുചിരിയോടെ തൊട്ടടുത്തിരുന്ന അനുജനെ നോക്കി. എന്നിട്ട് രാഗം ആലപിക്കാൻ തുടങ്ങി. രാഗപ്രവാഹത്തിന്റെ തീക്ഷ്ണതയിൽ അതിന്റെ സ്വർഗ്ഗീയസുഖത്തിൽ സദസ്യർ സ്വയം മറന്നു. പരിസരം മറന്നു. എല്ലാമെല്ലാം മറന്നു. അതെ, പുറത്തു

---

* പ്രസിദ്ധമായ ത്യാഗരാജ കൃതി

ശക്തിയായ മഴ ! ഞൊടിയിടയിലുണ്ടായ ഇടിമുഴക്കമാണ് അവരെ ആ അതീന്ദ്രിയാവസ്ഥയിൽനിന്നും ഉണർത്തിയത്. മഴയുടെ ആധിക്യത്താൽ പാട്ടുകച്ചേരി നിർത്തേണ്ടിവന്നു. 'ഉറക്കെ പാടരുത്, മഴ പെയ്യും' എന്നു നാം പറയുക സാധാരണമാണല്ലോ. ഇതു വെറുമൊരു തമാശയല്ല. കാര്യമാണ്. അക്ബർ ചക്രവർത്തിയുടെ സദസ്സിൽവച്ച് പ്രസിദ്ധ സംഗീതജ്ഞനായ താൻസാൻ പാട്ടുപാടി കരിങ്കല്ല് അലിയിച്ചതായി ചരിത്രം പറയുന്നു. ദക്ഷിണേന്ത്യൻ സംഗീത സാമ്രാജ്യത്തിലെ ത്രിമൂർത്തികളിലൊരാളായ മുത്തുസ്വാമിദീക്ഷിതർ വെള്ളം കിട്ടാതെ ഉണങ്ങിവരണ്ടു കിടന്ന ഒരു സ്ഥലത്ത് അമൃതവർഷിണിരാഗം പാടി മഴ പെയ്യിച്ച കഥയും പ്രസിദ്ധമാണല്ലോ.

ഇവിടെ കല്പാത്തിഗ്രാമത്തിൽ പാട്ടുപാടി മഴ പെയ്യിച്ചത് യശശ്ശരീരനായ സംഗീതചക്രവർത്തി ചെമ്പൈ വൈദ്യനാഥഭാഗവതരാണ് – 1928-ൽ

ബാല്യകാലം

പാലക്കാട്ടു ജില്ലയിലെ ഒരു കൊച്ചുഗ്രാമമാണു ചെമ്പൈ. കഷ്ടിച്ച് അമ്പതോളം കുടുംബക്കാർ മാത്രമേ ചെമ്പൈഗ്രാമത്തിലുള്ളു. അവരിൽ അഞ്ഞൂറു വർഷത്തെ സംഗീതപാരമ്പര്യമുള്ള ഒരു കുടുംബത്തിലാണ് വൈദ്യനാഥഭാഗവതരുടെ ജനനം. 1896 സെപ്തംബർ 14ന് (ഭരണി നക്ഷത്രം). ദക്ഷിണേന്ത്യയിൽ സുപ്രസിദ്ധനായിത്തീർന്ന ഘനചക്ര താനാ സുബ്ബയ്യരുടെ * പുത്രൻ അനന്തഭാഗവതരായിരുന്നു പിതാവ്. മാതാവ് പാർവതി അമ്മാളും. കുട്ടിയുടെ ജനനസമയത്തു അനന്തഭാഗവതരുടെ ഒരു കുടുംബസുഹൃത്തുകൂടിയായ നാരായണപ്പാട്ടാ എന്നൊരു വൃദ്ധനായ ജ്യോത്സ്യൻ അവിടെയുണ്ടായിരുന്നു. ജനനസമയം ഗണിച്ചുനോക്കിയ പാട്ടാ പ്രവചിച്ചത് ഇവൻ സംഗീതം കൊണ്ട് ലോകത്തെ കീഴടക്കുമെന്നാണ്. സംഗീതം ഒരുകുടുംബപാരമ്പര്യമായി സ്വീകരിച്ചുപോന്ന അനന്തഭാഗവതർക്കും മറ്റ് അംഗങ്ങൾക്കും ഈ പ്രവചനം അതിരുകവിഞ്ഞ ആഹ്ളാദവും പ്രതീക്ഷയുമുണ്ടാക്കി. കുട്ടിയുടെ വളർച്ച കുറിക്കുന്ന ഓരോ ദിവസവും ഈ പ്രവചനം ശരിയാണെന്ന് തെളിയിച്ചു.

കൈക്കുഞ്ഞായിരുന്നപ്പോൾതന്നെ സംഗീതത്തോട് സവിശേഷമായ ആസക്തി പ്രകടിപ്പിച്ചിരുന്നു. അച്ഛൻ അനന്തഭാഗവതർ തംബുരു ശ്രുതിമീട്ടുമ്പോൾ നീന്തിത്തുടിച്ച് അച്ഛന്റെ അടുത്ത് ചെന്ന് സംഗീതം ശ്രദ്ധിച്ചുകൊണ്ടിരിക്കും . അച്ഛൻ പാടുകയാണെങ്കിൽ ആ പാട്ടിൽ ലയിച്ചിരിക്കുകയും ചെയ്തിരുന്നു.

1898-ൽ വൈദ്യനാഥന് ഒരു അനുജൻ പിറന്നു. കുട്ടിക്ക് അന

---

* ഒരു നൂറ്റമ്പതു കൊല്ലം മുമ്പ് ജീവിച്ചിരുന്ന സുബ്ബയ്യർ താനം പാടുന്നതിൽ പ്രസിദ്ധനായിരുന്നു. സാധാരണഗതിയിൽ താനം പാടുക വലിയ സംഗീതവിദ്വാന്മാർക്കുപോലും അസാദ്ധ്യമാണ്. പാട്ടുകാരന്റെ ജ്ഞാനം, ശാരീരം, മനോധർമ്മം, സംഗീതം, ബാണി (തഞ്ചാവൂർ സംഗീത സംസ്കാരം) ഇവയെല്ലാം ഒത്തുചേർന്നെങ്കിൽ മാത്രമേ താനം പാടി ഫലിപ്പിക്കാൻ കഴിയൂ. താനത്തിലുള്ള പ്രാഗത്ഭ്യം സുബ്ബയ്യാഭാഗവതർക്ക് 'ഘനചക്രതാനാ സുബ്ബയ്യർ' എന്ന പേര് നേടിക്കൊടുത്തു.

ന്തഭാഗവതർ 'സുബ്രഹ്മണ്യം'[1] എന്നാണ് പേരിട്ടത്. ഈ കൊച്ചനുജനും സംഗീതപ്രിയനായിരുന്നു.

വൈദ്യനാഥഭാഗവതർക്ക് [2] മൂന്നു വയസ്സുള്ളപ്പോൾതന്നെ മകനെ സംഗീതം പഠിപ്പിക്കാനാരംഭിച്ചു. കുലദൈവമായ പാർത്ഥസാരഥിക്ക് നേർച്ചയും വഴിപാടുകളും അർപ്പിച്ചുകൊണ്ട്. അഞ്ചുവയസ്സിലാണല്ലോ കുട്ടികളെ എഴുത്തിനിരുത്തുക. വൈദ്യനാഥനെയും അഞ്ചുവയസ്സിലാണ് ഗ്രാമത്തിലെ കുടിപ്പള്ളികൂടത്തിൽ എഴുത്തിനിരുത്തിയത്. എന്നാൽ, അതിന് രണ്ടു വർഷം മുമ്പുതന്നെ മകനെ സംഗീതം അഭ്യസിപ്പിച്ചു തുടങ്ങിയിരുന്നു.

സംഗീതപാഠങ്ങൾ ഗ്രഹിക്കാനുള്ള പാടവം അത്ഭുതാവഹമായിരുന്നു. പീഠത്തിലിരുന്ന് അച്ഛൻ ശ്രുതിമീട്ടും. എതിരെ ഇരിക്കുന്ന മകൻ അത് കാതുകൂർപ്പിച്ച് കേട്ടു കൊണ്ടിരിക്കും. ഒന്നു രണ്ടു പ്രാവശ്യം മാത്രം ചെറിയതോതിൽ പാടിനോക്കിയശേഷം ആ മൂന്നുവയസ്സുകാരൻ അച്ഛനോടൊപ്പം ശ്രുതിയിൽ ചേർന്നു പാടുകയും ചെയ്തിരുന്നു.

സ-പ-സ പല പ്രാവശ്യം പാടിച്ചു. കേട്ടുനിന്നവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് കൊച്ചുഭാഗവതർ എത്ര വേഗത്തിൽ പഠിച്ചു ഭംഗിയായി പാടിയെന്നോ ! തുടർന്നു പഠിപ്പിച്ച സരളിവരിശകളും [3] ഇതുപോലെതന്നെ ഏറ്റുപാടി. സംഗീതാഭ്യസനം കുട്ടിയുടെ ഒരു ദൈനംദിന പരിപാടിയായിത്തീർന്നു.

വെറും കൊച്ചുകുഞ്ഞല്ലേ, ഇതൊക്കെ എങ്ങനെ പഠിക്കും ? അനന്തഭാഗവതർ ശങ്കിച്ചു. പക്ഷേ, കൊച്ചുഭാഗവതർക്കു യാതൊരു കൂസലുമില്ലായിരുന്നു. ക്രമേണ ശ്രുതിമീട്ടി,

അതിൽ ശരീരം നിർത്തി സ്വരവരിശകൾ, സ്ഥാനഭേദങ്ങൾ ഇവ തെറ്റുകൂടാതെ പല പ്രാവശ്യം പാടി ഉറപ്പിക്കുകയായി, രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ പാടിപ്പാടി സ്വരസ്ഥാനങ്ങൾ നന്നായി ഉറപ്പിച്ചു.

---

1. പിൽക്കാലത്ത് ചുപ്പാമണിഭാഗവതർ എന്ന പേരിൽ അറിയപ്പെട്ടു.
2. ഭാഗവതർ എന്നത് കുടുംബത്തിന്റെ സ്ഥാനപ്പേരാണ്. കുടുംബത്തിലെ കൊച്ചുകുട്ടിയെപ്പോലും ഭാഗവതർ എന്നുവിളിക്കുന്നു.
3. സംഗീതാഭ്യസനത്തിലെ പ്രാഥമിക പാഠം.

ഒരു നിശ്ചിത സമയത്തു മാത്രമേ അനന്തഭാഗവതർ പാടുകയും വയലിൻ വായിക്കുകയും ചെയ്യു. ശിഷ്യന്മാരെ സംഗീതം അഭ്യസിപ്പിക്കുന്നതിനും പ്രത്യേക കാലം അഥവാ സമയമുണ്ടായിരുന്നു. കൊച്ചു ഭാഗവതരാകട്ടെ, വെളുപ്പാൻ കാലത്ത് അച്ഛനോടൊപ്പം ഉണരും. അച്ഛൻ പ്രഭാതകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമയത്ത് ഉറക്കെ പാടി സാധകം ചെയ്യും. മകൻ സാധകം ചെയ്യുന്നത് അദ്ദേഹം ശ്രദ്ധിക്കുന്നുണ്ടാവും. എന്തെങ്കിലും അപസ്വരമുണ്ടായാൽ അപ്പോൾത്തന്നെ തെറ്റുതിരുത്തിക്കൊടുക്കുകയും ചെയ്യുമായിരുന്നു.

ശബ്ദം ക്രമീകരിക്കുന്നതിനുള്ള അഭ്യാസമുറയാണ് സാധകം. നാം വിചാരിക്കുന്ന രീതിയിൽ നമ്മുടെ ശബ്ദം വഴങ്ങിക്കിട്ടണമല്ലോ. നാമുദ്ദേശിക്കുന്നതുപോലെ ഉപയോഗിക്കത്തക്ക വിധം ശബ്ദത്തെ സ്വായത്തമാക്കാൻ നിരന്തരമായ പരിശീലനത്തിലൂടെ – സാധകത്തിലൂടെ മാത്രമേ സാധിക്കൂ. വൈദ്യനാഥന്റെ ശാരീരത്തിനു യാതൊരു കോട്ടവും ഇല്ലായിരുന്നു. എല്ലാ ദിവസവും സാധകം ചെയ്തിരുന്നതിനാൽ ഏതു ബ്രിഗാകളും * അനായാസമായി പാടിത്തുടങ്ങി.

ഒരിക്കൽ അക്കാലത്തെ ഒരു പ്രശസ്ത സംഗീതവിദ്വാനായ ശിവരാമകൃഷ്ണഭാഗവതർ അനന്തഭാഗവതരെ കാണാൻ ചെമ്പൈയിലെത്തി. ശിവരാമകൃഷ്ണ ഭാഗവതർ വീട്ടിലേക്കു കയറിവരുമ്പോൾ 'കൊച്ചുഭാഗവതർ' എല്ലാം മറന്നു സാധകം ചെയ്യുകയായിരുന്നു. കുട്ടിയുടെ ശാരീരവും പാട്ടും ശിവരാമകൃഷ്ണഭാഗവതരെ ഹഠാദാകർഷിച്ചു. അദ്ദേഹം മറഞ്ഞുനിന്ന് ആ കൊച്ചു കുട്ടിയുടെ പാട്ടു കേട്ടുകൊണ്ടിരുന്നു. ഭാഗവതർക്കുണ്ടായ ആശ്ചര്യത്തിനതിരില്ലായിരുന്നു.സാധകം ചെയ്തു കഴിഞ്ഞപ്പോൾ കുഞ്ഞിനെ വാരിയെടുത്തുമ്മവെച്ചു; ദീർഘായുഷ്മാനായിരിക്കട്ടെ എന്നനുഗ്രഹിച്ചു. എന്നിട്ടു അനന്തഭാഗവതരെ വിളിച്ച് ഇങ്ങനെ പറഞ്ഞു:

അനന്താ ! സിംഹക്കുട്ടി പിറന്നാലുടൻ അവന്റെ സ്വഭാവം കാണിക്കുന്നു. അവൻ ഗർജ്ജിക്കും. ഇവൻ ഒരു സിംഹക്കുട്ടി തന്നെ!

---

* പാടുമ്പോഴുണ്ടാകുന്ന ശബ്ദത്തിന്റെ തരംഗങ്ങൾ ; സ്വരസഞ്ചാരം അകാരത്തിലുള്ളവ.

.ഇവനു ജന്മനാ നല്ല സംഗീതജ്ഞാനമുണ്ട്, പാടാനുള്ള ഉത്സാഹവും ഒട്ടും കുറവല്ല. ഇവനു ഭാവിയിൽ കർണ്ണാടകസംഗീതത്തിൽ ഉന്നതമായ സ്ഥാനം ലഭിക്കും, തീർച്ച. ദൈവാനുഗ്രഹമുള്ള ഒരു അപൂർവജന്മമാണിവന്റേത്. അനന്താ! നീ ഭാഗ്യവാനാണ്.'

അത്യന്തം കർശനമായ അഭ്യസനരീതിയായിരുന്നു അനന്ത ഭാഗവതരുടേത്. താൻ ചൊല്ലിക്കൊടുക്കുന്ന സംഗീതപാഠങ്ങൾ ഹൃദിസ്ഥമാക്കുകയും നന്നായി പാടുകയും ചെയ്യണമെന്നത് വളരെ നിർബ്ബന്ധമുള്ള കാര്യമായിരുന്നു. പഠിപ്പിക്കുന്ന സമയത്ത് ഭാഗവതരുടെ കൈയിൽ ഒരു ഉരുള ചാണകമുണ്ടായിരിക്കും. അത് കൈയിലിട്ട് തട്ടിക്കൊണ്ടുമിരിക്കും. പഠിപ്പിക്കുന്നതിനിടയിൽ മകനു മുന്നറിയിപ്പു കൊടുത്തിരുന്നു.

'എടാ, ശരിക്കു പഠിച്ചേക്കണം, പറഞ്ഞുതരുന്നത് അപ്പാടെ പഠിക്കണം. അല്ലെങ്കിൽ നിന്റെ വായിൽ ഈ ചാണകമിട്ടെന്നിരിക്കും.*

സംഗീതപഠനത്തോടൊപ്പം സ്കൂളിൽ പഠിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ അനന്തഭാഗവതർ ചെയ്തു. എന്നാൽ സ്കൂൾവിദ്യാഭ്യാസം തുടക്കത്തിൽ തന്നെ അവസാനിപ്പിക്കേണ്ടി വന്നു. ഗ്രാമത്തിലെ മറ്റു സഹപാഠികളോടൊത്തു വൈദ്യനാഥൻ സ്കൂളിൽ പോവുക പതിവായിരുന്നു. വൈകീട്ട് സ്കൂളിൽ നിന്നും വരുന്ന വഴിക്ക് കൂട്ടുകാരോടൊത്തു കളിച്ചിരുന്നു.

കൊച്ചുഭാഗവതരെ കൂട്ടുകാർ എരുമപ്പുറത്തിരുത്തി ആർത്തട്ടഹസിച്ചു വിനോദിക്കുക പതിവായിരുന്നു. ഒരു ദിവസം കളികൾ കഴിഞ്ഞു വീട്ടിൽ തിരിച്ചെത്തിയത് ചെളിപുരണ്ട വസ്ത്രങ്ങളുമായാണ്. ഇതുകണ്ട് അനന്തഭാഗവതർക്കു അടക്കാനാവാത്ത കോപമുണ്ടായി. അദ്ദേഹം അലറി :

---

* ലേഖകരെ സംഗീതം അഭ്യസിപ്പിച്ചിരുന്ന അവസരങ്ങളിൽ ചെമ്പൈ പറയാറുള്ള കഥകളിലൊന്നാണിത്. അദ്ദേഹം ഒരിക്കൽ പറഞ്ഞു: അത്രയേറെ കഷ്ടപ്പെട്ടാണ് ഞാൻ അക്കാലത്ത് സംഗീതം പഠിച്ചത്. അച്ഛൻ വളരെ ശുണ്ഠിയുള്ളളായിരുന്നു. ശരിക്കു പാടിയില്ലെങ്കിൽ ചാണകം തിന്നതുതന്നെ. എല്ലാ കീർത്തനങ്ങളും എനിക്കു മനപാഠമാണ്. ഒരു കീർത്തനംപോലും എഴുതിവെച്ചിട്ടില്ല. പുസ്തകത്തിൽ എഴുതിവെച്ചു പഠിച്ചാൽ പിൽക്കാലത്ത് അവ മറന്നുപോകും. എന്നാൽ പല പ്രാവശ്യം പാടി പഠിക്കുകയെങ്കിൽ നാം മറക്കില്ല. അതുകൊണ്ടു സംഗീതം ഗുരുമുഖത്തുനിന്നു കേട്ടുപഠിക്കണം. അത് എക്കാലത്തും നമ്മുടെ കൈമുതലാണ്. ഏതു സമയത്തും പാടാൻതക്കവിധം ഹൃദിസ്ഥമായിരിക്കണം. അനുഭവിച്ചു പാടണമെങ്കിൽ ഇതത്യാവശ്യമാണ്.

'എവിടെയായിരുന്നെടാ ഇത്രനേരം ? ശരീരം മുഴുവൻ ചളി പുരളാൻ കാര്യമെന്തെടാ? നമ്മുടെ കുടുംബം ശുദ്ധമായ ആചാരങ്ങളോടുകൂടി പണ്ടുമുതൽ ജീവിക്കുന്നവരാണ്. അന്യജാതിക്കാരെ തീണ്ടിയിട്ട് നീ ഇനിമേലിൽ വീട്ടിൽ വന്നു കയററുത്. വേണ്ട, നീയിന്നുമുതൽ സ്കൂളിൽ പോകേണ്ട- നമ്മുടെ പൂർവ്വീകന്മാരെല്ലാം വലിയ സംഗീതജ്ഞന്മാരായിരുന്നു.. സംഗീതം ശരിക്കു പഠിച്ചാൽ നിനക്കും അവരെപ്പോലെയായിതീരാൻ കഴിയും !'

അതോടെ സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിച്ചു. പകരം മുഴുവൻ സമയവും സംഗീത പഠനമായി.

ചെമ്പൈ സഹോദരന്മാർ

സംഗീതാഭ്യസനത്തിൽ വൈദ്യനാഥനോടൊപ്പം അനുജൻ സുബ്രഹ്മണ്യനും പങ്കുചേർന്നു. പിതാവിന്റെ പാണ്ഡിത്യവും കർശന ശിക്ഷണവും ഇടയ്ക്കിടെ വീട്ടിലെത്തുന്ന സംഗീതജ്ഞാന്മാരുമായുള്ള സഹവാസവും ആ സഹോദരന്മാർക്കു സംഗീതലോകത്തിലേക്കു തിരിയാൻ കൂടുതൽ പ്രേരണ നൽകി. ഭാവിയിൽ വലിയ സംഗീതജ്ഞന്മാരായി തീരണമെന്ന് അവർ ആഗ്രഹിച്ചു. അക്കാലത്ത് വിവാഹങ്ങളിലും ഉത്സവാഘോഷങ്ങളിലും സംഗീതകച്ചേരികൾ വെക്കുക സാധാരണയായിരുന്നു. ഈ സംഗീതക്കച്ചേരികൾ കേൾക്കാൻ മോട്ടോർ വാഹനമില്ലാതിരുന്ന ആ കാലത്ത് കാൽനടയായി മൈലുകളോളം താണ്ടി അവർ പോകുക പതിവായിരുന്നു.

അനന്തഭാഗവതർ സംഗീതവിദ്വാനായിരുന്നതിനാൽ അദ്ദേഹത്തെ കാണാൻ പ്രമുഖരായ സംഗീതജ്ഞന്മാർ വീട്ടിൽ വരുകകൂടാതെ ആ പ്രദേശങ്ങളിൽ സംഗീതക്കച്ചേരി നടത്താൻ ആരു വന്നാലും അനന്തഭാഗവതരെ കാണാതെ മടങ്ങിപ്പോകാറുമില്ല. ചിലർ മൂന്നും നാലും ദിവസം ഭാഗവതരുടെ വീട്ടിൽ താമസിച്ചതിനു ശേഷമേ മടങ്ങിപ്പോകൂ. അവരിൽ വായ്പ്പാട്ടു പാടുന്നവരും വീണ, വേണു, മൃദംഗം തുടങ്ങിയ വാദ്യോപകരണങ്ങളിൽ പ്രഗത്ഭന്മാരും കണ്ടെന്നിരിക്കും. വീട്ടിൽ ആകെക്കൂടി ഒരു ഉത്സവത്തിന്റെ പ്രതീതി.

സന്ദർശകർ ആരൊക്കെയുണ്ടെങ്കിലും കുട്ടികൾ സാധകം ചെയ്യാൻ മറക്കാറില്ല. കുട്ടികളുടെ ശാരീരമഹിമ, സാധകശക്തി, സംഗീത ജ്ഞാനം തുടങ്ങിയവ വിരുന്നുകാരായ സംഗീതവിദ്വാന്മാർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. മിക്കവരും കുട്ടികളെ പ്രശംസിച്ചുകൊണ്ട്, അവരോടൊപ്പം മണിക്കൂറുകളോളമിരുന്നു പാട്ടുപാടുകയും വാദ്യോപകരണക്കാർ കുട്ടികളുടെ പാട്ടിനൊപ്പം വായിക്കുകയും ചെയ്തിരുന്നു. ഇതു ചെമ്പൈ സഹോദരന്മാരുടെ സംഗീതവ ളർച്ചയ്ക്കു വളരെയേറെ ഗുണകരമായിഭവിച്ചു. ഇങ്ങനെ നിരന്തര മായുള്ള സംഗീതവിദ്വാന്മാരുടെ സഹവാസത്താൽ സാധകബോ ധത്തോടൊപ്പം ആത്മധൈര്യവും അവർക്ക് കൂസലില്ലായിരുന്നു. രാഗവും കീർത്തനവും പാടാൻ അവർ വളരെവേഗം പഠിച്ചു.

1904-ലാണ് ചെമ്പൈസഹോദരന്മാർ അരങ്ങേറ്റം നടത്തിയത്. അതിനുമുമ്പുതന്നെ കുട്ടികൾക്ക് ചെമ്പൈ ഗ്രാമത്തിലും അയൽ ഗ്രാമങ്ങളിലും കച്ചേരി നടത്താൻ ക്ഷണം കിട്ടിത്തുടങ്ങിയിരുന്നു. എന്നാൽ, സംഗീതത്തിൽ കൂടുതൽ പ്രാഗത്ഭ്യം നേടിയിട്ടു മാത്രമേ അരങ്ങേറ്റം നടത്താവൂ എന്ന് അനന്തഭാഗവതർക്കു നിർബ്ബന്ധമു ണ്ടായിരുന്നു.

അരങ്ങേറ്റം ചെമ്പൈ ഗ്രാമത്തിലുള്ള ശ്രീ പാർത്ഥസാരഥി ഗുരുവായൂരപ്പന്റെ സമക്ഷം നടത്താൻ അദ്ദേഹം നിശ്ചയിച്ചു.

കുട്ടികൾ പട്ടുവസ്ത്രങ്ങളണിഞ്ഞു മാതാപിതാക്കളുടെ പാദ ങ്ങളിൽ തൊട്ടുവന്ദിച്ചു., സ്റ്റേജിൽ കയറി സഭയെ നമസ്കരിച്ചു. സംഗീതമാരംഭിക്കുകയായി. 'വാതാപി ഗണപതീം ഭജേ ഹം' എന്ന കീർത്തനം ആലപിച്ചുതുടങ്ങി. അരങ്ങേറ്റക്കച്ചേരി കേൾക്കാൻ കൂടിയ ജനങ്ങൾ അത്ഭുതത്തോടെ ആ സംഗീതം ശ്രദ്ധിച്ചുകൊ ണ്ടിരുന്നു. ഇത്രയും ചെറുപ്രായത്തിൽ തഴക്കവും പഴക്കവും വന്ന സംഗീതവിദ്വാന്മാരെപ്പോലെ സുന്ദരമായി പാടുന്നത് ആ കുട്ടിക ളാണോ എന്ന് അവർ സംശയിച്ചു. ചെമ്പൈ സഹോദരന്മാരുടെ സംഗീതക്കച്ചേരി മണിക്കൂറുകളോളം നീണ്ടുനിന്നു. കേൾക്കാൻ കൂടിനിന്നവർ സന്തോഷാധിക്യത്താൽ കുട്ടികളെ വാരിപ്പുണർന്ന് ഒരായിരം മുത്തം കൊടുത്ത് അനുഗ്രഹിച്ചു. അവർക്ക് വിലപിടിച്ച സമ്മാനങ്ങളും നൽകി.

അരങ്ങേറ്റം കഴിഞ്ഞതോടെ കച്ചേരികളുടെ ഒരു പ്രവാഹം

തന്നെയായിരുന്നു. കച്ചേരി നടത്താൻ എവിടെ വിളിച്ചാലും അനന്തഭാഗവതർ കുട്ടികളെ യാതൊരു വിമുഖതയും കാട്ടാതെ അയച്ചിരുന്നു. പക്ഷേ, പ്രതിഫലം വാങ്ങാൻ അദ്ദേഹം കുട്ടികളെ അനുവദിച്ചില്ല. തന്റെ കുട്ടികൾക്ക് ദൈവാനുഗ്രഹവും മഹാന്മാരുടെ ആശിർവാദവും ലഭിക്കുകയാണ് പണത്തേക്കാളാവശ്യമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കച്ചേരി സംഘടിപ്പിച്ച ഒരാൾ അനന്തഭാഗവതരോട് ഒരിക്കൽ ഇതേക്കുറിച്ച് പരാതി പറഞ്ഞു.

ഭാഗവതരുടെ മറുപടി ഇതായിരുന്നു.:

'അത് നിങ്ങൾക്ക് ഒരുപക്ഷേ മനസ്സിലാവില്ല. കുട്ടികൾ പ്രതിഫലമൊന്നും പറ്റാതെ ഇപ്പോൾ എത്ര വേണമെങ്കിലും കച്ചേരി നടത്തട്ടെ. ഭാവിയിൽ അവർക്ക് ഉചിതമായ, പ്രതിഫലം കിട്ടുന്ന കച്ചേരികൾ താനേ വന്നുകൊള്ളും.'

എന്നാൽ ഒരിടത്തു മാത്രം ഭാഗവതർ പരാജയപ്പെട്ടു. ഒരുദിവസം പ്രസിദ്ധമായ ഒളപ്പമണ്ണ മനയ്ക്കലെ പൂഴിക്കുന്നം ക്ഷേത്രസന്നിധിയിൽ കുട്ടികൾ കച്ചേരി നടത്തി. പ്രതിഫലം വാങ്ങാൻ അച്ഛൻ അനുവദിച്ചില്ല പക്ഷേ, പ്രതിഫലം കൂടാതെ അവരെ തിരിച്ചുവിടില്ലെന്ന് മനയ്ക്കലെ കാരണവർ നിർബ്ബന്ധിച്ചു. ഒടുവിൽ മനസ്സില്ലാമനസ്സോടെ ഭാഗവതർ അതിനു വഴങ്ങി. പ്രതിഫലം വാങ്ങി നടത്തിയ ആദ്യത്തെ കച്ചേരിയായിരുന്നു അത് *.

കച്ചേരികൾ കൂടിക്കൂടിവന്നതോടൊപ്പം കൊച്ചു ഭാഗവതരന്മാർ രാഗവും സ്വരപ്രസ്താരങ്ങളും പാടിത്തുടങ്ങിയിരുന്നു. ഇതുപോലെ തീരെ ചെറുപ്രായത്തിൽത്തന്നെ സംഗീതസദ്യയൊരുക്കാൻ ഭാഗ്യം സിദ്ധിച്ചവർ വളരെ വിരളമാണ്.

കച്ചേരികൾ നടത്താൻ കുട്ടികളെ വിളിക്കുന്നതോടൊപ്പം അനന്തഭാഗവതർക്ക് മറുനാടുകളിൽ നിന്നും അനേകം ക്ഷണം ലഭിച്ചിരുന്നു. ഇത് കൊച്ചുഭാഗവതരന്മാരുടെ വളർച്ചയ്ക്കു ഒരു പ്രധാന ഘടകമായിത്തീർന്നു. മറ്റു കച്ചേരികൾ കേൾക്കാനും പലതും ഗ്രഹിക്കാനും പഠിക്കാനും അവർക്കു സാധിച്ചു. കച്ചേരി കഴിഞ്ഞുവന്നാലുടൻ അനന്തഭാഗവതർ കുട്ടികളോടു ചോദ്യങ്ങൾ ചോദിക്കുകയായി.

---

* ചെമ്പൈ അന്ത്യശ്വാസം വലിച്ചതും ഒളപ്പമണ്ണമനയ്ക്കൽ വച്ചായിരുന്നു. ഇത് ചെമ്പൈയുടെ ശിഷ്യനായ ഒളപ്പമണ്ണ ഒ.എം.സി. നമ്പൂതിരിപ്പാടിന്റെ ഇല്ലമാണ്.

സാധാരണ സംഗീതവിദ്വാന്മാർക്ക് ഒരു സ്വഭാവമുണ്ട്. തങ്ങൾ പ്രസിദ്ധിയാർജ്ജിച്ചവെന്നു സ്വയം ബോദ്ധ്യമായിക്കഴിഞ്ഞാൽപ്പിന്നെ മറ്റ് സംഗീതവിദ്വാന്മാരുടെ പരിപാടികൾ കേൾക്കാൻ പോവുകില്ല. എന്നാൽ അനന്തഭാഗവതർ തന്റെ കുട്ടികളെ വിശാലമായി ചിന്തിക്കാൻ പഠിപ്പിച്ചു. ആരുടെ സംഗീതക്കച്ചേരിയുമാകട്ടെ, തരപ്പെട്ടാൽ അതു കേൾക്കാൻ പോകണമെന്നു ഭാഗവതർക്കു നിർബ്ബന്ധമായിരുന്നു.

'ഇന്നലത്തെ കച്ചേരി എങ്ങനിരുന്നു.? ആ ഭാഗവതർ ഭൈരവീരാഗത്തിൽ ഒരു പിടിപിടിച്ചെന്നു കേട്ടല്ലോ. അതു വളരെ ഗംഭീരമായിരുന്നു. അല്ലേ? അതുപോലെ നിങ്ങളും ഭൈരവീരാഗം ഒന്നു പാടിക്കേ. ഞാനൊന്നു കേൾക്കട്ടെ.'

ഇതു കേൾക്കാത്ത താമസം, അവർ പാടിത്തുടങ്ങുകയും !

വൈക്കത്തുള്ള മഹാദേവർക്ഷേത്രം തെക്കെഇന്ത്യയിൽ പ്രസിദ്ധമാണ്. ഇവിടെ പണ്ടുമുതൽ പ്രശസ്തരായ പല ഭാഗവതരന്മാരും വന്നു വഴിപാടായി പ്രതിഫലം കൂടാതെ കച്ചേരി നടത്തുക പതിവാണ്. വൈക്കത്തെ സംഗീതക്കച്ചേരി കേൾ ക്കാൻ വരുന്നവർ തന്നെ അഗാധമായ സംഗീതജ്ഞാനമുള്ള ആസ്വാദകരത്രെ.

1907-ലാണ് ചെമ്പൈസഹോദരന്മാർ വൈക്കത്തഷ്ടമിക്ക് ആദ്യമായി സംഗീതകച്ചേരി നടത്തിയത്. വൈക്കത്തപ്പന്റെ മുന്നിൽ പാടുന്നതിനു ഭാഗ്യം സിദ്ധിച്ചത് പൂർവ്വജന്മസുകൃതംകൊണ്ടുമാത്രമാണെന്ന് അവർ വിശ്വസിച്ചു. അതെ, പ്രഗത്ഭരും പ്രശസ്തരുമായ സംഗീത വിദ്വാന്മാരുടെ സദസ്സിൽ രണ്ടു കൊച്ചുകുട്ടികൾ ! ചെമ്പൈ സഹോദരന്മാരുടെ കച്ചേരിയിൽ അച്ഛൻതന്നെയാണു വയലിൻ വായിച്ചത്. സാന്ദ്രഗംഭീരമായ സംഗീതം. ശ്രോധാക്കളുടെ മുക്തകണ്ഠമായ പ്രശംസകൾക്കൊണ്ട് ആ കുട്ടികൾ രോമാഞ്ചമണിഞ്ഞു. തുടർന്ന് വൈക്കത്തഷ്ടമി നാളിൽ ചെമ്പൈസഹോദരന്മാരുടെ സംഗീതം ഒരു പതിവുപരിപാടിയായിത്തീർന്നു.

വൈക്കത്ത് കച്ചേരിക്കു പോകുന്ന അവസരങ്ങളിലെല്ലാം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തുക അനന്ത ഭാഗവതരുടെ ഒരു നിഷ്ഠയായിരുന്നു. ഗുരുവായൂരപ്പന്റെ ഒരു വലിയ ഭക്തദാസനായിരുന്നു ഭാഗവതർ.

നവംബർമാസത്തിലാണല്ലോ ഗുരുവായൂരുത്സവം. ഒരിക്കൽ

കുട്ടികൾക്ക് സംഗീതക്കച്ചേരി നടത്താൻ അവസരം ലഭിച്ചു. അവർ അതിഗംഭീരമായി പാടുകയും ചെയ്തു. കച്ചേരിക്കുശേഷം അച്ഛൻ ക്ഷേത്രഭാരവാഹികളുടെ ഓഫീസിലേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടു പോയി. എല്ലാ വർഷവും അവർക്കു ഗുരുവായൂരപ്പന്റെ സന്നിധി യിൽ പാടാൻ അവസരം കൊടുക്കണമെന്നു ആവശ്യപ്പെട്ടു. അങ്ങനെ ഉത്സവകാലത്തെ ഏകാദശിവിളക്കിന് ചെമ്പൈ സഹോ ദരന്മാരുടെ കച്ചേരി ഒരു പതിവായിതീർന്നു.*

തങ്ങൾക്കു കിട്ടുന്ന അവസരങ്ങളിലെല്ലാം കച്ചേരി നട ത്തിയും മറ്റുകച്ചേരികൾ കേട്ടും, അല്ലാത്തപ്പോൾ സാധകം ചെയ്തും ആ സഹോദരന്മാർ സംഗീതസപര്യ നടത്തിക്കൊണ്ടി രുന്നു. പ്രതിഫലത്തെക്കുറിച്ച് അവർ ഒരിക്കലും വ്യാകുലപ്പെടു കയോ വിലപേശുകയോ ചെയ്തിരുന്നില്ല.

നാട്ടിൽ ധാരാളം കച്ചേരികൾ നടത്തിക്കൊണ്ടിരുന്നതോ ടൊപ്പം കേരളത്തിനു പുറത്തും പാടാൻ അവസരം ലഭിക്കണമെന്ന് അവർ പ്രാർത്ഥിച്ചു. ചോഴനാട്ടിലെ തിരുവാരൂരിലുള്ള നടേശശാ സ്ത്രിയുമായി പരിചയപ്പെട്ടതോടെ ആ പ്രാർത്ഥന സഫലീകൃത മാകുവാനും, അങ്ങനെ സംഗീതജീവിതത്തിലെ ഒരു പുതിയ ഘട്ട ത്തിലേക്ക് വളരുവാനും സഹായകമായിത്തീർന്നു.

ദക്ഷിണേന്ത്യയിലെ പ്രസിദ്ധ സംഗീതജ്ഞനും വേദ ശാസ്ത്രപണ്ഡിതനുമായ ഒരു കഥാകാലക്ഷേപക്കാരനായിരുന്നു നടേശശാസ്ത്രികൾ.

---

* ഗുരുവായൂരപ്പന്റെ പരമഭക്തനായ ചെമ്പൈ പില്ക്കാലത്ത് ഗുരു വായൂരിൽ സ്വന്തമായി ഒരു വീടു വാങ്ങി. ഉത്സവകാലത്തു കുടുംബസ മേതം അവിടെ ചെന്നു താമസിച്ച് പാടിയിരുന്നു.

നടേശ ശാസ്ത്രികൾ

ശാസ്ത്രികൾ പാലക്കാട്ട് ഹരികഥാകാലക്ഷേപം നടത്തുന്ന കാലം. പാലക്കാട്ട് താമസിച്ചുകൊണ്ട് അടുത്തുള്ള പല സ്ഥലങ്ങളിലും അദ്ദേഹം ഹരികഥ നടത്തിക്കൊണ്ടിരുന്നു. അന്ന് ഒരിക്കൽ ചെമ്പൈഗ്രാമത്തിലും എത്തി. അന്ന് അനന്തഭാഗവതർ കുടുംബസമേതം ഹരികഥ കേൾക്കുവാൻ പോയിരുന്നു. നടേശശാസ്ത്രികളുടെ അഗാധമായ പാണ്ഡിത്യത്തിൽ ആകൃഷ്ടനായ അനന്തഭാഗവതർ അദ്ദേഹത്തെ തന്റെ വീട്ടിലെ ആഥിഥ്യം സ്വീകരിക്കുവാൻ ക്ഷണിച്ചു. ശാസ്ത്രികൾ സസന്തോഷം ക്ഷണം സ്വീകരിച്ചു. വീട്ടിലെത്തി ഉപചാരങ്ങളും ആതിഥ്യമര്യാദകളും കഴിഞ്ഞ് അനന്തഭാഗവതർ തന്റെ കുട്ടികളോട് പാടുവാൻ പറഞ്ഞു. കുട്ടികളുടെ പാട്ടു കേട്ട് ശാസ്ത്രികൾ അത്ഭുതപരതന്ത്രനായി ഇരുന്നുപോയി. കുട്ടികളെ അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെടുകയും ചെയ്തു. ശാസ്ത്രികൾ പോയതിനുശേഷം കുട്ടികൾ പാലക്കാട്ടുചെന്ന് നടേശശാസ്ത്രികളെ കണ്ടു തങ്ങളുടെ അടക്കിവെച്ച അഭിലാഷം വെളിപ്പെടുത്തി.

കേരളത്തിനു വെളിയിൽ പാടുന്നതിനും സംഗീതം കൂടുതലായി പഠിക്കുന്നതിനും അവസരമുണ്ടാക്കിത്തരണമെന്നും അവർ അദ്ദേഹത്തോട് അപേക്ഷിച്ചു. ശാസ്ത്രികൾക്ക് കുട്ടികളുടെ സ്വഭാവത്തിലും പഠിക്കുന്നതിനുള്ള ഉത്സാഹത്തിലും താല്പര്യം തോന്നി. അവരെ പഠിപ്പിക്കാമെന്നും അതിനു വഴിയുണ്ടാക്കാമെന്നും സമ്മതിച്ചു. ശാസ്ത്രികൾ അനന്തഭാഗവതരെ ആളയച്ചു വിളിപ്പിച്ചു. കുട്ടികൾ കുറച്ചുകാലം തന്റെ കൂടെ താമസിക്കുന്നതിൽ വിരോധമുണ്ടോ എന്ന് അന്വേഷിച്ചു. അനന്തഭാഗവതർ അത് സസന്തോഷം സമ്മതിക്കുകയും കുട്ടികളെ അനുഗ്രഹിച്ച് ശാസ്ത്രികളോടൊപ്പം അയയ്ക്കുകയും ചെയ്തു.

നടേശശാസ്ത്രികൾക്ക് കുട്ടികളെ വളരെ ഇഷ്ടപ്പെട്ടു. അവരുടെ ഭാവിക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. ഹരികഥ നടത്തുന്ന സ്ഥലങ്ങളിലൊക്കെ കുട്ടികളേയും കൂട്ടികൊണ്ടുപോയിത്തുടങ്ങി. പോകുന്ന സ്ഥലങ്ങളിലെല്ലാം കുട്ടികളെ സദസ്സിന് പരിചയപ്പെടുത്തുകകൂടി ചെയ്തു. ഹരികഥയ്ക്കിടയിൽ ശാസ്ത്രികൾ വിശ്രമിക്കുമ്പോൾ കുട്ടികളോടു

പാടുവാൻ പറയും. അങ്ങനെ കുട്ടികൾ മറുനാട്ടിലെ സദസ്സുകളിൽ പാടുവാൻ തുടങ്ങി. ക്രമേണ ശാസ്ത്രികളുടെ ഹരികഥയ്ക്ക് കുട്ടികളുടെ പാട്ട് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമായിതീർന്നു. ശ്രോതാക്കൾക്കാണെങ്കിൽ ഹരികഥയ്ക്കിടയിൽ കുട്ടികളുടെ പാട്ട് ഒരു അമൃതധാരയായിട്ടനുഭവപ്പെട്ടു. ഇതിനുവേണ്ടി നല്ല പക്കവാദ്യക്കാരെയും ശാസ്ത്രികൾ ഏർപ്പാടു ചെയ്തിരുന്നു. ഹരികഥയ്ക്കിടയിൽ ഒരു മണിക്കൂർ കച്ചേരി സ്ഥിരം പതിവായി മാറി. ഇതോടെ ചെമ്പൈസഹോദരന്മാരുടെ പ്രശസ്തി തമിഴ്നാട്ടിൽ പരന്നു.

സംഗീതവിദ്വാന്മാരുടെ ഇടയിൽ ഒരു പൊതുവായ സവിശേഷത കാണാം. അവർ മിക്കപ്പോഴും സ്വന്തം പേരു പറയാറില്ല. പേരു ചോദിച്ചാൽ ജന്മസ്ഥലത്തിന്റെ പേരായിരിക്കും പറയുക ചിലർ പേരു ചുരുക്കി പറയും. ചിന്നവൈത്തി, പെരിയവൈത്തി, മഹാവൈത്തി, മരന്തുരൈ വൈത്തി എന്നിങ്ങനെ പേരുകൾ പറയും. നടേശശാസ്ത്രികളുടെകൂടെ കച്ചേരികൾ നടത്തി തമിഴ്നാട്ടിൽ നല്ല പേരു കിട്ടിയപ്പോൾ ചെമ്പൈ സഹോദൻമാരിൽ മൂത്തയാളിനെ ആളുകൾ 'ചെമ്പൈവൈത്തി' എന്നു വിളിക്കാൻ തുടങ്ങി ചെമ്പൈ വൈത്തിയുടെ കീർത്തി വർദ്ധിച്ചതോടെ നടേശശാസ്ത്രികളുടെ ഹരികഥയ്ക്കും കൂടുതൽ പ്രസിദ്ധി ആയിത്തുടങ്ങി.

ചെമ്പൈസഹോദരന്മാർ നടേശശാസ്ത്രികളോടൊപ്പം ഒരു വർഷക്കാലം തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ സംഗീതപരിപാടികൾക്കായി സഞ്ചരിച്ചു ശാസ്ത്രികൾക്കു കുട്ടികളോടു പ്രത്യേക താല്പര്യം ഉണ്ടായിരുന്നതിനാൽ ഈ കാലംകൊണ്ട് അദ്ദേഹം തന്നാൽ കഴിവതു മുഴുവൻ പറഞ്ഞുകൊടുത്തു എന്നു മാത്രമല്ല അന്ന് തെന്നിന്ത്യയിൽ ജീവിച്ചിരുന്ന ഏതാണ്ട് എല്ലാ സംഗീതവിദ്വാന്മാരേയും പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു. ഈ വിദ്വാന്മാരിൽ പലരും കുട്ടികളുടെ സംഗീതക്കച്ചേരി കേട്ട് അവർ ആരാണെന്ന് അന്വേഷിച്ചറിഞ്ഞു പരിചയം സ്ഥാപിക്കുകയും അവർക്ക് അനുഗ്രഹാശിസ്സുകൾ നൽകുകയും ചെയ്തിരുന്നു. തിരുവാരൂരിൽവെച്ചാണ് പുതുക്കോട്ടെ ദക്ഷിണാമൂർത്തിപ്പിള്ള എന്ന മഹാ വിദ്വാനെ പരിചയപ്പെട്ടത്. നടേശശാസ്ത്രികളുടെ കഥാകാലക്ഷേപത്തോടൊപ്പം സംഗീതക്കച്ചേരി നടത്തിയ ചെമ്പൈസഹോദരന്മാർ അദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു. കച്ചേരി കഴിഞ്ഞയുടനെ ദക്ഷിണാമൂർത്തിപിള്ള ശാസ്ത്രികളെ വിളിച്ച് കുട്ടികളെപ്പറ്റി

ചോദിച്ചറിഞ്ഞു. എത്രയോ പ്രഗത്ഭന്മാരുടെ സംഗീതക്കച്ചേരികൾ കേട്ടിട്ടുള്ളയാളാണ് ദക്ഷിണാമൂർത്തിപിള്ള. അദ്ദേഹത്തെ കുട്ടികൾക്ക് ആകർഷിക്കാൻ കഴിഞ്ഞത് അവരുടെ വലിയ നേട്ടമായിരുന്നു.

ശാസ്ത്രികൾ തനിക്കു പരിപാടികൾ ഉണ്ടായിരുന്ന സ്ഥലത്തു മാത്രമല്ല. വിദ്വാന്മാരുടെ കച്ചേരികൾ എവിടെയുണ്ടോ അവിടെയൊക്കെ അവരെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്തിരുന്നു. തനിക്ക് പോകുവാൻ കഴിയാത്ത അവസരങ്ങളിൽ ആണെങ്കിൽത്തന്നെ മറ്റാരുടെയെങ്കിലും കൂടെ കുട്ടികളെ കച്ചേരി കേൾക്കുവാൻ അയയ്ക്കുമായിരുന്നു. അങ്ങനെയുള്ള നിരവധി സന്ദർഭങ്ങളിലൂടെ അക്കാലത്തെ പ്രഗത്ഭ സംഗീതവിദ്വാന്മാരായ പുതുക്കോട്ടെ മലയപ്പയ്യർ, നാമക്കൽ നരസിംഹ അയ്യങ്കാർ, സംഗീത കേസരി കല്ലടക്കുറിച്ചി വേദാന്തമയ്യങ്കാർ, പൂച്ചി അയ്യങ്കാർ, കോനേരി രാജപുരം വൈദ്യനാഥയ്യർ, ഗായകശിഖാമണി മുത്തയ്യാ ഭാഗവതർ, തഞ്ചാവൂർ കൃഷ്ണ ഭാഗവതർ, തലൈഞ്ഞായിർ സോമു ഭാഗവതർ, തഞ്ചൈ രങ്കപ്പൻ, മധുരൈ പുഷ്പവനം, വേണുഗാനം ശാരദാ ശാസ്ത്രികൾ, തിരക്കോടിക്കാവൽ ശ്രീകൃഷ്ണയ്യർ, മലക്കോട്ടൈ ഗോവിന്ദസ്വാമി പിള്ളൈ, കുംഭകോണം അഴകൻതമ്പിപ്പിള്ളൈ, പുതുക്കോട്ടൈ ദക്ഷിണാമൂർത്തിപിള്ളൈ, കൃഷ്ണയ്യർ എന്നിവർ പങ്കെടുത്തിട്ടുള്ള സംഗീതക്കച്ചേരികൾ കേട്ടും അവരുമായി പരിചയപ്പെട്ടും സംശയങ്ങൾ പരിഹരിച്ചും ചെമ്പൈ സഹോദരന്മാർ ഒരു കൊല്ലക്കാലം ശാസ്ത്രികളുടെകൂടെ കഴിഞ്ഞു. ഈ ഒരു കൊല്ലക്കാലത്തെ നിരന്തരമായ സാധനയും മഹാവിദ്വാന്മാരുടെ സംഗീതക്കച്ചേരികളും ചെമ്പൈ സഹോദരന്മാർക്ക് സംഗീതത്തിലുള്ള അറിവ് വർദ്ധിക്കുവാൻ ഏറെ ഉപകരിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ല.

1910-ലാണ് ചെമ്പൈ സഹോദരൻമാർ നാട്ടിലേക്ക് മടങ്ങിയത്. 1911-ൽ പാലക്കാടിനടുത്തുള്ള ശേഖരീപുരത്തുവച്ച് ചെമ്പൈ സഹോദരന്മാരുടെ ഒരു സംഗീതക്കച്ചേരി നടന്നു. അക്കാലത്തു പാലക്കാട്ടു പ്രസിദ്ധനായിരുന്ന അനന്തരാമ ഭാഗവതർ കച്ചേരി കഴിഞ്ഞു സഹോദരന്മാരെ വിളിച്ച് ഇങ്ങനെ പറഞ്ഞു:

'ഇവരുടെ ശാരീരം കർണ്ണാടകസംഗീതത്തിൽ ഒരു കോളിളക്കം സൃഷ്ടിക്കാൻ പോകുകയാണ്. ശാരീരത്തിനുള്ള മേന്മ മാത്ര

മല്ല, ഇവരുടെ പാട്ടിലെ ചില പുതിയ ആവിഷ്കരണശൈലികൾ മറ്റ് സംഗീതജ്ഞന്മാരെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായിരുന്നു. ഇവർ തീർച്ചയായും വളരെ പ്രശസ്തരായിതീരും. മുളച്ചുവരുന്ന ചെടി നല്ലതോ ചീത്തയോ എന്നു മുളയ്ക്കുമ്പോൾതന്നെ അറിയാം. ഇവർ ദീർഘകാലം നല്ല സംഗീതവിദ്വാന്മാരായി കീർത്തി പരത്തി ജീവിക്കുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ' എന്നുപറഞ്ഞ് അവരെ അനുഗ്രഹിച്ചു.

1911-ൽ തന്നെ ചെമ്പൈ വൈദ്യനാഥഭാഗവതരുടെ വിവാഹവും നടന്നു. വൈദ്യനാഥഭാഗവതർക്ക് അന്നു 15 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളൂ. ആ കാലങ്ങളിൽ ഇതിലും ചെറിയ പ്രായത്തിൽ വിവാഹം നടത്തുക സർവസാധാരണമായിരുന്നല്ലോ. അമ്മയുടെ ആഗ്രഹം മകൻ ഉടനെ കല്യാണം കഴിച്ചുകാണണമെന്നു മാത്രമായിരുന്നു. മകൻ കുറച്ചുകൂടി പേരും പ്രശസ്തിയും നേടിയിട്ടു മതി കല്യാണം എന്നുണ്ടായിരുന്നെങ്കിലും അച്ഛനും അമ്മയുടെ ആഗ്രഹത്തിനു വഴങ്ങുകയാണ് ചെയ്തത്. വൈദ്യനാഥ ഭാഗവതർക്കാണെങ്കിൽ അച്ഛനുമമ്മയും എങ്ങനെ തീരുമാനിക്കുന്നുവോ അങ്ങനെ എന്നുള്ള നിലപാടായിരുന്നു. ധാരാളം ആലോചനകൾ വന്നെങ്കിലും, വൈദ്യനാഥഭാഗവതരുടെ സഹധർമ്മിണിയാകാനുള്ള ഭാഗ്യം സിദ്ധിച്ചത് തൊട്ടടുത്തുതന്നെയുള്ള ഒരു വലിയ കുടുംബത്തിലെ വാസുദേവ ശാസ്ത്രിയുടെ മകളായ മീനാക്ഷിക്കായിരുന്നു. മീനാക്ഷിക്ക് അന്നു കേവലം പത്തുവയസ്സുപ്രായമേ ഉണ്ടായിരുന്നുള്ളൂ. വിവാഹം വളരെ ആർഭാടപൂർവം നടന്നു. അഞ്ചു ദിവസത്തെ കല്യാണാഘോഷത്തിൽ ചെമ്പൈ ഗ്രാമം പുളകംകൊണ്ടു. വിവാഹിതനായതോടുകൂടി കുറച്ചുകൂടി കാര്യഗൗരവവും ഉത്തരവാദിത്വബോധവും വന്നതുകൊണ്ടു വൈദ്യനാഥഭാഗവതർ കുട്ടികൾക്ക് സംഗീതാഭ്യാസനം നടത്തുവാൻ ആരംഭിച്ചു. 1912-ലാണ് സംഗീതം പഠിപ്പിക്കുവാൻ അദ്ദേഹം ആരംഭിച്ചത്.*

---

*വൈദ്യനാഥഭാഗവതരെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ശിക്ഷണത്തിനു ഒരു പ്രത്യേകതയുണ്ട്. തനിക്ക് അറിയാവുന്നതു മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുക എന്നല്ലാതെ പ്രതിഫലം സ്വീകരിക്കുക എന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. അച്ഛന്റെ ജോലി ഏറ്റുവാങ്ങിയ അദ്ദേഹം മരണംവരെ സംഗീതം പഠിപ്പിക്കുന്നതിന് പ്രതിഫലം വാങ്ങിയിരുന്നില്ല. പതിനാറാമത്തെ വയസ്സിൽ ഗുരുസ്ഥാനം ഏറ്റെടുത്ത ചെമ്പൈക്കു ആയിരത്തിൽപരം ശിഷ്യന്മാർ നാടിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്.

1912-ൽ ചെമ്പൈക്ക് ഒരത്യാഹിതം സംഭവിച്ചു. അദ്ദേഹത്തിന്റെ ശബ്ദം അടഞ്ഞുപോയി. കുറച്ചുകാലത്തേക്ക് പാടാൻ കഴിയാതായി. എങ്കിലും ചെമ്പൈ സംഗീതരംഗത്ത് ഉറച്ചുതന്നെ നിന്നു. ശബ്ദം അടഞ്ഞു പോയതിനാൽ പകരം വയലിൻ പഠിക്കുകയാണ് ചെയ്തത്. ചുരുങ്ങിയ കാലംകൊണ്ട് വയലിനിൽ പ്രാവീണ്യം നേടുകയും ചെയ്തു. പിൽക്കാലത്ത് ശബ്ദം തിരിച്ചുകിട്ടിയപ്പോൾ ഈ അഭ്യസനം വളരെയേറെ പ്രയോജനം ചെയ്തു. ഒരു സംഭവം വിവരിക്കാം.

കരൂർ എന്ന സ്ഥലത്ത് ചെത്തായിചെട്ടിയാർ എന്നൊരു കോടീശ്വരനുണ്ടായിരുന്നു. കലയിലും സംഗീതത്തിലും വളരെയേറെ ഭ്രമമുള്ള ചെട്ടിയാർ, അദ്ദേഹം നടത്താറുള്ള ഉത്സവങ്ങളിൽ പ്രശശ്ത സംഗീതവിദ്വാന്മാരെ വിളിച്ചു പാടിക്കുക പതിവായിരുന്നു. യശശ്ശരീരനായ ഗായകശിഖാമണി മുത്തയ്യാ ഭാഗവതരും ചെട്ടിയാർ നടത്തുന്ന ഉത്സവങ്ങളിലെ കച്ചേരികളിൽ ആരൊക്കെ പാടണമെന്നു തീരുമാനിക്കേണ്ടതു മുത്തയ്യ ഭാഗവതാരായിരുന്നു. ഉത്സവത്തെക്കുറിച്ച് അറിഞ്ഞ് കരൂരേക്കു തിരിച്ചു. ഭാഗവതർക്കു ഈ ഉത്സവത്തിൽ പങ്കെടുക്കണമെന്ന് അതിയായി ആഗ്രഹമുണ്ടായിരുന്നു. ആ വർഷത്തെ കച്ചേരികളെല്ലാം തീരുമാനിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാലും ഒന്നു പരിശ്രമിച്ചു നോക്കാമെന്നു കരുതി മുത്തയ്യാഭാഗവതരെ സമീപിച്ച് അദ്ദേഹത്തോടു വിവരം പറഞ്ഞു. അടുത്തവർഷം നോക്കാം എന്നദ്ദേഹം മറുപടി കൊടുക്കുകയും ചെയ്തു. മുത്തയ്യഭാഗവതരുടെ പുറകെ ശല്യം ചെയ്തുനടന്നിട്ടും പ്രയോജനമുണ്ടായില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് ആ ദിവസത്തെ പരിപാടിയായ ജലതരംഗക്കച്ചേരിക്കു വയലിൻ വായിക്കാമെന്ന് ഏറ്റിരുന്ന ആൾ അസുഖം കാരണം വന്നിട്ടില്ലെന്ന് ഭാഗവതർ അറിഞ്ഞത്. ജലതരംഗക്കച്ചേരി നടത്തുന്ന സംഗീതജ്ഞ വളരെ വിഷണ്ണയായിരുന്നു. ഉടനടി ഒരു വയലിൻ വിദ്വാനെ ഒരിടത്തുനിന്ന് കൊണ്ടുവരിക എളുപ്പമല്ല. വൈദ്യനാഥ ഭാഗവതർ ആ അമ്മയെ സമീപിച്ച് ഒരു വയലിനിസ്റ്റിനെ താൻ സമയത്തു നൽകാമെന്നുപറഞ്ഞ് ആശ്വസിപ്പിച്ചു അവർ ആശ്വാസത്തോടെ കാത്തിരുന്നു. കച്ചേരി തുടങ്ങുവാൻ സമയമായി. നോക്കിയപ്പോൾ വൈദ്യനാഥ ഭാഗവതർ തന്നെ വയലിനുമായി വന്നിരിക്കുന്നു. കച്ചേരി തുടങ്ങി. വൈദ്യനാഥഭാഗവതരുടെ വയലിൻസംഗീതം വളരേയേറെ പ്രശം

സയ്ക്കർഹമായി. ചെട്ടിയാരും മുത്തയ്യാഭാഗവതരും വയലിൻ വാദനകേട്ട് ഏറെ സന്തോഷിക്കുകയും ചെയ്തു. അവർ പണക്കിഴിയും വിലപിടിച്ച സമ്മാനങ്ങളും ചെമ്പൈക്കു നൽകി.

തിരുവാടു തുറൈ ആധീനം

അമ്പലവാണദേശികർ എന്ന മഠാധിപതിയുടെ ആസ്ഥാനമാണു തിരുവാടുതുറൈ ആധീനം. സംഗീതജ്ഞാനിയും പരമഭക്തനും കലയെയും കലാകാരന്മാരെയും ആദരിക്കുകയും ചെയ്യുന്ന ഒരു ആത്മീയ ഗുരുവുമാണ് അമ്പലവാണദേശികർ. ഒരു രാജകൊട്ടാരത്തിൽ കണ്ടുവരുന്ന എല്ലാ ബന്ധവസ്സുകളും ഈ ബഹുമാന്യനായ മഠാധിപതിയുടെ ആസ്ഥാനമായ 'തിരുവാടു തുറൈയിലും'ഉണ്ടായിരുന്നു. ഇന്നുമുണ്ട്. തെക്കെ ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ നിന്നും സംഗീതവിദ്വാൻമാർ അദ്ദേഹത്തെ കണ്ടു വണങ്ങുന്നതിനും അദ്ദേഹത്തിന്റ മുമ്പിൽ പാടുന്നതിനും വരാറുണ്ട്. സംഗീതത്തിൽ ഒരു മഹാപണ്ഡിതൻ കൂടിയായ മഠാധിപതി സംഗീതവിദ്വാന്മാരുടെ പാട്ടുകേട്ട് നിരവധി സമ്മാനങ്ങളും പ്രശംസാപത്രങ്ങളും നൽകി അവരെ ബഹുമാനിക്കയും ചെയ്തിരുന്നു. തിരുവാടു തുറൈ ആസ്ഥാനവിദ്വാൻ എന്നു പറഞ്ഞാൽ അതിനു പ്രത്യേക നിലയും വിലയും ഉണ്ടായിരുന്നു. ഈ ബഹുമതികൊണ്ടു സംഗീതവിദ്വാന്മാരെല്ലാം അമ്പലവാണദേശികരെ ഭക്തിപൂർവം ആരാധിച്ചിരുന്നു. ചെമ്പൈസഹോദരന്മാരും തിരുവാടുതുറൈ ആധീനത്തെപ്പറ്റി കേട്ടിരുന്നു. അമ്പലവാണദേശീകരെ നേരിൽ കാണണമെന്നും അദ്ദേഹത്തിന്റെ മുമ്പിൽ പാടണമെന്നും ചെമ്പൈസഹോദരന്മാർക്കും അതിയായി ആഗ്രമുണ്ടായിരുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് പോണ്ടിച്ചേരിയിൽ ചെമ്പൈസഹോദരന്മാർക്ക് കച്ചേരിക്കു ക്ഷണം കിട്ടുയത്. പോണ്ടിച്ചേരിയിലെ കച്ചേരി കഴിഞ്ഞു പക്കവാദ്യക്കാരെയൊക്കെ പണം കൊടുത്തു പിരിച്ചുവിട്ടശേഷം ചെമ്പൈസഹോദരന്മാർ തിരുവാടു തുറൈയ്ക്കു തിരിച്ചു. അവിടെ ചെന്നപ്പോഴാണ് വിചാരിച്ചതുപോലെ കാര്യം അത്ര എളുപ്പത്തിൽ നടക്കില്ലെന്നു മനസ്സിലായത്. രാജാക്കന്മാരെ കാണുന്നതുപോലെ കൃഛ്റസാദ്ധ്യമായിരുന്നു മഠാധിപതിയെ കാണുകയെന്നതും. പ്രത്യേകം കാവലും ഏർപ്പാടുകളും ഉണ്ട്. മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ആരെയും അകത്തേക്കു കടത്തിവിടുകയില്ല. കലാ

രാധകനായ മഠാധിപതിയെപ്പറ്റി ഇങ്ങനെയൊന്നുമല്ല അവർ കേട്ടിരുന്നുത്.

മഠത്തിന്റെ വാതില്ക്കൽ എത്തിയപ്പോൾ അകത്തു നിന്നും ഇറങ്ങിവന്ന ആളിനോടു മഠാധിപതിയെ കാണുവാൻ പറ്റുമോ എന്ന് അന്വേഷിച്ചു. അയാൾ കേട്ടതായിപ്പോലും ഭാവിക്കാതെ കടന്നു പോയി. വാതില്ക്കൽ നിന്ന കാവൽക്കാരൻ അവിടെ ആരും നിൽക്കരുതെന്ന മുന്നറിയിപ്പുകൊടുത്തു. വിഷണ്ണരായ സഹോദരന്മാർ കുറച്ചു മാറി നിലയുറപ്പിച്ചു. കുറെസമയംകൂടി കഴിഞ്ഞപ്പോൾ അകത്തുനിന്നും ഇറങ്ങിവന്ന അവിടത്തെ അന്തേവാസികളിലൊരാളെ സമീപിച്ചു. വിവരങ്ങൾ അയാൾ ഇങ്ങനെ പറഞ്ഞുധരിപ്പിച്ചു. 'മഠാധിപതിയെ കാണുകയെന്നത് അത്ര എളുപ്പമായ കാര്യമല്ല. അക്കാണുന്ന കെട്ടിടത്തിൽ ഒരാളിരിപ്പുണ്ട് . അദ്ദേഹമെല്ലാം ശരിയാക്കിത്തരും. നിങ്ങൾക്കു താമസിക്കാനും ഭക്ഷണത്തിനുള്ള ഏർപ്പാടുകളും ചെയ്തുതരും. നിങ്ങളുടെ കാര്യം സന്ദർഭം നോക്കി മഹാഗുരുവിനെ ധരിപ്പിക്കുകയും ചെയ്യും. അങ്ങനെ അനുവാദം കിട്ടിയാൽ അദ്ദേഹം നിങ്ങളെ ഗുരുവിന്റെ അടുക്കൽ കുട്ടിക്കൊണ്ടുപോകും.'

ചെമ്പൈസഹോദരൻമാർക്ക് ഒരാശ്വാസം തോന്നി. അവർ നേരെ ചെന്നു കെട്ടിടത്തിലിരുന്ന കാര്യദർശിയെ കണ്ടു വിവരം ധരിപ്പിച്ചു. അദ്ദേഹം സന്തോഷപൂർവ്വം അവർക്കു താമസിക്കുന്നതിനും ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്തു. സുഖകരമായ താമസം, കാവേരിയിലെ സ്നാനം, മൃഷ്ടാന്നമായ ഭക്ഷണം, കിടക്കാനുള്ള സൗകര്യം ഇവയൊക്കെ ലഭിച്ചു. സഹോദരന്മാർ സുഖമായി അവിടെ താമസിച്ചു.പക്ഷേ, ഒരു കാര്യം മാത്രം നടന്നില്ല- മഹാഗുരുവിനെ കാണുക എന്നത്. ദിവസങ്ങൾ ഒന്നുംരണ്ടുമല്ല കടന്നുപോയത്. ഏതാണ്ട് ഒരാഴ്ച കഴിഞ്ഞു. ഉദ്ദേശിച്ച കാര്യം സാധിക്കാതെ മടങ്ങുന്ന സ്വഭാവം ചെമ്പൈക്കില്ല. അവിടെ അത് സാധിക്കാതെ വന്നപ്പോൾ അത്യന്തം വ്യസനമുണ്ടായി. അവസാനം മടങ്ങിപ്പോകുവാൻതന്നെ തീരുമാനിച്ചു. സഹോദരനോടു സാധനങ്ങളെല്ലാം അടുക്കിവെയ്ക്കാൻ ആവശ്യപ്പെട്ടിട്ടു വൈദ്യനാഥഭാഗവതർ ഇറങ്ങി മഠത്തിനു നേരെ നടന്നു. ഭാഗ്യത്തിനു കാവൽക്കാരനെ അവിടെ കണ്ടില്ല. ഉള്ളിൽ വല്ലാത്ത ഭയമുണ്ടായിരുന്നെങ്കിലും ധൈര്യമായി അകത്തേക്കു കടന്നു. പക്ഷേ, മഠാധി

പതി ഇരിക്കുന്ന സ്ഥലം കണ്ടുപിടിക്കുവാൻ യാതൊരു മാർഗ്ഗവു മില്ല. നിറയെ ഇടുക്കുകളും, പാതകളും. എന്തചെയ്യണമെന്നറിയാതെ ഭാഗവതർ മിഴിച്ചുനിന്നു. ആരോടെങ്കിലും ചോദിക്കാമെന്നുവെച്ചാൽ ആരെയും കാണാനുമില്ല. ഒന്നുരണ്ടുപേർ ആ വഴി വന്നു. അവരോടു വല്ലതും ചോദിച്ചാൽ താൻ അനുവാദംകൂടാതെ അകത്തുകടന്ന വിവരം അറിഞ്ഞു പിടിച്ചു പുറത്താക്കിയെങ്കിലോ എന്ന ഭയം. അവർ കടന്നുപോയിക്കഴിഞ്ഞപ്പോൾ മുമ്പോട്ടു നടന്നു. അങ്ങനെ മഠത്തിന്റെ ഉള്ളിലേക്കു കടന്നു. കാണുന്ന കെട്ടിടത്തിലെല്ലാം മഠാ ധിപതി ഉണ്ടോ എന്നു സൂക്ഷിച്ചുനോക്കിക്കൊണ്ട് കുറെദൂരം നട ന്നുപോയി. ഒടുവിൽ മഠാധിപതി ഇരിക്കുന്ന സ്ഥലം കണ്ടുപിടിച്ചു. അവിടെ വാതില്ക്കൽ രണ്ടു ഭടന്മാർ ഊരിയ വാളും പിടിച്ചു കാവൽ നിൽക്കുന്നുണ്ട്. അതോടെ ഭാഗവതരുടെ ധൈര്യമൊക്കെ നഷ്ടപ്പെട്ടു. അവരുടെ അനുവാദം കൂടാതെ ഒളിച്ചുകടക്കാനും പറ്റില്ല. അത്രയും നേരം ചെയ്ത പ്രയത്നമെല്ലാം വിഫലമായിപ്പോ കുകയും ചെയ്യും. ഏതായാലും കാവൽക്കാർ കണ്ടില്ല. കണ്ടാൽ അവർ വെറുതെ വിടില്ല. ആകെ ഒരു പരിഭ്രാന്തി. വിയർക്കാനും വിറ യ്ക്കാനും തുടങ്ങി.

ഇതികർത്തവ്യതാമൂഢനായി നിൽക്കുമ്പോൾ അകത്തു നിന്ന് ഒരാൾ വന്നു കാവൽക്കാരുടെ ചെവിയിൽ എന്തോ പറഞ്ഞു. മഠാധിപതി പുറത്തേക്കു വരുന്നു എന്നാണ് പറഞ്ഞതെന്ന് അവ രുടെ ഭാവഹാവാദികളിൽ നിന്നും മനസ്സിലാക്കി. എന്തായാലും ഈ സന്ദർഭം പാഴാക്കരുതെന്നു കരുതി ജാഗ്രതയോടെ ഭാഗവതർ മറ ഞ്ഞുനിന്നു.

ഭാഗവതർ മഠത്തിന്റെ വാതിൽക്കലേക്കുതന്നെ ഉറ്റുനോ ക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഒരാൾ കുത്തുവിളക്കുമായി ഇറ ങ്ങിവന്നു. തൊട്ടുപുറകെ മഠാധിപതിയും, കാവിവസ്ത്രങ്ങളും കഴു ത്തിൽ രുദ്രാക്ഷവും അണിഞ്ഞ മഹാതേജസ്വിയായ ഒരാൾ. അതു വരെ ഉണ്ടായിരുന്ന ഭയവും സംഭ്രാന്തിയും തന്നെ വിട്ടുമാറിയതായി ഭാഗവതർക്ക് തോന്നി. മറഞ്ഞുനിന്ന സ്ഥലത്തുനിന്നു മുമ്പോട്ടുവന്ന് ഭാഗവതർ പെട്ടെന്നു മഠധിപതിയെ നമസ്ക്കരിച്ചു.

മഠാധിപതി ആദ്യം ഒന്ന് അതിശയിച്ചുവെങ്കിലും അതു ഭാവി ക്കാതെ വളരെ ശാന്തസ്വരത്തിൽ 'ആരാണ്? എന്തുവേണം?' എന്നു

ചോദിച്ചു. മഠാധിപതി ക്ഷേത്രദർശനത്തിനിറങ്ങിയതായതുകൊണ്ട് ഭാഗവതരുടെ ആഗമനം അദ്ദേഹത്തിനു കോപമുണ്ടാക്കിയില്ലെന്നു തോന്നി.

'ഞാൻ ചെമ്പൈഗ്രാമത്തിൽ നിന്നാണു വരുന്നത്. വൈദ്യ നാഥൻ എന്നാണ് പേര്. സംഗീതം പഠിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും കച്ചേരി നടത്തിവരുന്നു.. അങ്ങയുടെ സംഗീതജ്ഞാനത്തെപറ്റി ധാരാളം കേട്ടിട്ടുണ്ട്. അവിടുത്തെ മുമ്പിൽ ഒരു കച്ചേരി നടത്തി യാൽ കൊള്ളാമെന്നാണ് എന്റെ എളിയ ആഗ്രഹം. തിരുമുമ്പിൽ പാടാൻ ഒരവസരം ലഭിക്കുമോ എന്നറിയാൻ വന്നതാണ്.

മഠാധിപതി മെല്ലെ നടന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു : 'വളരെ സന്തോഷം. സംഗീതം പഠിച്ചെന്നാണല്ലോ പറഞ്ഞത്. എങ്ങനെ പെരുമാറണമെന്നു പഠിച്ചില്ലെന്നു തോന്നുന്നു. അതു കാണിച്ചു കഴിഞ്ഞു. നിനക്കറിയാവുന്ന സംഗീതം മറ്റുള്ളവരെ കേൾപ്പിക്കണം എന്നു പറയുന്നത് ശരിയാണ്. അതിനുള്ള രീതി ഇതാണോ? നല്ല കലാകാരന്മാർ നന്നായി പെരുമാറുന്നതിനും പഠിച്ചിരിക്കണം. '

പക്ഷേ, ഭാഗവതർ വിട്ടില്ല :

'അങ്ങ് എന്നോടു ക്ഷമിക്കണം. ഞാൻ ഇവിടെ വന്നിട്ട് ആറു ദിവസം കഴിഞ്ഞു. പലരോടും അങ്ങയെ കാണണമെന്നു പറഞ്ഞെ ങ്കിലും അതിനു ചിലർ ഇവിടെ അനുവദിച്ചില്ല.'

'ഓഹോ! അങ്ങനെയാണല്ലേ?'

'അതെ! കഴിഞ്ഞയാഴ്ചയിൽ പോണ്ടിച്ചേരിയിൽ ജ്ഞാനപ്ര കാശം മുതലിയാരുടെ വീട്ടിലെ കല്യാണത്തിനു ഞങ്ങളുടെ കച്ചേരി ഉണ്ടായിരുന്നു. അതു കഴിഞ്ഞു പക്കവാദ്യക്കാരെ പറഞ്ഞുവിട്ട് ഞാനും എന്റെ അനുജനും അങ്ങയെ കാണുന്നതിന് നേരെ ഇങ്ങോ ട്ടുപോന്നു. ഇവിടെവന്ന് ജോലിക്കാരോടു ഞങ്ങളുടെ ആഗ്രഹം പറഞ്ഞു. ഞങ്ങൾക്കു താമസിക്കാനും ഭക്ഷണത്തിനും സൗകര്യം കിട്ടി. പക്ഷേ ! അങ്ങയെ കാണാനുള്ള ഭാഗ്യം മാത്രം കിട്ടിയില്ല. ഒടുവിൽ നാട്ടിലേക്കു പോകാൻ തീർച്ചയാക്കി. എന്റെ അനുജൻ സാധനങ്ങളെല്ലാം കെട്ടിവെയ്ക്കുകയാണ്. പോകുന്നതിനുമു മ്പായി ഒന്നുകൂടി മഠത്തിന്റെ വാതിൽക്കൽ വന്നെത്തിനോക്കി കളയാമെന്ന് ഞാൻ വിചാരിച്ചു. അങ്ങയെ കാണണമെന്നു കരുതി കാവൽക്കാരൻ കാണാതെ അകത്തു കയറിയതാണ്. തെറ്റാണ്

ഞാൻ ചെയ്തത്. ഇനിയൊരിക്കലും ഇതാവർത്തിക്കില്ല.' മഠാധിപതിയ്ക്കു ഭാഗവതരുടെ വിശദീകരണം കേട്ടപ്പോൾ സന്തോഷവും സഹതാപവും തോന്നി. അടുത്തുള്ള കലാമണ്ഡപത്തിൽ താൻ മടങ്ങിവരുന്നതുവരെ ഇരിക്കുവാൻ ആജ്ഞാപിച്ചിട്ടു പോയി.

ഇങ്ങനെ ഒരു ഭാഗ്യം കിട്ടിയതിനെക്കുറിച്ചെല്ലാമോർത്ത് ഭാഗവതർ മണ്ഡപത്തിൽ കാത്തിരുന്നു. അനുജൻ പുറത്തുകാത്തുനിന്നു വിഷമിക്കുമല്ലോ എന്നുകരുതി വ്യാകുലപ്പെട്ടെങ്കിലും മഠാധിപതിയെ കാണാൻ കഴിഞ്ഞതിൽ ഭാഗവതർ സന്തുഷ്ടനായിരുന്നു. മഠാധിപതി ഒരു മണിക്കൂർ കഴിഞ്ഞു മണ്ഡപത്തിലെത്തി. ഭാഗവതരുടെ വിവരങ്ങളും ചെമ്പൈ ഗ്രാമത്തെപ്പറ്റിയുമെല്ലാം ചോദിച്ചു മനസ്സിലാക്കിയശേഷം ഇഷ്ടപ്പെട്ട ഒരു കീർത്തനം പാടാൻ ആജ്ഞാപിച്ചു. എന്തു പാടാം എന്നാലോചിക്കുന്നതിനിടയിൽ ഒരു വിരുത്തം (ശ്ലോകം) ഏതെങ്കിലും പാടാനുള്ള മഠാധിപതിയുടെ നിർദ്ദേശം വന്നു. അതു കഴിഞ്ഞയുടനെ മറുചോദ്യം :

'കന്തുക മദകരിയെ' എന്ന വിരുത്തം അറിയാമോ?

അറിയാമെങ്കിൽ പാടൂ.'

ഭാഗവതർ ഘനഗാംഭീര്യത്തോടെ ആ വിരുത്തം പാടാൻ ആരംഭിച്ചു. രാഗമാലികയായിട്ടു പാടാം എന്നു കരുതി'ശങ്കരാഭരണ'രാഗത്തിൽ പ്രസ്തുത രാഗം പാടാനാരംഭിച്ച ഭാഗവതർ അടുത്ത രാഗത്തിലേക്ക് കടക്കാം എന്ന് വിചാരിക്കുന്നതിന് മുമ്പായി മഠാധിപതി 'കല്യാണി' എന്നു പറഞ്ഞുകഴിഞ്ഞു *. ഭാഗവതർ ഒരു മടിയും കൂടാതെ 'കല്യാണി'പാടി. പാടിത്തീരുന്നതിനുമുമ്പേ മഠാധിപതി 'ഭൈരവി' എന്നു പറഞ്ഞുകഴിഞ്ഞു. 'ഭൈരവി' തീരുന്നതിനു മുമ്പ് 'ഖരഹര പ്രിയ' എന്നായി. ഇങ്ങനെ ബേഗഡ, സഹാനാ, ദർബ്ബാർ, കാനഡാ എന്നൊക്കെ മഠാധിപതി ഇടയ്ക്കിടെ പറഞ്ഞു ഭാഗവതരെ പരീക്ഷിച്ചുകൊണ്ടിരുന്നു. ഭാഗവതർക്കാകട്ടെ ഒരു സങ്കോചവും തോന്നിയില്ല. മറിച്ച് അദ്ദേഹത്തിന്റെ ഉത്സാഹം ഒന്നുകൂടി വർദ്ധിച്ചതേയുള്ളൂ. രാഗങ്ങൾ മാറ്റി

---

*ശങ്കരാഭരണം പാടുന്നതിനിടയിൽ കല്യാണിരാഗമാക്കണമെങ്കിൽ പ്രതിമദ്ധ്യമസ്വരം പിടിച്ചു പാടിയെങ്കിലേ ഈ രാഗം ധ്വനിക്കൂ.

പാടുമ്പോൾ തെറ്റുകൂടാതെയും രാഗങ്ങൾ മാറിപ്പോകാതെയും കൃത്യ മായി സഞ്ചരിക്കുകയും മറന്നുപോയെന്നുപോലും വരാതെ ശ്രദ്ധിച്ച് പാടിക്കൊണ്ടിരിക്കുകയും ചെയ്തു.

മഠാധിപതിക്കു സന്തോഷമായി. അടുത്ത ദിവസം സഭ വിളി ച്ചുകൂട്ടി മഠാധിപതിയുടെ സാന്നിദ്ധ്യത്തിൽ സഹോദരന്മാരുടെ കച്ചേരി നടന്നു. വയലിൻ ഇല്ലായിരുന്നു. കുംഭകോണം അഴകൻ തമ്പി പ്പിള്ളയായിരുന്നു മൃദംഗം. കച്ചേരി ബഹുകേമമായി. മഠാധിപതി വളരെ സന്തോഷിച്ചു. അദ്ദേഹം ചെമ്പൈ സഹോദരന്മാരുടെ സംഗീത പാണ്ഡിത്യത്തെപ്പറ്റി പുകഴ്ത്തി സംസാരിച്ചു. വൈദ്യനാഥനെ അദ്ദേഹം പ്രത്യേകം പ്രശംസിച്ചു. ധാരാളം പണവും സമ്മാനങ്ങളും നൽകി മഠാധിപതി അവരെ യാത്രയയച്ചു.

1916-ൽ പാലക്കാട്ടു നടന്ന ശ്രീരാമ നവമി ഉത്സവത്തിലെ കച്ചേരി അവരെ വളരെയേറെ പ്രശസ്തരാക്കി .ആ കച്ചേരി കേൾക്കാൻ പ്രസിദ്ധ മൃദംഗ വിദ്വാൻ പുതുക്കോട്ടൈ ദക്ഷിണാ മൂർത്തിപ്പിള്ളയും ഉണ്ടായിരുന്നു. അദ്ദേഹത്തിന് ചെമ്പൈസഹോദ രന്മാരുടെ കച്ചേരി വളരെ ഇഷ്ടപ്പെട്ടു. നേരത്തെതന്നെ ചെമ്പൈ സഹോദരന്മാരെകുറിച്ച് കേട്ടിട്ടുള്ള അദ്ദേഹത്തിന് കുറഞ്ഞ കാലം കൊണ്ട് ഇവർക്കു സംഗീതത്തിൽ വന്ന വളർച്ച നേരിട്ടു അനുഭവ പ്പെട്ടപ്പോൾ അത്ഭുതമുണ്ടായി. അക്കാലത്തെ പ്രസിദ്ധ വയലിൻ വിദ്വാ നായിരുന്ന മലക്കോട്ടൈ ഗോവിന്ദസ്വാമിപ്പിള്ളയും പുതുക്കൊട്ടൈ ദക്ഷിണാമൂർത്തിപ്പിള്ളയും വളരെയടുത്ത സുഹൃത്തുക്കളായിരുന്നു. കച്ചേരി കഴിഞ്ഞ് മലക്കോട്ടൈയിൽ എത്തിയ ദക്ഷിണാമൂർത്തി പ്പിള്ള ചെമ്പൈ സഹോദരന്മാരുടെ കച്ചേരിയെപ്പറ്റി വളരെയേറെ പ്രശംസിച്ച് ഗോവിന്ദസ്വാമിപ്പിള്ളയോടു സംസാരിച്ചു. ആരെപ്പറ്റിയും അങ്ങനെയൊന്നും പറയാത്ത ദക്ഷിണാമൂർത്തിപ്പിള്ളയിൽ നിന്ന് ഈ വാക്കുകൾ കേട്ടപ്പോൾ ഗോവിന്ദസ്വാമിപ്പിള്ളയ്ക്ക് അതിശയമായി രുന്നു. അദ്ദേഹം ഉടൻതന്നെ ചെമ്പൈയ്ക്കാളയച്ച് മലക്കോട്ടൈയിൽ ഒരു കച്ചേരി നടത്തുവാൻ ഏർപ്പാടുചെയ്തു. മലക്കോട്ടൈയിൽ നടന്ന ഈ കച്ചേരിക്ക് ഗോവിന്ദസ്വാമിപ്പിള്ള വയലിനും ദക്ഷിണാ മൂർത്തിപ്പിള്ള മൃദംഗവും വായിച്ചു. അതുകൂടിയായപ്പോൾ കച്ചേരി യുടെ കൊഴുപ്പു കൂടി. അതോടെ ചെമ്പൈ സഹോദരൻമാർക്കു തമി ഴ്നാട്ടിലെങ്ങും പേരും പ്രശസ്തിയുമാവുകയും ചെയ്തു.

തുടർന്ന് മദ്രാസ്സ്, മധുര തുടങ്ങിയ സ്ഥലങ്ങളിൽ കച്ചേരി നടത്തുവാനുള്ള അവസരം ലഭിച്ചു. 1918-ലാണു ചെമ്പൈ സഹോദരന്മാർ മദ്രാസ്സിൽ ആദ്യമായി കച്ചേരി നടത്തുന്നത്. ചെമ്പൈസഹോദരന്മാരുടെ പ്രശസ്തിക്കു തൊടുകുറി അണിയിക്കുന്നതായിരുന്നു. മദിരാശിയിലെ തിരുവള്ളിക്കേണി സഭയിലെ കച്ചേരി. ചെമ്പൈ സഹോദരന്മാരുടെ കച്ചേരിക്കു മദ്രാസ്സിൽ നല്ല പബ്ലിസിറ്റിയും നൽകിയിരുന്നു. മലക്കോട്ടൈ ഗോവിന്ദസ്വാമിപിള്ള വയലിനും കുംഭകോണം അഴകൻ തമ്പിപ്പിള്ള മൃദംഗവും പുതുക്കോട്ടെ ദക്ഷിണമൂർത്തിപ്പിള്ള ഗഞ്ചിറയും വായിച്ചു. ചെമ്പൈയുടെ പ്രശസ്തി എന്തെന്നറിയിക്കുന്നതായിരുന്നു ആ കച്ചേരി. കാരണം, കച്ചേരിക്കുള്ള ടിക്കറ്റുകൾ നേരത്തെതന്നെ വിറ്റുകഴിഞ്ഞിരുന്നു. ടിക്കറ്റുലഭിക്കാതെ നല്ലൊരു ജനക്കൂട്ടം വെളിയിൽ തടിച്ചുകൂടിയിരുന്നു. പ്രവേശനം ലഭിക്കാത്തതുകൊണ്ട് അവർ ഇടയ്ക്കിടെ വെളിയിൽ നിന്ന് ബഹളംവെച്ചു കൊണ്ടിരുന്നു. അവസാനം അവരെ കയറ്റിവിടുന്നതിന് അനുവദിക്കേണ്ടതായും വന്നു. അന്നത്തെ കച്ചേരി അതിഗംഭീരമായിരുന്നു. പത്രങ്ങളൊക്കെ ചെമ്പൈയുടെ കച്ചേരിയെ മുക്തകണ്ഠം പ്രശംസിച്ചു. അതോടെ ചെമ്പൈ ദക്ഷിണേന്ത്യൻ സംഗീതരംഗത്തു അനിഷേധ്യനായിത്തീർന്നു.

1925-ൽ ചെമ്പൈ വൈദ്യനാഥഭാഗവതർ ആദ്യമായി കുടുംബസമേതം കാശിയിലേക്കു തീർത്ഥാടനം നടത്തി. ഭാഗവതർക്കു ഏറ്റവും ഇഷ്ടപ്പെട്ട രണ്ടു സാധനങ്ങളായിരുന്നു പൂവൻപഴവും, കത്രിക്കായയും , കാശിയിലും, ത്രിവേണിയിലും, ഗയയിലും പോയി തീർത്ഥാടനം നടത്തി. ഗയയിൽവെച്ച് വൈദ്യനാഥഭാഗവതർ തനിക്കിഷ്ടപ്പെട്ട രണ്ടുഫലങ്ങൾ ഉപേക്ഷിച്ചു. - പൂവൻ പഴവും കത്രിക്കായും.* കാശിതീർത്ഥാടനം കഴിഞ്ഞശേഷം ഭാഗവതർ കൂടുതൽ കൂടുതൽ ഭക്തിമാർഗ്ഗത്തിലേക്കുതന്നെ തിരിഞ്ഞു. ഭാഗവതർ വിവാഹിതനായിരുന്നെങ്കിലും സന്താനഭാഗ്യം ഉണ്ടായിരുന്നില്ല. അക്കാര്യത്തിൽ അദ്ദേഹം ഏറെ ദുഃഖിതനുമായിരുന്നു. ഒട്ടേറെ പുണ്യകർമങ്ങളും ദാനധർമ്മങ്ങളും ഇതിലേക്കുവേണ്ടി ഭാഗവതരും സഹധർമ്മിണി മീനാക്ഷിയമ്മാളും അനുഷ്ടിച്ചതിന്റെ ഫലമായാണ് 1927-

---

* പിതൃപ്രീതിക്കുവേണ്ടിയുള്ള സൽക്കർമ്മങ്ങൾ ചെയ്യുന്നതോടൊപ്പം അവർക്കിഷ്ടപ്പെട്ട രണ്ടുഫലങ്ങൾ എന്നെന്നേക്കുമായി ഉപേക്ഷിക്കുന്ന ഒരാചാരം തമിഴ് ബ്രാഹ്മണർക്കിടയിലുണ്ട്.

ൽ മീനാക്ഷി അമ്മാൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചത്.

ലക്ഷണമൊത്ത ആ പെൺകുഞ്ഞിന് മുത്തുശ്ശിയുടെ പേരായ പാർവതി എന്ന പേരുതന്നെ ഇട്ടു. ചെമ്പൈഗ്രാമത്തിലാകെ ആഹ്ലാദം അലതല്ലിയ ദിവസമായിരുന്നു അത്. ആൺകുഞ്ഞ് ഉണ്ടാകാതിരുന്നതിലോ, പെൺകുഞ്ഞ് ഉണ്ടായതിലോ ഭാഗവതർക്ക് കുണ്ഠിതമൊന്നുമില്ലായിരുന്നു. ഇതൊക്കെ ഈശ്വരന്റെ അനുഗ്രഹമാണ്. ആണായാലും പെണ്ണായാലും അദ്ദേഹം തരാനുള്ളതൊക്കെ തരും. അതു സന്തോഷത്തോടെ സ്വീകരിച്ച് ഈശ്വരനു നന്ദി പറയേണ്ടതു മാത്രമാണ് നമ്മുടെ ചുമതല. അതു കൊണ്ടു പെണ്ണായതുകൊണ്ട് ആരും ദുഃഖിക്കരുത് എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം.

ചൗഡയ്യയും പാലക്കാട്ടു മണിഅയ്യരും

ചെട്ടിനാട്ടിലെ കോട്ടയൂർ എന്ന സ്ഥലത്ത് ഒരു പ്രശസ്ത ധനികന്റെ വീട്ടിൽ ഭാഗവതരുടെ കച്ചേരി നടന്നുകൊണ്ടിരിക്കുകയാണ്. ഉയർന്ന ഉദ്യോഗസ്ഥന്മാരും മറ്റുപണക്കാരുമൊക്കെ കച്ചേരി കേൾക്കാൻ കൂടിയിട്ടുണ്ട്. ഭാഗവതരുടെ പക്കവാദ്യക്കാർ മൈസൂർ ചൗഡയ്യ പാലക്കാട്ടു മണി അയ്യർ, പുതുക്കോട്ടെ ദക്ഷിണാമൂർത്തിപ്പിള്ളെ തുടങ്ങിയവരാണ്. ആളുകൾ സ്വയം മറന്ന് ഈ പ്രഗത്ഭന്മാരുടെ സംഗീതോപാസനയിലൂടെ ഒഴുകിവന്ന നാദബ്രഹ്മത്തിൽ ലയിച്ചു. പെട്ടെന്നു സദസ്യരുടെ ഇടയിൽ നിന്നും ഒരു പ്രമാണി എഴുന്നേറ്റുനിന്ന് ചൗഡയ്യ വയലിനിൽ ഒരു ഇംഗ്ലീഷ് നോട്ട് വായിച്ചുകേൾക്കണമെന്നു പറഞ്ഞു. ഭാഗവതർ അതു ഗൗനിക്കാതെ വീണ്ടും പാടിത്തുടങ്ങി. അടുത്ത കീർത്തനമായി. അതിനടുത്ത കീർത്തനവും കഴിഞ്ഞപ്പോൾ നേരത്തെ എഴുന്നേറ്റുനിന്ന പ്രമാണി മറ്റു ചിലരെകൂടെ സംഘടിപ്പിച്ചുകൊണ്ട് ഇംഗ്ലീഷ് നോട്ട് വായിക്കാൻ പറഞ്ഞു. ഭാഗവതർ അതും ഗൗനിക്കാതെ പാടിത്തുടങ്ങി. പക്ഷേ, പറഞ്ഞതു ഒരു പ്രമാണിയായതുകൊണ്ട് അയാൾക്കു പിന്തുണ നൽകാൻ ആളുകൾ ധാരാളമുണ്ടായിരുന്നു. കച്ചേരി തുടർന്നു നടത്താൻ പറ്റാത്തവിധത്തിൽ ബഹളമായപ്പോൾ ഭാഗവതർ പാട്ടുനിർത്തി. എന്നിട്ടു ചോദിച്ചു.?'

'നിങ്ങൾക്കെന്താണു വേണ്ടത്?'

'ചൗഡയ്യാ ഇംഗ്ലീഷ് നോട്ട് വയലിനിൽ വായിക്കണം.' അവർ ഒറ്റക്കെട്ടായി പറഞ്ഞു.

'നിങ്ങൾക്കറിയാമോ സംഗീതത്തിൽ ഒന്നു വലുതെന്നോ, ഒന്നുചെറുതെന്നോ ഇല്ല. എല്ലാവരും ഒരുപോലെയാണ്. പക്ഷേ, എന്റെ കച്ചേരിക്കിടയിൽ തനിച്ച് ഫിഡിൽ വായിക്കാൻ ഞാൻ സമ്മതിക്കില്ല. അതാണെന്റെ ചിട്ട. അഥവാ ഇതിനു മുമ്പാരെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അതി കീഴ്വഴക്കങ്ങൾക്കു വിരുദ്ധമാണ്. കീഴ്വഴക്കം ലംഘിച്ചു മുന്നോട്ടു പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ കച്ചേരിയിൽ വയലിനിൽ ഇംഗ്ലീഷ് നോട്ട് വായിക്കുവാൻ ഞാൻ സമ്മതിക്കുകയില്ല. നിങ്ങൾക്ക് വയലിനിൽ ഇംഗ്ലീഷ് നോട്ട് കേൾക്കേണ്ടത് അത്യാവശ്യമെങ്കിൽ ഞാനെന്റെ കച്ചേരി മംഗളം പാടി അവസാനിപ്പിക്കാം.' എന്നു പറഞ്ഞ് ചെമ്പൈ മംഗളം പാടി സ്റ്റേജിൽനിന്നും ഇറങ്ങി. ചൗഡയ്യാ തുടർന്നു വയലിൻ വായിക്കുമെന്നാണ് സദസ്സ് വിചാരിച്ചത്.

പക്ഷേ, ചൗഡയ്യ ഒന്നും മിണ്ടാതെ വയലിൻ തുടച്ചു പെട്ടിയിൽ വച്ചു. സദസ്സിനെ വന്ദിച്ച് ഭാഗവതരുടെ അടുക്കൽ ചെന്നു നമസ്കരിച്ചു. എന്നിട്ട് ആശിർവദിക്കണമെന്ന് അപേക്ഷിച്ചു. തുടർന്ന് ഭാഗവതരൊടൊപ്പം ചൗഡയ്യ സ്ഥലംവിടുകയും ചെയ്തു. ചെട്ടിനാട്ടുകാർ ആകെ വിഷണ്ണരായി. പക്ഷേ , കുറേക്കാലം കഴിഞ്ഞു ഊ കൂട്ടർ തന്നെ ചെമ്പൈയെ വീണ്ടും വിളിച്ച് കച്ചേരി നടത്തുകയും ചെയ്തു.

മൈസൂർ ആസ്ഥാനവിദ്വാൻ

മൈസൂർ മഹാരാജാവിന്റെ കൊട്ടാരത്തിൽവെച്ചും ഇതുപോലെ ഒരു സംഭവമുണ്ടായി. 1937-ൽ കൃഷ്ണരാജ ഉടയാർ ആയിരുന്നു അന്നത്തെ മൈസൂർ മഹാരാജാവ്. മൈസൂറിലെ ഏറ്റവും വലിയ ഉത്സവമായ ദസറാ ആഘോഷങ്ങൾക്ക് തെക്കെയിന്ത്യയിലെ പ്രഗത്ഭരായ സംഗീതജ്ഞരേയും കലാകാരന്മാരേയും ക്ഷണിച്ചുവരുത്തി അവരുടെ പരിപാടികൾ നടത്തുകയും അവർക്കു സമ്മാനങ്ങൾ നല്കി ആദരിക്കയും ചെയ്യുന്ന പതിവ് രാജാവിനുണ്ടായിരുന്നു. ആ കൊല്ലത്തെ ദസറാ ആഘോഷത്തിന് ചെമ്പൈയെയും ക്ഷണിച്ചുരുന്നു. ഭാഗവതരെ ആസ്ഥാനവിദ്വാനാക്കുക എന്നതായിരുന്നു

ഉദ്ദേശ്യം. ഗായകശിഖാമണി മുത്തയ്യാ ഭാഗവതർ അന്നു മൈസൂരിലെ ആസ്ഥാനവിദ്വാൻമാരിലൊരാളായിരുന്നു. മുത്തയ്യാ ഭാഗവതർ ചെമ്പൈയെ സ്വീകരിച്ചു മഹാരാജാവ് ആടയാഭരണങ്ങൾ കൊടുത്തു ചെമ്പൈയെ മൈസൂർ ആസ്ഥാനവിദ്വാനാക്കുകയും ചെയ്തു.

'ചെമ്പൈയിൽ ആണ്ടുതോറും നവരാത്രിപൂജ ന..ടത്തേണ്ടതുള്ളതുകൊണ്ട് എനിക്ക് ഇവിടെനിന്നും ദസറാ മഹോത്സവത്തിൽ പങ്കെടുക്കാൻ നിവൃത്തിയില്ല' എന്നു അറിയിച്ചപ്പോൾ രാജാവു.ം രാജസദസ്സും അത്ഭുതപരതന്ത്രരായിപ്പോയി.

ത്യാഗരാജസ്വാമികളോട് തഞ്ചാവൂരിൽ ശരഭോജിമഹാരാജാവ് തന്നെക്കുറിച്ചൊരു കീർത്തനം പാടിയാൽ ഇട്ടുമൂടാനുള്ള സ്വർണ്ണം കൊടുക്കാമെന്നു പറഞ്ഞപ്പോൾ ത്യാഗരാജസ്വാമികൾ പറഞ്ഞത് ഞാൻ ഈശ്വരനെക്കുറിച്ചുമാത്രമേ കീർത്തനം പാടാറുള്ളൂ, മനുഷ്യനെ സ്തുതിക്കുന്നത് ശരിയല്ല എന്നാണ്. തുടർന്ന്:

'നിധിഝാല സുഖമാ–

രാമുനി സന്നിധി സുഖമാ–'

എന്ന കീർത്തനം പാടുകയുണ്ടായി. പലരും ആ സംഭവം അപ്പോൾ ഓർത്തുകാണും.

സ്ഥാനാരോഹണത്തിനുശേഷം ചെമ്പൈ രാജസദസ്സിൽ കച്ചേരി നടത്തണം– അതായിരുന്നു പരിപാടി. പറഞ്ഞിരുന്ന സമയത്തു ചെമ്പൈ സാധാരണ ധരിക്കാറുള്ള വേഷത്തിൽ പക്കവാദ്യക്കാരോടൊപ്പം എത്തി. രാജസേവകരും കൊട്ടാരം ഉദ്യോഗസ്ഥന്മാരും അന്തംവിട്ടുപോയി. കാരണം, രാജാവ് ഒരാൾക്ക് വിശിഷ്ടമായ സ്ഥാനമാനങ്ങൾ കൊടുത്താൽ അതൊക്കെ ധരിച്ചുവേണം പിന്നീടു രാജാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ. ചെമ്പൈക്കു കിട്ടിയ ആടയാഭരണങ്ങൾ അണിയാതെയാണ് അദ്ദേഹമെത്തിയിരുന്നത്.* ചെമ്പൈയോടു വിവരം പറഞ്ഞപ്പോൾ താനിനി തിരിച്ചുപോയി അതു ധരിച്ചു വരില്ലെന്നു അദ്ദേഹം പറഞ്ഞു. മാത്രമല്ല, സാധാരണ വേഷത്തിലാണ് കച്ചേരി നടത്തുക. കച്ചേരിക്കായി പുറപ്പെട്ടുകഴിഞ്ഞാൽ

---

* രാജസദസ്സുകളിലും മറ്റുവേദികളിലും നടത്തിയിട്ടുള്ള സംഗീതക്കച്ചേരികളെത്തുടർന്ന് ഭാഗവതർക്ക് കിട്ടിയിട്ടുള്ള അനർഘമായ സമ്മാനങ്ങളും പൊന്നാടകളും അസംഖ്യമാണ്.

തിരിച്ചുകയറുകയെന്നത് അപശകുനമായി കരുതിയിരുന്നു. കൊട്ടാരം ഉദ്യോഗസ്ഥർക്ക് അതു രസിച്ചില്ല. ചെമ്പൈ തന്റെ വാദത്തിൽ ഉറച്ചുനിന്നു. വിവരം രാജാവിന്റെ കാതിലെത്തി. ഭാഗവതർക്ക് ഇഷ്ടമുള്ള വേഷത്തിൽ വന്നുപാടിക്കൊള്ളട്ടെ എന്ന് രാജാവു കല്പിച്ചു. അങ്ങനെയാണു പ്രശ്നം പരിഹരിച്ചത്.

(മൈസൂർ മഹാരാജാവ് കൊടുത്ത പൊന്നാട, ആഭരണങ്ങൾ എല്ലാംതന്നെ ഇന്നും മദ്രാസിലുള്ള ഭാഗവതരുടെ ഭവനത്തിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.)

ജീവിതത്തിലെ വലിയ ആഘാതം

1931-ൽ മദ്രാസ് മ്യൂസിക് അക്കാദമി ചെമ്പൈയ്ക്ക് 'സംഗീത കലാനിധി' എന്ന ബഹുമതി കൊടുത്തു. ഈ കാലത്ത് ഭാഗവതർക്ക് ജീവിതത്തിലെ ഏറ്റവും വലിയ ഒരു ആഘാതമേറ്റു. കോഴിക്കോടു സാമൂതിരി കോവിലകത്ത് കച്ചേരി ഏർപ്പാടുചെയ്തിരുന്നു. ഭാഗവതർ പതിവുപോലെ കൃത്യസമയത്ത് കച്ചേരിക്ക് എത്തി. നല്ല സദസ്സ് സ്റ്റേജിൽ കയറിയിരുന്നു. കച്ചേരി തുടങ്ങാനുള്ള സമയമായ. പക്ഷേ, ഭാഗവതർക്ക് ഇടിവെട്ടേറ്റതുപോലെയായി. ശബ്ദം പുറത്തേക്കു വരുന്നില്ല. രാവിലെ ശബ്ദത്തിനു യാതൊരു കുഴപ്പവും ഇല്ലായിരുന്നു. കച്ചേരിക്കു വരുന്നതിന് അല്പം മുമ്പ് പാടിനോക്കിയതുമാണ്. അപ്പോൾ ശബ്ദത്തിനു കുഴപ്പമൊന്നുമുണ്ടായിരുന്നില്ല. ഭാഗവതർ കച്ചേരി തുടങ്ങാത്തതിൽ സദസ്യർ അക്ഷമ കാട്ടിത്തുടങ്ങി. പഠിച്ച പണികളെല്ലാം നോക്കിയിട്ടും ശബ്ദം ഒട്ടും പുറത്തേക്കുവരുന്നില്ല. എന്തു ചെയ്യും? പെട്ടെന്ന് അടുത്തിരുന്ന ആളോട് ഭാഗവതർ ചോദിച്ചു:' ഇതു വൃശ്ചികമാസമല്ലേ'

'അതേ!'

'ശുക്ലപക്ഷമല്ലെ?'

ആരോ പഞ്ചാംഗം കൊണ്ടുവന്നു. ഏകാദശി . ആണെന്നു പറഞ്ഞു.

'ഏകാദശിയാണല്ലേ?. എന്നു ചോദിച്ചുകൊണ്ടു ഭാഗവതർ സ്റ്റേജിൽ നിന്നും ചാടിയെഴുന്നേറ്റ് കോവിലകത്തു തമ്പുരാനോടു തനിക്ക് സംഭവിച്ചിരിക്കുന്ന ആപത്തിനെപ്പറ്റി പറഞ്ഞു മനസ്സിലാക്കി.

'ശബ്ദം ഒട്ടുംതന്നെ പുറത്തുവരുന്നില്ല. എനിക്കുടനെത്തന്നെ ഗുരുവായൂർക്ക് പോകണം.' ഭാഗവതരുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

കോവിലകത്തു തമ്പുരാൻ ഉടൻ ഒരു കാർ ഏർപ്പാടുചെയ്തു. കാറിലിരുന്ന ഭാഗവതർക്ക് 'ഗുരുവായൂരപ്പാ' എന്നു വിളിക്കുവാൻപോലുമുള്ള ശബ്ദമുണ്ടായിരുന്നില്ല. മനസ്സിൽ ഗുരുവായൂരപ്പനേയും ധ്യാനിച്ചുകൊണ്ട് ഉറങ്ങാതെ കാറിലിരുന്നു. വെളുപ്പിനു മൂന്നുമണിക്കു ഗുരുവായൂരിലെത്തി. പ്രാഥമിക കൃത്യങ്ങളും കുളിയും കഴിഞ്ഞ് ഗുരുവായൂരപ്പന്റെ സന്നിധിയിൽ സാഷ്ടാംഗം നമസ്ക്കരിച്ചു. എഴുന്നേറ്റ് 'കരുണചെയ് വാനെന്തു താമസം കൃഷ്ണാ' എന്നു പാടുവാൻ തുടങ്ങി. പക്ഷേ, ശബ്ദം പുറത്തുവന്നില്ല. വീണ്ടും വീണ്ടും ശ്രമിച്ചു. ഭാഗവതരുടെ കണ്ണിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകിയതല്ലാതെ ഒറ്റവരിയും പുറത്തേക്കുവന്നില്ല.

'എന്റെ തെറ്റുകളൊക്കെ പൊറുക്കണം 'ഗുരുവായൂരപ്പാ' എന്നുരുവിട്ടുകൊണ്ട് കണ്ണുനീരൊഴുക്കിയ ഭാഗവതർക്ക് പുറകിൽ നിന്ന് ആരോ തന്റെ പുറത്തു തൊടുന്നതായി തോന്നി. ഭാഗവതർ തിരിഞ്ഞുനോക്കി ആരാണെന്നു മനസ്സിലായില്ല. 'ഒന്നും വിഷമിക്കേണ്ട. ഗുരുവായൂരപ്പൻ ഒക്കെ ശരിയാക്കിതരും.' എന്താ ? ഭാഗവതർ ഒന്നും മിണ്ടാത്തത്.? വരൂ! വിഷമിക്കേണ്ട ഞാനൊരു മരുന്നു തരാം. അതു കഴിച്ചു കഴിഞ്ഞാൽ ഒക്കെ ശരിയാകും ! എന്നു പറഞ്ഞ് അയാൾ സ്ഥലം വിട്ടു. വൈദ്യന്റെ രൂപത്തിൽ വന്നതു മറ്റാരുമല്ല. സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെ. അത്ഭുതം ! മരുന്നു തൊണ്ടയിൽ ചെന്നപ്പോൾ ഭാഗവതർക്ക് പാടാനുള്ള ശബ്ദം തിരിച്ചുകിട്ടി. 'കരുണചെയ്വാനെന്തു താമസം കൃഷ്ണാ' എന്ന കീർത്തനം ഗംഭീരമായ ശബ്ദമാധുരിയോടെ ഗുരുവായൂർ സന്നിധാനത്തിൽ മുഴങ്ങിക്കേട്ടു. കണ്ണുനീരൊഴുക്കികൊണ്ടുതന്നെ ആ കീർത്തനം പാടി. സന്തോഷംകൊണ്ടു ഹൃദയം തുടിച്ചു. എല്ലാം ഗുരുവായൂരപ്പന്റെ കാരുണ്യംതന്നെ.

പാട്ടുപാടിക്കഴിഞ്ഞ് മരുന്നുതന്നു സഹായിച്ച ആളിനെ അവിടെയെല്ലാം അന്വേഷിച്ചു. പക്ഷേ, ആളിനെ കണ്ടില്ല. ആരോ പറഞ്ഞു:മേല്പത്തൂരിനു രോഗം മാറ്റിക്കൊടുത്ത ഗുരുവായൂരപ്പൻ ശബ്ദം തിരിച്ചുനൽകിയതാണെന്ന്.'

അടുത്തദിവസം ഭാഗവതർ കോഴിക്കോട്ടു കോവിലകത്തു ചെന്ന് അതിഗംഭീരമായി കച്ചേരി നടത്തി. എന്തായാലും അന്നുമുതൽ തനിക്കു കച്ചേരി നടത്തിക്കിട്ടുന്ന പണം മുഴുവൻ ഗുരുവായൂരിൽ കൊടുക്കാനും ഏകാദശി മുടങ്ങാതെ നടത്താനും തീർച്ചയാക്കി. വർഷംതോറും വൃശ്ചികമാസം വെളുത്തപക്ഷത്തിലെ ഏകാദശിക്ക് ഭാഗവതർ ഗുരുവായൂരിൽ കച്ചേരി നടത്തുക പതിവായി.

റിക്കോർഡുകളും സിനിമയും

1932-ലാണ് ഭാഗവതരുടെ ഒരു പാട്ട് ആദ്യമായി റിക്കോർഡ് ചെയ്യുന്നത്. ശ്രീമത് രാമലിംഗസാമികളുടെ 'ഒരുമയൊടു നിനതു – തിരുമലരടി നിനയ്കിൻ ഉത്തമർതം ഉറവു വീണ്ടും' എന്ന പ്രസിദ്ധ ശ്ലോകം ആദ്യമായി റിക്കോർഡ് ചെയ്തു. ഈ റിക്കോർഡ് വളരെ വേഗം ജനപ്രീതിയാർജ്ജിച്ചു. അടുത്തത് 'രഘുവരനനു' എന്ന കീർത്തനമായിരുന്നു . തുടർന്ന് അരുപൊന്നമ്പലവൻ, സരസീരുഹാസ, ശ്രീരാമമന്ത്രം, അംബനാതു, ഇതുതാനെ തില്ലൈ സ്ഥലം സായം കാലേ വനാന്തേ, തുടങ്ങിയവയും റിക്കോർഡുചെയ്യപ്പെട്ടു. ലളിതാദാസരുടെ കൃതികളും ഒരു പൂർണ്ണമായ കച്ചേരിയും ചെമ്പൈയുടേതായി റിക്കാർഡുചെയ്യപ്പെട്ടവയിൽ പ്രധാനങ്ങളാണ്.

കച്ചേരിക്കു വിളിച്ചാൽ ധാരാളം പണം കിട്ടുന്നിടത്തു നന്നായും കുറച്ചു പണം കിട്ടുന്നിടത്തു കുറച്ചും പാടുന്ന രീതി ഭാഗവതർക്കില്ലായിരുന്നു. പാടുന്നതിനു ഒരു മടിയും അദ്ദേഹം കാണിച്ചിരുന്നില്ല.* ശബ്ദം വീണ്ടുകിട്ടിയ ഭാഗവതരുടെ ശാരീരം പഴയതിലും ഗംഭീരമായിരുന്നു. ഇതിനർത്ഥം വലിയ ഉച്ചത്തിൽ പാടുന്നു എന്നല്ല, മേൽസ്ഥായിയിലും കീഴ്സ്ഥായിയിലും അനായാസമായി പാടാനുള്ള സാധകശക്തി കൈവരിച്ചവരുടെ ശാരീരത്തിനാണ് 'ഗംഭീരമായ ശാരീരം' എന്നു പറയാറുള്ളത്. 'വെങ്കലപാത്രക്കടയിൽ യാനൈപുകുന്തമാതിരി' എന്ന് ചെമ്പൈയുടെ ശാരീരത്തപ്പറ്റി തമിഴ്നാട്ടിൽ വർണ്ണിക്കാറുണ്ട്. ഒരിക്കൽ ഒരു കല്യാണച്ചടങ്ങിൽ നാദസ്വരക്കച്ചേരിയോടൊപ്പം ഭാഗവതരുടെ കച്ചേരിയുമുണ്ടായിരുന്നു. തന്റെ ശബ്ദം നാദസ്വരത്തിനുപരിയായി വന്ന് നാദ

---

* 'എല്ലാം എന്റെ അച്ഛൻ പഠിപ്പിച്ചതാണ്' എന്ന് ചെമ്പൈ എപ്പോഴും പറഞ്ഞിരുന്നു.'

സ്വരമേളക്കാരനു മേളം തുടങ്ങാൻ കഴിയാത്തവിധം പാടിഫലിപ്പിച്ചു. ഇതെല്ലാം ശാരീരത്തിന്റെ ഗാംഭീര്യംകൊണ്ടു അദ്ദേഹം ചെയ്തിട്ടുള്ള തമാശകളാണ്. വളരെ വിനയവാനാണെങ്കിലും തന്റെ ചിട്ടയ്ക്കു വിപരീതമായി ആരെന്തു പറഞ്ഞാലും അനുവദിക്കാൻ അദ്ദേഹം തയ്യാറുമില്ലായിരുന്നു.

സിനിമ

സുപ്രസിദ്ധ വയലിൻ വിദ്വാനായിരുന്ന മൈസൂർ ചൗഡയ്യാ 1946-ൽ 'വാണി' എന്നൊരു കന്നട പടമെടുക്കാൻ തീരുമാനിച്ചു. ചെമ്പൈയും ചൗഡയ്യും ഇല്ലാത്ത ഒരു കച്ചേരി അന്നു വിരളമായിരുന്നു. ചെമ്പൈയുടെ പ്രശസ്തിയും അതുപോലെ ഇന്ത്യയിൽ മുഴങ്ങിക്കൊണ്ടിരുന്ന കാലവും. ചൗഡയ്യാ പടമെടുക്കുന്ന വിവരം ചെമ്പൈയെ അറിയിച്ചു. 'എന്റെ പടത്തിൽ അങ്ങ് ഒരു പാട്ടുപാടണം.' സിനിമയിൽ അന്നുവരെ പാടാതിരുന്ന വൈദ്യനാഥഭാഗവതർ ഒന്നാലോചിച്ചു. `ശരി, ഞാൻ പാടാം, ഒരു പാട്ടുപാടുന്നതിന് 5000 രൂപാ തരണം.'

' രൂപയെപ്പറ്റിയല്ല ; ഞാൻ എടുക്കുന്ന ആദ്യത്തെ പടത്തിൽ അങ്ങൊരു പാട്ടുപാടണം. അതാണെന്റെ ആഗ്രഹം. ' ചൗഡയ്യ പറഞ്ഞു.

'ശരി ഞാൻ പാടാം. എനിക്ക് അയ്യായിരം രൂപാ തരണമെന്നു പറഞ്ഞിരുന്നതിനു കാരണം മറ്റൊന്നുമല്ല. ചെമ്പൈയിലുള്ള പാർത്ഥസാരഥി ഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ വിഗ്രഹത്തിനു ഈ രൂപാ കൊണ്ട് ഒരു സ്വർണ്ണകവചം (തിരുവാഭരണം) പണിതു ചാർത്തണം.'

ചൗഡയ്യായുടെ പടത്തിൽ ചെമ്പൈ പാടുകയും 5000 രൂപാ കൊടുക്കുകയും ചെയ്തു. അക്കാലത്തു 5000 രൂപ എത്ര വലിപ്പമുള്ളതാണ്. ഈരൂപാ മുഴുവനും ഉപയോഗിച്ച് ഒരു സ്വർണ്ണകവചം ചെമ്പൈ പാർത്ഥസാരഥി ക്ഷേത്രത്തിൽ തന്റെ വകയായി ഭാഗവതർ ചാർത്തുകയും ചെയ്തു.

സംഗീത ഷഷ്ട്യബ്ദപൂർത്തി

എട്ടാമത്തെ വയസ്സുമുതൽ സംഗീതക്കച്ചേരി നടത്തിത്തുടങ്ങിയ ചെമ്പൈയ്ക്ക് 78 വർഷം പൂർത്തിയാക്കി പാടുവാൻ സാധിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന പല സംഗീതവിദ്വാന്മാരും അവരുടെ ആയുഷ്ക്കാലത്തിൽ പത്തുകൊല്ലത്തിൽ കൂടുതൽ ശോഭിച്ചിരുന്നില്ല. അതിനിടയിൽ എന്തെങ്കിലും കാരണങ്ങളാൽ അവർക്ക് പാടുവാൻ സാധിക്കാതെവരികയും ചെയ്തിരുന്നു. പഴയ കാലത്ത് പാടിയിരുന്ന പലരും 35 വയസ്സിനുള്ളിൽ മരണമടഞ്ഞിട്ടുണ്ട്.

സംഗീതം ശരിക്കും കൈകാര്യം ചെയ്യുന്നതിന് ശരീരസൗഖ്യം, ശാരീരസൗഖ്യം, ബ്രഹ്മചര്യം, മനോസുഖം, സാധകം ഇവ അത്യാന്താപേക്ഷിതമാണ്. ചെമ്പൈ വൈദ്യനാഥഭാഗവതർ വിവാഹിതനായിരുന്നുവെങ്കിലും ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിനാണു കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. മറ്റുള്ള യാതൊരു അസാന്മാർഗ്ഗിക നടപടികളും ചെമ്പൈക്കില്ലായിരുന്നു. ചെമ്പൈയ്ക്കുണ്ടായിരുന്ന ശാരീരസൗഖ്യം, ആയുസ്സു തുടങ്ങിയവ ഒന്നുംതന്നെ മറ്റൊരു സംഗീതവിദ്വാനും ഉണ്ടായിരുന്നില്ല. ബ്രഹ്മചര്യം, ഭക്തി, ദിനചര്യ, സാധകശക്തി ഇവകൊണ്ടു സംഗീതഷഷ്ട്യബ്ദപൂർത്തി നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

പത്മഭൂഷൺ

1973-ൽ ചെമ്പൈ വൈദ്യനാഥഭാഗവതർക്കു പത്മഭൂഷൺ അവാർഡ് നൽകി, ഇന്ത്യാഗവൺമെന്റ് ബഹുമാനിച്ചു. തഞ്ചാവൂരിൽ നിന്നും സംഗീതസമ്രാട്ട്, ബാംഗ്ലൂരിൽ നിന്നും ഗാനഗന്ധർവ്വ, ഗുരുവായൂരിൽ നിന്നും അഭിനവത്യാഗബ്രഹ്മം, മദ്രാസ് മ്യൂസിക്ക് അക്കാഡമിയിൽ നിന്നും സംഗീതകലാനിധി എന്നീ ബഹുമതികളും കൊടുത്തിട്ടുണ്ട്. (1958-ൽ ദേശീയ അവാർഡുകളും കിട്ടിയിട്ടുണ്ട്.)

അവസാന നിമിഷങ്ങൾ

1974 ഒക്ടോബർ 11-ാം തീയതി ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു. വെള്ളിയാഴ്ച യാത്രയ്ക്കു കൊള്ളുകയില്ല എന്നുള്ള വിശ്വാസപ്രകാരം 11-ാം തീയതി വെള്ളിയാഴ്ച യാത്ര പുറപ്പെടുന്നതിൽ ശ്രീ ചെമ്പൈയുടെ വീട്ടുകാർ തടസം പറഞ്ഞു. 12-ാം തീയതി തൃശൂർ ത്യാഗബ്രഹ്മസഭയിൽ കച്ചേരി നടത്തേണ്ടതുകൊണ്ട് വെള്ളിയാഴ്ച ഒന്നും നോക്കാതെ തന്നെ 11-ാം തീയതി തൃശൂർക്ക് ചെമ്പൈ യാത്രയായി. ഇനി അങ്ങനെ എന്തെങ്കിലും സംഭിവിച്ചാലും അക്കാര്യത്തിൽ എനിക്ക് അല്പം പോലും ഭയവുമില്ല. ഗുരവായൂരപ്പൻ ഈ വയസ്സുകാലത്ത് എന്നെ പാടിച്ചുകൊണ്ടിരിക്കുന്നത് മറ്റൊന്നുക്കൊണ്ടുമല്ല. ഞാൻ ഗുരവായൂരപ്പന് കടക്കാരനാണ്. ഇനിയും കടം വീട്ടുവാനുണ്ടായിരിക്കും. (പാടി കിട്ടുന്ന രൂപ മുഴുവനും ചെമ്പൈ ഗുരുവായൂർ ക്ഷേത്രത്തിലേക്ക് നൽകുകയായിരുന്നു ചെയ്തിരുന്നത്.) 'മറ്റൊന്നും എനിക്കുവേണ്ട, അനായാസേന മരണം അതാണെനിക്കുവേണ്ടത്.'

12-ാം തീയതി തൃശൂർ സ്റ്റേഷനിൽ സീതാറാം രാമചന്ദ്ര അയ്യരും ത്യാഗബ്രഹ്മസഭാഭാരവാഹികളും ചേർന്ന് ചെമ്പൈയെ സ്വീകരിച്ചു. അന്ന് അഴഗിരിസ്വാമി വയലിനും, രാമ മൂർത്തി, മോഹൻ എന്നിവർ മൃദംഗവും ആലം കുടി രാമചന്ദ്രൻ ഘടവും വായിച്ച് കച്ചേരി അതിഗംഭീരമാക്കി.

ഒക്ടോബർ 14-ാം തീയതിവരെ സീതാറാം ഹൗസിൽ താമസിച്ചു. (തൃശൂരിൽ എപ്പോൾ കച്ചേരിക്കുപോയാലും അപ്പോഴെല്ലാം സീതാറാം ഹൗസിലേ അദ്ദേഹം താമസിച്ചിട്ടുള്ളൂ)

ഒക്ടോബർ 14-ാം തീയതി രാത്രി കോയമ്പത്തൂരിലെത്തി. 15-ാം തീയതിയാണ് കച്ചേരിയെങ്കിലും നേരത്തെതന്നെ കോയമ്പത്തൂരിൽ എത്തിച്ചേർന്നു. കച്ചേരി നടത്തേണ്ടതു പോരൂർ എന്ന സ്ഥലത്തായിരുന്നു. അങ്ങോട്ടേക്ക് ഒരു കാറിൽ യാത്ര പുറപ്പെട്ടു. പോരൂർമഠത്തിനടുത്തുള്ള കൃഷ്ണസ്വാമി എന്നയാളുടെ വീട്ടിൽ താമസിച്ചു.

പെട്ടികളും കിടക്കയും കാറിൽനിന്നിറക്കിക്കൊണ്ടു വരുവാൻ ശിഷ്യന്മാരോടു പറഞ്ഞു. പെട്ടികളിറക്കി. കിടക്ക എടുത്തു

നോക്കുമ്പോൾ അതു തീ കത്തി എരിഞ്ഞുപോയിരിക്കുന്നതായി കണ്ടു. കിടക്ക തീകത്തുന്നത് ശാസ്ത്ര പ്രകാരം ശരിയല്ല. ഒരു അപ കടസൂചനയായിരുന്നു. ഈ വിവരം ശിഷ്യന്മാർ ചെമ്പൈയെ അറി യിച്ചു. 'എല്ലാം ശരിയായി നോക്കാത്തതുകൊണ്ടല്ലേടാ ഇതൊക്കെ വരുന്നത് ' എന്ന് ശിഷ്യന്മാരെ വഴക്കുപറഞ്ഞു.

എങ്കിലും അദ്ദേഹത്തിന് ആകപ്പാടെ ബഡ്സ് കത്തിയത് ഒരു അപശകുനമായി തോന്നി (ആ ബഡ്സിൽ പിന്നീട് കിടന്നുറങ്ങിയിട്ടു മില്ല). 15-ാം തീയതി രാത്രിയിൽ പോരൂർമഠത്തിലെ കച്ചേരി കഴിഞ്ഞ് രാത്രി തന്നെ ഒറ്റപ്പാലത്തിനു പുറപ്പെട്ടു. ഒളപ്പമണ്ണ ഇല്ലത്തിൽ താമ സിച്ചു. ഒ. എം. വി. എന്ന പ്രസിദ്ധനായ നമ്പൂതിരിപ്പാടും ശ്രീ ചെമ്പൈയുടെ ഒരു വാത്സല്യശിഷ്യനാണ്. ഒറ്റപ്പാലത്തോ പരിസ രത്തോ കച്ചേരിക്കു ചെന്നുകഴിഞ്ഞാൽ ഒളപ്പമണ്ണ ഇല്ലത്തിലേ ചെമ്പൈ താമസിക്കുകയുള്ളു. 16-ാം തീയതി രാവിലെ ചെമ്പൈ ഒറ്റപ്പാലത്ത് എത്തി ഒളപ്പമണ്ണ ഇല്ലത്തിൽ താമസിച്ചു.

വളരെക്കാലമായി കാണാതിരുന്ന ഒരു അകന്ന ബന്ധുവിനെ ശ്രീ ചെമ്പൈയ്ക്കു കാണണമെന്ന് അന്ന് ആഗ്രഹമുണ്ടായി. ഒരു കാറിൽ അവിടെ ചെന്നു. അവർക്കുണ്ടായ സന്തോഷത്തിന് കണ ക്കില്ല. അവിടെനിന്ന് ഒരു ഗ്ലാസ് പാൽമാത്രം കഴിച്ച് ഉച്ചയ്ക്ക് ഊണി നുമുമ്പ് ഒളപ്പമണ്ണയിലെത്തിചേർന്നു. ഉച്ചയൂണുംകഴിഞ്ഞ് ഒന്നു മയങ്ങി; വൈകുന്നേരം അഞ്ചുമണിക്ക് എഴുന്നേറ്റു കാപ്പി കുടിച്ചു. കച്ചേരി ഏഴുമണിക്കാണ്.

ചെമ്പൈ ആദ്യം സംഗീതം അഭ്യസിച്ചതിനുശേഷം അരങ്ങേ റിയ അതേ പൂഴിക്കുന്നം ക്ഷേത്രത്തിലാണ് കച്ചേരി. ക്ഷേത്രത്തി ലെത്തിച്ചേരുവാൻ വാഹനസൗകര്യമില്ലായിരുന്നു. നടന്നുപോകാനേ പറ്റിയുള്ളു. എന്താ ചെയ്യുന്നതെന്ന് ആലോചിച്ചു. ശ്രീ ചെമ്പൈക്ക് ഒട്ടുതന്നെ നടക്കുവാൻ പറ്റുകയില്ല. ഒരു പല്ലക്ക് ഏർപ്പാടുചെയ്യാം. അതേ ഇവിടെ കിട്ടുകയുള്ളു. നാലുപേർ എടുത്തു തോളിൽ വച്ചു കൊണ്ടു പോകുന്ന സ്ട്രച്ചർ എന്നും പറയാം. ഇതിൽ കിടന്നു കൊണ്ടേ യാത്രചെയ്യുവാനൊക്കുകയുള്ളു. കിടന്നുകൊണ്ടുപോകു വാൻ മാത്രം സൗകര്യമുള്ളതായിരുന്നു ഒറ്റപ്പാലത്തുകിട്ടിയ സ്ട്രച്ചർ.

ഒരു മടിയും കൂടാതെ ചെമ്പൈ ആ പല്ലക്കിൽ കിടന്നു. ഇതു കണ്ടുനിന്നവർക്ക് മനസ്സിൽ വലിയ പ്രായാസങ്ങളുണ്ടാക്കി. പലരും

ഇതു വേണ്ടാ എന്നൊക്കെ പറഞ്ഞു. 'ആരും പേടിക്കണ്ട. അവസാനത്തെ യാത്ര ഇങ്ങനെയാണെങ്കിൽ ആയിക്കൊള്ളട്ടെ.' അദ്ദേഹം അതു വെറും തമാശയായിട്ടാണു പറഞ്ഞത്. എന്താ ആലംകുടീ. നീ വരുന്നോ എന്നു ചോദിച്ചു. അദ്ദേഹം 'ഗുരുവായൂരപ്പാ' എന്നു മാത്രം പറഞ്ഞു.

ഒരു ഗ്യാസ് ലൈറ്റ് മുമ്പിൽ പിടിച്ചുകൊണ്ട്, നാലുപേരുടെ സഹായത്തോടെ പല്ലക്ക് പൂഴിക്കുന്നം ക്ഷേത്രത്തിലേക്കു നീങ്ങി. പുറകെ ബാക്കി അവിടെ കൂടിനിന്നവരും അനുയാത്രചെയ്തു. പിന്നീട് സംഭവിക്കാൻപോകുന്ന അത്യാഹിതത്തിന്റെ നാന്ദിയാണിതെന്ന് അദ്ദേഹമോ മറ്റുള്ളവരോ അറിഞ്ഞിരുന്നില്ല.

പൂഴിക്കുന്നം ക്ഷേത്രത്തിൽ ചെല്ലുമ്പോൾ ചെമ്പൈയുടെ മറ്റൊരു ശിഷ്യൻ കുഞ്ചുവാര്യരുടെ ശിഷ്യത്തികളായ കുട്ടികളുടെ സംഗീതക്കച്ചേരി നടന്നുകൊണ്ടിരിക്കുകയായിരുന്നു.

പല്ലക്കിൽനിന്നും താഴെയിറങ്ങി നേരെ സദസ്സിൽ ചെന്നിരുന്നു. കുട്ടികളുടെ കച്ചേരി കേട്ടുകൊണ്ടിരുന്നു. ഇടയ്ക്കു നല്ല അപ്ലാസുകൾ ഇട്ട് കുട്ടികളുടെ കച്ചേരിക്കു കൊഴുപ്പു കൂട്ടിക്കൊടുത്തുകൊണ്ടിരുന്നു. കുട്ടികളുടെ കച്ചേരികഴിഞ്ഞ് അവരെ രണ്ടു പേരെയും മടിയിൽ ഇരുത്തി ആശിർവദിച്ചു.

രാത്രി ഏഴുമണിക്കു ശ്രീ ചെമ്പൈയുടെ സംഗീതക്കച്ചേരി തുടങ്ങി. ജീവിതത്തിൽ അവാസാനമായി പാടുന്ന സംഗീതക്കച്ചേരി. അക്കാര്യം അദ്ദേഹം അറിഞ്ഞിരുന്നില്ല.

അന്നത്തെ കച്ചേരിയിൽ സാധാരണ പാടാത്ത പല കീർത്തനങ്ങളും പാടി. കച്ചേരി നിർത്തുന്ന ലക്ഷണം കാണുന്നില്ല. വലിയ വലിയ കീർത്തനങ്ങൾ പാടുന്നത് വിഷമകരമാണല്ലോ. അതും അദ്ദേഹത്തിന്റെ രീതിയിൽ എത്ര കഷ്ടമുള്ളതായാലും നന്നായിട്ടു തന്നെ പാടിത്തീർക്കണമെന്നുള്ളതായിരുന്നു പതിവ്. ഒളപ്പമണ്ണ ഒ. എം. വി. കടലാസ്സിൽ ഒരു കുറിപ്പെഴുതിക്കൊടുത്തു. 'ഒന്നുകൂടി പാടിയിട്ടു നിർത്താം.' എന്ന് ഒളപ്പമണ്ണ എഴുതിയിരുന്നു.

കുറിപ്പു ചെമ്പൈ വാങ്ങി വായിച്ചു. ഉടനെ വന്ദേമാതരമംബികാം ഭഗവതീം എന്നു തുടങ്ങുന്ന ശ്ലോകം പാടിത്തുടങ്ങി . വന്ദേമാതരം അന്ന് അതിസുന്ദരമായി പാടി. മംഗളം പാടി കച്ചേരി അവസാനിപ്പിച്ചു. അന്നു പതിവില്ലാതെ അനേകം ഫോട്ടോകൾക്ക്

അദ്ദേഹം ഇരുന്നു കൊടുക്കുകയും ചെയ്തു. വന്നതുപോലെ തന്നെ പല്ലക്കിൽ ഒളപ്പമണ്ണ ഇല്ലത്തിലേക്ക് മടങ്ങി. വഴിമദ്ധ്യേ തമാശകൾ പറഞ്ഞുകൊണ്ടിരുന്നു.

പല്ലക്ക് ഒളപ്പമണ്ണ ഇല്ലത്തിൽ എത്തിച്ചേർന്നു. നല്ല ക്ഷീണം ഉണ്ടായിരുന്നെങ്കിലും അതൊന്നും അദ്ദേഹം ആരോടും തന്നെ പറഞ്ഞില്ല. പെട്ടെന്ന് ഒന്ന് മൂത്രമൊഴിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഒന്നു പിടിക്കു എന്ന് പറഞ്ഞ് തെക്കേടത്തു നമ്പൂതിരിയെ വിളിച്ചു. അതികഠിനമായ ക്ഷീണം തോന്നിയതിനാൽ തിണ്ണയ്ക്കടുത്തുതന്നെ ഇരുന്നു മൂത്രമൊഴിച്ചു. അപ്പോഴേക്കും നല്ല ക്ഷീണം അനുഭവപ്പെട്ടു. കാലും മുഖവുമെല്ലാം പെട്ടെന്നു കഴുകി വൃത്തിയാക്കിയപ്പോഴേക്കും ഒന്നു കിടക്കണമെന്നു പറഞ്ഞു. നിലത്തു പെട്ടെന്നു കിടത്തി. ആകപ്പാടെ ലക്ഷണങ്ങളൊക്കെ മാറിക്കഴിഞ്ഞു. എല്ലാവരും ഉൽകണ്ഠാകുലരായി അദ്ദേഹത്തെത്തന്നെ നോക്കിനിന്നു. അന്ത്യനിമിഷമാണെന്ന് മനസ്സിലാക്കി അവിടെ കൂടിയിരുന്ന എല്ലാവരും ചേർന്ന്, 'ഗുരുവായൂരപ്പാ – നാരായണ' എന്ന് കണ്ണുനീർ വിട്ട് തേങ്ങി കരഞ്ഞു. 'ഗുരുവായൂരപ്പാ – നാരായണാ' എന്നുള്ള വിളികൾ മുഴങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ശ്രീ ചെമ്പൈ അന്ത്യശ്വാസം വലിച്ചു. എല്ലാവരും പൊട്ടിക്കരഞ്ഞു. ആലംകുടി രാമചന്ദ്രന്റെ കരച്ചിൽ ഒറ്റപ്പാലം മുഴുക്കെ കേൾക്കാമായിരുന്നു. ചെമ്പൈയുടെ മരണവാർത്ത കാട്ടുതീപോലെ ഒറ്റപ്പാലത്തും പരിസരങ്ങളിലും പരന്നു. ഒളപ്പമണ്ണ ഇല്ലത്തേക്ക് ആളുകൾ പ്രവഹിച്ചുതുടങ്ങി.

ഒക്ടോബർ 17-ാം തീയതി വൈകുന്നേരത്തോടുകൂടി മൃതദേഹം ചെമ്പൈഗ്രാമത്തിലുള്ള സ്വന്തം വീട്ടിൽ കൊണ്ടുവന്നു. ഇതിനോടകം ഇന്ത്യയൊട്ടുക്കുള്ള ചെമ്പൈയുടെ ആരാധകവൃന്ദങ്ങളുടെ കമ്പിസന്ദേശങ്ങളുടെ പ്രവാഹമായി. എല്ലാ പത്രങ്ങളിലും തലക്കെട്ടോടുകൂടി ചെമ്പൈയുടെ മരണവാർത്ത പ്രസിദ്ധീകരിച്ചിരുന്നു. റേഡിയോയിൽകൂടി പ്രത്യേകമായി ചെമ്പൈയുടെ നിര്യാണവാർത്ത പല പ്രാവശ്യം പറഞ്ഞുകൊണ്ടിരുന്നു. കേരളത്തിലുള്ള ആരാധകരെല്ലാം ചെമ്പൈഗ്രാമത്തിലേക്കു വന്നെത്തി. നാലുമണിയോടുകൂടി ചെമ്പൈഗ്രാമം ജനനിബിഡമായിക്കഴിഞ്ഞിരുന്നു.

ചെമ്പൈഗ്രാമത്തിന്റെ വക പൊതു ശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടന്നു കൊണ്ടിരുന്നു. അഞ്ചുമണിക്ക് മഹാനായ ചെമ്പൈയുടെ വിലാപയാത്ര

ശ്മശാനത്തിലേക്കു നീങ്ങി. വഴിയുടെ ഇരുവശങ്ങളിലും ജനങ്ങൾ കൂടിനിന്ന് ചെമ്പൈയുടെ മൃതദേഹത്തിന് ആദരാഞ്ജലികൾ നിറഞ്ഞ കണ്ണുകളോടെ അർപ്പിച്ചു. കൃത്യം ആറുമണിക്കു വിലാപ യാത്ര ശ്മശാനത്തിൽ എത്തിച്ചേർന്നു.

അന്ത്യകർമ്മങ്ങൾ നടത്തി മൃതദേഹം ചിതയ്ക്കുമുകളിൽ വെച്ചു. ഹൃദയഭേദകരമായ ആ കാഴ്ചകണ്ട് ശിഷ്യരിൽ പലരും ബോധംകെട്ടു നിലത്തുവീണു. ചെമ്പൈയുടെ സഹോദരപുത്രനായ തങ്കപ്പു ആദ്യമായി ചിതയ്ക്കു തീകൊളുത്തി. അവിടെ കൂടിനിന്ന വരെല്ലാം വാവിട്ടു നിലവിളിച്ചു. മൃതശരീരം കാണാൻ വയ്യാത്ത വിധം തീജ്ജ്വാലകൾ ശരീരത്തെ വിഴുങ്ങി.

മീനാക്ഷിയമ്മയുടെ നിര്യാണം.

ജീവിതനാഥനായ ഒരു ഭർത്താവിന്റെ വേർപാട് ഒരു ഭാര്യയെ എത്രമാത്രം ഉലയ്ക്കുമെന്ന് ചിന്തിക്കാവുന്നതേയുള്ളു. ജീവിത ത്തിൽ മുഴുവനും തന്നോടൊപ്പമുണ്ടായിരുന്ന തന്റെ എല്ലാമെല്ലാ മായ സർവേശ്വരൻ പോയി. 'ഇനി ഞാൻ എന്തിനു ജീവിച്ചിരി ക്കുന്നു. ഗുരുവായൂരപ്പാ .... എന്നെയും എത്രയും വേഗം അദ്ദേഹ ത്തോടൊപ്പം എത്തിക്കണേ .' എന്നു സദാ അലമുറയിട്ടുകൊണ്ട് ദുഖം താങ്ങാനാവാതെ അന്നുമുതൽ ഭക്ഷണംപോലും ഉപേക്ഷി ച്ചിട്ട് നിമിഷങ്ങളുടെ ഭാരവും പേറി മീനാക്ഷിയമ്മാൾ കഴിച്ചുകൂട്ടി.

ഓരോ ദിവസം ചെല്ലുന്തോറും, മീനാക്ഷിയമ്മാളിന് (ഞങ്ങൾ അവരെ അമ്മയെന്നാണ് വിളിച്ചിരുന്നത്) ശാരീരികമായ അസുഖ ങ്ങൾ വർദ്ധിച്ചുവന്നു.

'എന്നെ വന്നു വിളിക്കുന്നു, എന്നെ വന്നു വിളിക്കുന്നു' എന്നൊക്കെ ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്നു.

രോഗം കലശലായി. 1975 ജനുവരി 20ാംനു അവർ അന്ത രിച്ചു. ചെമ്പൈ സ്വാമി മരിച്ചുകഴിഞ്ഞ് 96 ദിവസമേ അമ്മ ജീവിച്ചി രുന്നുള്ളു.

ചെമ്പൈ കുടുംബം ഇന്ന്

ചെമ്പൈയുടെ സംഗീത പാരമ്പര്യം നിലനിർത്താൻ തനിക്ക് ഒരാൺകുട്ടിയില്ലാതായതിൽ ഭാഗവതർ ജീവിച്ചിരുന്ന കാലത്ത് ഏറെ ദുഖിച്ചിരുന്നു. ആൺകുട്ടികൾ ഉണ്ടാകാതിരുന്നിട്ടില്ല. പക്ഷെ അവർക്കൊക്കെ ഹ്രസ്വായുസ്സുമാത്രം.

ചെമ്പൈയിൽ നിന്നും കച്ചേരിക്ക് ഇറങ്ങിയാൽ ഒന്നു രണ്ടു മാസം കഴിഞ്ഞായിരിക്കും തിരിച്ചു വീട്ടിലെത്തുക. ഓരോ തവണ തിരിച്ചു വരുമ്പോളും വീട്ടിൽ ഒരു ആൾകൂട്ടം – ഒരു കുട്ടി മരിച്ചു – ഇങ്ങനെ നാല് ആൺകുട്ടികളും രോഗം പിടിപെട്ടു മരിച്ചുപോയി. ഏകമകൾ പാർവ്വതിയാണ്. വൈദ്യനാഥഭാഗവതരുടെ സഹോദരീ പുത്രനായ ചെമ്പൈ നാരായണൻ ഇവരെ വിവാഹം കഴിച്ചു. നാരായണൻ സംഗീതജ്ഞനാണ്. കുടുംബപാരമ്പര്യമനുസരിച്ച് സംഗീതപ്രിയനായതിൽ അത്ഭുതമില്ലല്ലോ. സംഗീതപാഠം ചൊല്ലികൊടുത്തു പഠിപ്പിച്ചത് അമ്മാവനായ വൈദ്യനാഥഭാഗവതർ തന്നെയായിരുന്നു.നാരായണൻ പാലക്കാടു വിക്ടോറിയ കോളേജിൽ നിന്നും ബി.എസ്.സി പാസായെങ്കിലും ഭാഗവതരുടെ നിർദ്ദേശാനുസരണം സംഗീതം തൊഴിലായി സ്വീകരിക്കുകയാണ് ചെയ്തത്. പക്ഷേ, ചെമ്പൈ കുടുംബത്തിന്റെ സംഗീത പാരമ്പര്യം നിലനിർത്തുന്നതിന് സന്താനഭാഗ്യമില്ലാതായിപ്പോയി.

സഹപ്രവർത്തകരും ശിഷ്യന്മാരും

പാലക്കാട്ട് മണിഅയ്യർ

ഒരിക്കൽ മദ്രാസ് മ്യൂസിക്ക് അക്കാഡമിയിൽ ഒരു കച്ചേരി നടത്താൻ ചെമ്പൈക്കു ക്ഷണം കിട്ടി. തന്റെ കൂടെ മൃദംഗം വായിക്കുന്നത് ഒരു കൊച്ചു പയ്യനാണെന്ന കാര്യം ഭാഗവതർ ഭാരവാഹികളെ അറിയിച്ചു. ഇതു ഭാരവാഹികൾക്ക് ഒട്ടും രസിച്ചില്ല. മൃദംഗത്തിനു പ്രായമുള്ള മറ്റാരെയെങ്കിലുമാക്കണമെന്ന് അവർ ആവശ്യമുന്നയിച്ചു.സാദ്ധ്യമല്ലെന്ന് ഭാഗവതരും. തർക്കം മൂത്തുവന്നപ്പോൾ ഭാഗവതർ പറഞ്ഞു. 'ശരി എന്നാൽ പാടുന്നില്ല. നിങ്ങൾ മറ്റാരെയെങ്കിലും ഏർപ്പാടുചെയ്തുകൊള്ളുക.'

ഒടുവിൽ അവർക്കു കീഴടങ്ങേണ്ടിവന്നു. നിശ്ചിത സമയത്ത് കച്ചേരി തുടങ്ങി. ഒരു കൊച്ചു പയ്യൻ ചെമ്പൈക്കു മൃദംഗം വായിച്ചുകൊടുക്കുന്നു എന്നു കേട്ടപ്പോൾ അതെല്ലാവർക്കും തമാശയായി തോന്നി. പക്ഷേ, പാട്ടിനോടൊപ്പം മണിഅയ്യർ മൃദംഗം വായിച്ചുതുടങ്ങിയപ്പോൾ സദസ്സിൽനിന്നു കയ്യടികൾ തുടരെത്തുടരെ ഉയർന്നുകൊണ്ടിരുന്നു. മണിഅയ്യരുടെ തനിയാവർത്തനം കേട്ടിരുന്നവരെ പുളകം കൊള്ളിക്കുകയും ചെയ്തു.

അടുത്ത ദിവസവും മണി അയ്യർതന്നെ മൃദംഗം വായിക്കണമെന്ന് അവിടെയുള്ള ഓരോരുത്തരും അഭിപ്രായപ്പെട്ടു.

ചെമ്പൈയോടൊത്തു നടത്തിയ ആദ്യത്തെ കച്ചേരിയോടുകൂടി മണിഅയ്യരുടെ പ്രശസ്തി ലോകമെങ്ങും അറിയാനിടവന്നു. പിന്നീടു നടന്ന എല്ലാ കച്ചേരികളിലും മണി അയ്യർ സ്ഥിരമായുണ്ടായിരുന്നു. ഇടയ്ക്ക് ഇരുവരും ' പിണങ്ങിയിരുന്നതൊഴിച്ചാൽ തുടർച്ചയായി പന്ത്രണ്ടുവർഷക്കാലം ഭാരതമൊട്ടുക്ക് ഇവർ ചേർന്നുള്ള സംഗീത സദസ്സുകൾ നടന്നിട്ടുണ്ട്.

1966-ൽ കോയമ്പത്തൂരെ പുരന്തരദാസ ഉത്സവത്തിൽ ചെമ്പൈയുടെ കച്ചേരിയുണ്ടായിരുന്നു. പിറ്റേദിവസം അവിടെ മറ്റൊരു കച്ചേരിക്കു വായിക്കുന്നതിനായി മണിഅയ്യർ എത്തിയിരുന്നു. തന്റെ ഷഷ്ഠിപൂർത്തിദിവസമായ അന്ന് ചെമ്പൈയെ കണ്ട് ആശിർവാദം വാങ്ങണമെന്നു കരുതി മണിഅയ്യർ മദ്രാസിലേക്കു മടങ്ങിയില്ല.

ചെമ്പൈയും ശിഷ്യരും (ജയവിജയ) പക്കവാദ്യവിദ്വാന്മാരും രാവിലെ എത്തിച്ചേർന്നിരുന്നു. കുളിയും, പൂജയും, ഭക്ഷണവും കഴിഞ്ഞു അല്പമൊന്നുവിശ്രമിക്കുകയായിരുന്നു ചെമ്പൈ. മണി അയ്യരും രണ്ടു സുഹൃത്തുക്കളും ഭാഗവതരുടെ മുറിയിലെത്തി. മണി അയ്യരെ കണ്ടമാത്രയിൽ വളരെ സന്തോഷത്തോടുകൂടി അദ്ദേഹം സ്വീകരിച്ചിരുത്തി. (ഈ കാലത്ത് അവർ തമ്മിൽ മാനസികമായി അല്പം വിരോധത്തിലായിരുന്നു.).

'എന്നാ മണീ, ഉനക്കു ഇന്നേക്കു അറുപതു വയസ്സു പൂർത്തിയാകി വിട്ടത്, ജന്താപകം എനിക്കിരുക്കിറത്!

ഇതുകേട്ട് മണി അയ്യരുടെ കണ്ണുകൾ നിറഞ്ഞു. എവളവ് ജന്താപക ശക്തി ഉങ്കളുക്ക്.'

' ഉന്നൈ നാൻ മറപ്പേനാ –മണീ...നീ മാത്രമേ അമ്പതു വർഷം മൃദംഗം വായിച്ചു പൂർത്തിയാക്കിയിട്ടുള്ളൂ. നൂറുവർഷം ഇങ്ങനെ വായിച്ചുകൊണ്ടിരിക്കണം. ഗുരുവായൂരപ്പൻ അനുഗ്രഹിക്കട്ടെ.'

മണി അയ്യർ നിറകണ്ണുകളോടെ ഭാഗവതരെ സാഷ്ടാംഗപ്രണാമം ചെയ്തു. അതിനുശേഷം ധാരാളം കച്ചേരികളിൽ മണി അയ്യർസഹകരിച്ചിട്ടുണ്ട്. അവർ തമ്മിലുള്ള മാനസിക അകൽച്ച മാറുകയും ചെയ്തു. ഇതിന് ഈ ലേഖകർ സാക്ഷികളാണ്.

ടി.വി.ഗോപാലകൃഷ്ണൻ

ചെമ്പൈയോടൊപ്പം വളരെ വർഷക്കാലം ഇന്ത്യയിലുടനീളം ചെമ്പൈയുടെ സംഗീതസദസ്സുകളിൽ പങ്കെടുത്ത് മൃദംഗം വായിച്ചിട്ടുണ്ട്. ചെമ്പൈയുടെ പ്രിയങ്കരനായ ശിഷ്യനുമാണ്. മൃദംഗവായനയിൽ അനിതരസാധാരണമായ പാണ്ഡിത്യമുള്ള ഇദ്ദേഹം അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ രവിശങ്കറോടൊപ്പം (സിത്താർ)സഞ്ചരിച്ച് സംഗീതസദസ്സുകളിൽ പങ്കെടുത്തിട്ടുണ്ട്.

പൂമുള്ളി മന രാമൻ നമ്പൂതിരിപ്പാട്

കേരളത്തിൽ ശ്രീ ചിത്തിരത്തിരുനാൾ മഹാരാജാവ് കഴിഞ്ഞാൽ സ്വത്തും, ധനവും, ശ്രേയസ്സുമുള്ള ഒരേ ഒരു മന (ഇല്ലം) പൂമുള്ളി മനയാണ്. അവിടുത്തെ തമ്പുരാക്കന്മാരെല്ലാം സംഗീതത്തിൽ അഗാധമായ വാസനയുള്ളവരായിരുന്നു. അവരിൽ രാമൻ നമ്പൂതിരിപ്പാട്, ഹിന്ദുസ്ഥാനീ സംഗീതം, ഇംഗ്ലീഷ് മ്യൂസിക്ക് ഇവകളിൽ നല്ല

പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ആളായിരുന്നു. 1945-ൽ ചെമ്പൈ വൈദ്യനാഥഭാഗവതരുമായി പരിചയത്തിലാവുകയുംചെയ്തു. ചെമ്പൈയോടൊപ്പം അനേകം സംഗീതക്കച്ചേരികളിൽ പങ്കെടുത്തിരുന്നു. ഗുരുവിന്റെ വാത്സല്യശിഷ്യന്മാരിൽ പ്രമുഖനാണ് രാമൻ നമ്പൂതിരി.

മറ്റുശിഷ്യന്മാർ

* ആലങ്കുടി രാമചന്ദ്രൻ, ഗോവിന്ദൻ നമ്പ്യാർ, കടത്തനാട് രാജാക്കുറുപ്പ്, പല്ലാവൂർ മണി, സി. ആർ. മണി,സുന്ദരം, ഒളപ്പമണ്ണ, ഒ.എം.വി, വി. വി. സുബ്രമഹ്ണ്യം, ടി.കെ. ഗോവിന്ദറാവു, ഗുരുവായൂർ പൊന്നമ്മാൾ, മങ്കുത്തമ്പുരാട്ടി, പരമേശ്വരൻ നമ്പൂതിരി, പി. ലീല. തൃശൂർ മോഹൻ, ടി.വി. രമണി, ടി.വി. വാസൻ, മണ്ണൂർ രാജകുമാരനുണ്ണി, ജയലക്ഷ്മി ശ്രീനിവാസൻ തുടങ്ങി ആയിരത്തിൽപ്പരം ശിഷ്യന്മാർ ചെമ്പൈക്കുണ്ട്.

പക്കവാദ്യ മഹാവിദ്വാന്മാർ

മലക്കോട്ടൈ ഗോവിന്ദസ്വാമിപ്പിള്ളൈ, പുതുക്കോട്ടൈ ദക്ഷിണാമൂർത്തിപിള്ളൈ, അഴകൻ തമ്പിപ്പിള്ളൈ, പാലക്കാട്ട് മണി അയ്യർ, ടി.കെ. മൂർത്തി, പഴനി സുബ്രഹ്മണ്യം (സുബ്ബുഡു),ടി.വി. ഗോപാലകൃഷ്ണൻ, ഉമായൾപുരം ശിവരാമൻ, പാലക്കാട് രഘു, ട്രിച്ചി ശങ്കരൻ, വെല്ലൂർ രാമഭദ്രൻ, വില്വാദ്രി അയ്യർ, കോദണ്ഡരാമയ്യർ, ആലങ്കുടി രാമചന്ദ്രൻ, പാലക്കാട് സുന്ദരം ,പാലക്കാട് കുഞ്ചുമണി.,പരമേശ്വരൻനമ്പൂതിരി, പനങ്ങാടു ചന്ദ്രൻ,മാവേലിക്കര കൃഷ്ണൻകുട്ടി നായർ, ഇ.എം.പഞ്ചാപകേശൻ, മഞ്ജുനാഥ്, ടി.എച്ച്. വിനായ്റാം, ഇ.എം. സുബ്രഹമണ്യം, ടി. ചൗഡയ്യ,ലാൽഗുഡി , ജയരാമൻ, ബാലമുരളീകൃഷ്ണ, ടി.എൻ. കൃഷ്ണൻ, എം ചന്ദ്രശേഖരൻ, അഴഗിരി സ്വാമി, ടി.എൻ. വേദഗിരി, ടി.കെ. രാമചന്ദ്രൻ, ചാലക്കുടി നാരായാണസ്വാമി, ഡോ. എൽ. സുബ്രഹ്മണ്യം, ആനയമ്പെട്ടി ഗണേശൻ, എൽ വൈദ്യനാഥൻ, എൽ. ശങ്കരൻ, ടി. രുഗ്മിണി, അണ്ണവരപ്പു രാമസ്വാമി, ദണ്ഡമുടി റാം മോഹൻ റാവു, എസ്. വി. എസ്. നാരായണൻ, ബാഗ്ലൂർ രാമാചാരി, തുടങ്ങിയവർ ചെമ്പൈയുടെ സംഗീതസദസ്സിൽ സംബന്ധിച്ചിട്ടുണ്ട്.

---

* ഇദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല.

ഭാഗം രണ്ട്

കുറെ ശ്ലഥസ്മരണകൾ

ചെമ്പൈയുടെ ഒരു ദിവസം

വെളുപ്പിന് നാലുമണിക്കുതന്നെ ഉണരുക ഭാഗവതരുടെ ഒരു പതിവായിരുന്നു. ഗംഗാദേവിയെ ധ്യാനിച്ചുകൊണ്ട് സാക്ഷാൽ ഗംഗാജലമാണ് തലയിലൊഴിക്കുന്നതെന്ന വിശ്വാസത്തോടെ കുളിക്കും. ഓരോ പാത്രം വെള്ളവും ഒഴിക്കുമ്പോൾ 'ശിവ, ശിവ' എന്നു ജപിക്കും. കുളിച്ച് തോർത്തിക്കഴിഞ്ഞാലുടനെ ഗായത്രി ജപത്തോടുകൂടി ഭസ്മം നെറ്റിയിലും ദേഹത്തും പുരട്ടും. അതിനു ശേഷം ഗുരുവായൂരപ്പന്റെ കളഭം ചാലിച്ച് വളരെ ഭംഗിയായി ഒരു കുറി തൊടും. ആ വലിയ ചന്ദനപ്പൊട്ടിനു താഴെ ഗണപതി പ്രസാദവും മദ്ധ്യത്തിൽ കുങ്കുമവും തൊടും. ഇത്രയൊക്കെ ആകുമ്പോഴേക്കും നേരം വെളുത്തു കഴിഞ്ഞിരിക്കും.

തുടർന്നു ലളിതാ സഹസ്രനാമ പാരായണവും നാരായണീയ പാരായണവും. ഇതു പൂർത്തിയാക്കിക്കഴിഞ്ഞെ പ്രഭാതഭക്ഷണം തുടങ്ങിയിരുന്നുള്ളു.

കാപ്പികുടി കഴിഞ്ഞ് മദ്രാസിലെ പ്രസിദ്ധമായ കാപാലീശ്വരക്ഷേത്രത്തിലേക്ക് കാറിൽ യാത്രയാകും. ചില അവസരങ്ങളിൽ ഞങ്ങളേയും ക്ഷേത്രദർശനത്തിന് കൂട്ടികൊണ്ടു പോകാറുണ്ടായിരുന്നു.

രാവിലത്തെ ശകുനത്തിന് തൊട്ടടുത്തു താമസിക്കുന്ന വയലിനിസ്റ്റ് ടി. കെ. രാമചന്ദ്രന്റെ ഭാര്യ രാജലക്ഷ്മിയെ ഏർപ്പാടു ചെയ്തിരുന്നു. വഴിയിലേക്കിറങ്ങുന്നതിനു മുമ്പ് രണ്ടു തവണ കൈകൊട്ടും ശകുനത്തിന് രാജലക്ഷ്മി പുറത്തേക്ക് വരാനുള്ള സൂചന. ശകുനം ആരെങ്കിലും മുടക്കുമെന്നു കരുതി എപ്പോഴും 'ശിവശിവ' ജപിച്ചുകൊണ്ടിരിക്കും.

ക്ഷേത്രത്തിലേക്കുള്ള പുറപ്പാട്. കാറിനു മുപ്പതു കിലോമീറ്ററിൽ കൂടുതൽ വേഗത കൂട്ടാൻ സ്വാമി ഡ്രൈവറെ അനുവദിക്കുന്നില്ല. ശിവമന്ത്രവും ശ്ലോകങ്ങളും ചൊല്ലിത്തീരുമ്പോളേക്കും വണ്ടി കാപാലീശ്വരക്ഷേത്രത്തിലെത്തിച്ചേരും. ഡോർ തുറന്ന് ഞങ്ങളുടെ ഓരോ കൈയിലും ബലമായി പിടിച്ചുകൊണ്ടായിരിക്കും ക്ഷേത്രത്തിനകത്തേക്ക് കടക്കുക.

ഭാഗവതർ ക്ഷേത്രത്തിലെത്തിക്കഴിഞ്ഞാൽ അവിടുത്തെ പ്രധാന പൂജാരി അദ്ദേഹത്തെ എതിരേറ്റ് അകത്തേക്കു കൊണ്ടു പോകും. ശ്രീ കോവിലിലെ ശിവന്റെ പ്രതിഷ്ഠ ശരിക്കും കാണ ത്തക്കവിധം നിന്ന് സ്വാമി ധ്യനിക്കും. ഭസ്മവും പുരട്ടി കർപ്പകാം ബാളെയും ദർശനം നടത്തി തിരിച്ച് വീണ്ടും കാറിൽ കയറും. അവിടെ നിന്നു ഹനുമാൻ ക്ഷേത്രത്തിലേക്ക്, ദർശനവും വഴിപാടും കഴിഞ്ഞു വീട്ടിലെത്തുമ്പോൾ പത്തുമണിയോളമാകും

പതിനൊന്നുമണിക്കാണ് ഉച്ചഭക്ഷണം. ഊണിന് ഏതെല്ലാം വിഭവങ്ങൾ വേണമെന്നു സ്വാമി നേരത്തെ നിർദ്ദേശിച്ചിരിക്കും. ഊണു കഴിഞ്ഞാൽ നാലുമണിവരെ ഉറക്കം. ഉച്ചയ്ക്കുറക്കമു ണർന്നാൽ നാരായണീയവുമായി വരാന്തയിലേക്ക് പോകും. ഒരു ദിവസം നൂറ് ശ്ലോകം എന്നതാണ് നിഷ്ഠ. നാരായണീയം വായി ക്കാൻ കണ്ണട ഉപയോഗിച്ചിരുന്നില്ല. നാരായണീയ പാരായണത്തി നിടയിൽ ആരെങ്കിലും വന്നാൽ അവരോട് ഇരിക്കാൻ ആംഗ്യം കാണിച്ചിട്ട് ബാക്കി വായിക്കാനുള്ള ശ്ലോകങ്ങൾ തുടർന്നും വായിക്കും. നൂറു ശ്ലോകങ്ങൾ വായിച്ചു കഴിഞ്ഞ ആഗതനോട് കുശ ലാന്വേഷണം നടത്തും.

വൈകീട്ട് അഞ്ചുമുതൽ എട്ടുവരെ ഞങ്ങളെ അഭ്യസിപ്പിക്കു കയാണ് സ്വാമിയുടെ അടുത്ത കൃത്യം. ഞങ്ങൾ അവിടെ ചെലവ ഴിക്കുന്ന ആ മൂന്നു മണിക്കൂറുകൾ കടന്നു പോകുന്നത് ഞങ്ങളും സ്വാമിയും അറിഞ്ഞിരുന്നില്ല. അത്ര രസകരമായിരുന്നു ക്ലാസ്സ്. സംഗീതം പഠിപ്പിക്കുന്നതിനിടയിൽ തമാശകളും കഥകളുമൊക്കെ പറഞ്ഞു രസിപ്പിച്ചിരുന്നു. 1962ൽ ബാലമുരളീകൃഷ്ണ* മദ്രാസിൽ കനകശ്രീനഗറിലുള്ള വീട്ടിൽ കാലത്ത് ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽത്തന്നെ താമസിച്ചുകൊണ്ട് സംഗീതം പഠിച്ചുകൊണ്ടിരിക്കു കയായിരുന്നു.

ബാലമുരളീകൃഷ്ണയ്ക്ക് അക്കാലത്ത് സിനിമയിൽ പിന്നണി പാടുന്നതിനും അഭിനയിക്കുന്നതിനും ധാരാളം അവസര ങ്ങൾ കിട്ടിയിരുന്നു. തിരക്കു കൂടിയപ്പോൾ ഞങ്ങളെ സംഗീതം അഭ്യ സിപ്പിക്കാൻ സമയമില്ലാതായി.

---

* ചെമ്പൈയോടൊപ്പം ഇദ്ദേഹം വയോള വായിച്ചിട്ടുണ്ട്

ബാലമുരളിയുടെ കച്ചേരികൾക്ക് ധാരാളം വായിച്ചിട്ടുള്ള മൃദംഗവിദ്വാൻ ടി. വി. ഗോപാലകൃഷ്ണൻ (ടി. വി. ജി) ഒരു ദിവസം ഞങ്ങളുടെ മുറിയിലേക്കു കയറിവന്നു.

"ഒരു കാര്യം പറയാനാണ് ഞാൻ വന്നത്, നിങ്ങൾക്ക് ചെമ്പൈ വൈദ്യനാഥഭാഗവതരുടെ കീഴിൽ സംഗീതം പഠിക്കാൻ താല്പര്യമുണ്ടോ ?"

ഈ ചോദ്യം കേട്ട് ഞങ്ങൾ അമ്പരന്നുപോയി. അല്പസമയത്തേക്ക് ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല.

"എന്തു പറയുന്നു, വേഗം പറയും, നിങ്ങൾക്കു സമ്മതമെങ്കിൽ നാളെ ഞാൻ ഏർപ്പാടാക്കിത്തരാം." ഞങ്ങൾക്കുണ്ടായ സന്തോഷത്തിനതിരില്ലായിരുന്നു.

ഞങ്ങളുടെ ആഗ്രഹം മനസ്സില്ലാക്കിയ ബാലമുരളീ കൃഷ്ണ ഇങ്ങനെ പറഞ്ഞു :

"ചെമ്പൈ എനിക്കും ഒരു ഗുരുവാണ്. ചെമ്പൈയുടെ കൂടെ നിങ്ങൾ പഠിക്കണം. അതു നല്ലതാണ്. വാസ്തവത്തിൽ എനിക്ക് യാതൊന്നും പറഞ്ഞുതരാനിപ്പോൾ കഴിയുന്നില്ലല്ലോ. ചെമ്പൈയുടെകൂടെ പഠിക്കുന്നത് നിങ്ങളുടെ ഭാവിക്കു നല്ലതാണ്. നിങ്ങൾ അങ്ങോട്ടു പോകുന്നതിൽ എനിക്കു സന്തോഷമേയുള്ളു.

ആപ്പിളും സാത്തുക്കുടിയും വാങ്ങി ഞങ്ങൾ രണ്ടുപേരും ടി. വി. ജി. യോടൊപ്പം സ്വാമിയുടെ വീട്ടിലെത്തി. സ്വാമി രാവിലെ നാരായണീയ വായനയിൽ ലയിച്ചിരിക്കുക്കയായിരുന്നു. ടി. വി. ജി. ഞങ്ങളെ പരിചയപ്പെടുത്തികൊടുത്തു. സ്വാമി ചോദിച്ചു :

"എന്താ ഇവരുടെ പേര് ? "

"ജയവിജയ എന്ന് ടി. വി. ജി. പറഞ്ഞു.

'അപ്പോൾ ഗുരുവായൂരപ്പന്റെ ദ്വാരപാലകന്മാരാണല്ലേ ? ' ഭേഷ് ! ഇരട്ടപെറ്റവരാണെന്നു തോന്നുന്നു. '

'അതെ', ടി. വി. ജി. യാണ് മറുപടി പറഞ്ഞത്.

'എന്താ നക്ഷത്രം ?'

'ഭരണി', ഞങ്ങൾ പറഞ്ഞു.

'ഭരണിയാണെങ്കിൽ ധരണി ആളും എന്നാണ് ശാസ്ത്രം.

'എന്താണ് ജാതി?'

ഞങ്ങൾ മറുപടി കൊടുക്കുന്നതിനുമുമ്പ് ടി. വി. ജി. പെട്ടെന്നു പറഞ്ഞു. നായന്മാരാണെന്ന്.

'അല്ല സ്വാമി, ഞങ്ങൾ ഈഴവരാ.'

ഇതു കേട്ട് സ്വാമി ഒന്നു പുഞ്ചിരിച്ചു.

'അങ്ങനെ സത്യം പറഞ്ഞോളു. നിങ്ങളെ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. എപ്പോഴും സത്യമേ പറയാവു !"

(ഈഴവരാണെന്നറിഞ്ഞാൽ സംഗീതം പഠിപ്പിക്കാൻ സ്വാമിക്കു താല്പര്യമില്ലാതായേക്കുമോ എന്ന് ഭയന്നാണ് ടി. വി. ജി. അങ്ങനെ പറഞ്ഞത്)

'ഈഴവരായതുകൊണ്ടെന്താ തകരാറ് ? കേരളത്തിൽ അവരുടെ പല ക്ഷേത്രങ്ങളിലും ഞാൻ ധാരാളം കച്ചേരികൾ നടത്തിയിട്ടുണ്ട്. അവരെല്ലാം നല്ല സംഗീതജ്ഞാനമുള്ളവരാണ്. ജാതിയൊന്നും എനിക്കൊരു പ്രശ്നമല്ല. സംഗീതം പഠിക്കാനുള്ള ഉത്സാഹം, ക്ഷമ, ഈ ഗുണങ്ങളുണ്ടായിരിക്കണമെന്നു മാത്രം.'

ഞങ്ങളോട് ഇരിക്കാൻ പറഞ്ഞു. ഗുരുദക്ഷിണ കൊടുത്തിട്ട് അനുഗ്രഹം വാങ്ങി ഞങ്ങൾ താഴെയിരുന്നു.

'സിമന്റുതറയിലിരിക്കേണ്ട, പായുണ്ട് അതിട്ടിരുന്നാട്ടെ' എന്ന് സ്വാമിപറഞ്ഞെങ്കിലും ഞങ്ങൾ തറയിൽത്തന്നെ ഇരുന്നു.

"ഒരു കീർത്തനം പാടൂ'-

ഞങ്ങൾ 'വാതാപി ഗണപതിം' ഭജേഹം എന്ന കൃതി പാടി. പാടിയപ്പോൾ വന്നുകൂടിയ തെറ്റുകൾ വീണ്ടും തിരുത്തി വീണ്ടും പാടിച്ച് ആ കീർത്തനം അന്നു തന്നെ ചെമ്പൈസ്വാമി പാടുന്ന രീതിയിലാക്കിയെടുത്തു.

ടി. വി. ജിയോടു സ്വാമി പറഞ്ഞു

'അവർ സാധുക്കളാണ്, നല്ല ശബ്ദവും ജ്ഞാനവുമുണ്ട്. അവരെ ഞാൻ പഠിപ്പിച്ചോളാം."

എന്നിട്ട് ഞങ്ങളുടെ നേർക്കു തിരിഞ്ഞു :-

'ഇനി എല്ലാ ദിവസവും വരണം. ഞാൻ കച്ചേരിക്ക് പാടിക്കൊണ്ടിരിക്കുന്ന കീർത്തനങ്ങളെല്ലാം ഉടനെ നിങ്ങൾ പഠിക്കണം.

നാളെ അഞ്ചു മണിക്ക് ഇങ്ങോട്ടു പോരണം.'

ഞങ്ങൾ ഒരു ദിവസവും മുടങ്ങാതെ പഠിച്ചുതുടങ്ങി. ഇതിനിടയിൽ കച്ചേരിക്കു സ്വാമിയോടൊപ്പം പോകുകയും ചെയ്യുമായിരുന്നു. ഒരു മാസം കൊണ്ട് രണ്ടു കച്ചേരിക്ക് പാടാനുള്ള കീർത്തനങ്ങൾ പഠിച്ചു കഴിഞ്ഞു.

എത്രനേരം വേണമെങ്കിലും സംഗീതം പഠിപ്പിക്കുന്നതിനു സ്വാമിക്കു സന്തോഷമേയുണ്ടായിരുന്നുള്ളു. സ്വാമിയുടെ സ്നേഹിതരോ കച്ചേരിക്കു ബുക്കു ചെയ്യാൻ വരുന്നവരോ വീട്ടിൽ വന്നെങ്കിൽ ഞങ്ങളെ വിളിച്ച് ഒരു കീർത്തനം ചൊല്ലിക്കും. അതു കഴിഞ്ഞു മാത്രമേ അവരോട് അദ്ദേഹം സംസാരിക്കു. ഞങ്ങളെ ആഗതർക്ക് പരിച.യപ്പെടുത്തിക്കൊടുക്കുന്നതിങ്ങനെയായിരുന്നു.

രണ്ടു മാസം കഴിഞ്ഞു. അപ്പോഴേക്കും ഇന്ത്യ ഒട്ടുക്കുള്ള കച്ചേരികൾക്ക് ഞങ്ങളെ കൊണ്ടുപോയിത്തുടങ്ങി. ഓരോ കച്ചേരി കഴിഞ്ഞു തിരിച്ചെത്തുമ്പോഴും ബൽറ്റിൽ നിന്നും 100 രൂപ ഞങ്ങൾക്ക് ചെലവിനായി അദ്ദേഹം തന്നിരുന്നു. ചിലപ്പോൾ ഞങ്ങൾ വേണ്ടെന്നു പറയുമ്പോൾ അദ്ദേഹം തമാശയായി പറയും :

"ഇപ്പോൾ തരാൻ മനസ്സുണ്ട്. പിന്നെ അങ്ങോട്ടു പോയാൽ മനസ്സു മാറിയെങ്കിലോടാ ?"

സംഗീതത്തിൽ ഞങ്ങൾക്കു കിട്ടിയ അഭ്യസനം തികച്ചും അസാധാരണമായിരുന്നു. എഴുതി പഠിപ്പിച്ചിരുന്നില്ല. പാടി പാടി പഠിച്ച് ഹൃദിസ്ഥമാക്കുന്നതാണ് ഉത്തമമെന്ന് അദ്ദേഹം വിശ്വസിച്ചു. സ്വാമി അച്ഛനിൽനിന്നും സംഗീതം അഭ്യസിച്ചതും ഇങ്ങനെതന്നെയായിരുന്നു. 'എഴുതുന്നത് മാഞ്ഞുപോകും എന്നാൽ ചൊല്ലി പഠിക്കുന്ന പാഠങ്ങൾ ഒരിക്കലും മനസ്സിൽനിന്നു മായില്ല' എന്ന് അദ്ദേഹം പറയുമായിരുന്നു.

തലേ ദിവസം പഠിച്ച കീർത്തനം ഒന്നുകൂടി പാടാൻ പറഞ്ഞിട്ട് സ്വാമി ഏകാഗ്രതയോടെ ശ്രദ്ധിച്ചുകൊണ്ടിരിക്കും. തെറ്റുന്ന ഭാഗം വീണ്ടും വീണ്ടും തിരുത്തി പാടിച്ച ശേഷം കീർത്തനത്തിന്റെ പല്ലവി, അനുപല്ലവി, ചരണം ഇവയെല്ലാം സവിസ്തരം പാടിച്ചു കഴിഞ്ഞേ മറ്റു കീർത്തനങ്ങളിലേക്കു കടക്കു. പാടുന്നതിൽ തെറ്റുണ്ടെങ്കിൽ അമ്പതു പ്രാവശ്യം അതു പാടാൻ പറയും. പാടിനിർത്തുമ്പോൾ 'എന്താ ശരിയായോടാ' എന്നു പറഞ്ഞ് ധ്യാനത്തിൽ നിന്നും

ഉണരും.

'എന്നാൽ, ഓരോരുത്തരുമായി ഒന്നു പാടിക്കേ' എന്നു പറഞ്ഞ് ഞങ്ങളെ തനിച്ചും ഒരുമിച്ചും പാടിക്കും. വീണ്ടും തെറ്റുപറ്റിയാൽ അമ്പതു പ്രാവശ്യം പാടേണ്ടതു തന്നെ.

നാഗപ്പൂർ യാത്ര

മദ്രാസിൽനിന്നും നാഗപ്പൂർ എന്ന സ്ഥലത്ത് സംഗീതക്കച്ചേരി നടത്തുന്നതിനായി സ്വാമിയും ഞങ്ങളും ട്രെയിനിൽ പുറപ്പെട്ടു. നാഗപ്പൂരിൽ ഉച്ചയോടുകൂടി ഞങ്ങൾ എത്തിച്ചേർന്നു. റിട്ടയറിങ്ങ് റൂമിലാണ് അന്ന് താമസിച്ചിരുന്നത്. യാത്ര ചെയ്തതിന്റെ ക്ഷീണം എല്ലാവർക്കുമുണ്ട്. ഒന്നു കുളിച്ചിട്ടു വല്ലതും കഴിച്ചിട്ടു നന്നായി ഉറങ്ങുവാൻ ഓരോരുത്തരും അക്ഷമരായി കാത്തിരിക്കുകയാണ്.

പെട്ടെന്നു സ്വാമി ഞങ്ങളെ വിളിച്ചു. ഞങ്ങൾ സ്വാമിയുടെ അരികിൽ ഓടിയെത്തി. റെയിൽവേ കാന്റീൻ വരെ ഒന്നു പോയിട്ട് അവിടെ നിന്നും ഒരു ബ്രാഹ്മണനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരണം. 'എന്താ?'

'ഓ, അങ്ങനെ' എന്നുപറഞ്ഞ് ഞങ്ങളിൽ ഒരാൾ കാന്റീനിൽ ചെന്നു. ഭാഗവതർ റെയിൽവെ റിട്ടയറിങ്ങ് റൂമിൽ ഇറങ്ങിയിട്ടുള്ള കാര്യം ആമുഖമായി പറഞ്ഞു. അതിനു ശേഷം വന്നവിവരം പറഞ്ഞ് ഒരു ബ്രാഹ്മണനെ അങ്ങോട്ടു പറഞ്ഞുവിടണമെന്ന് അവരോട് അഭ്യർത്ഥിച്ചു.

'ഇവിടെ അങ്ങനെ ബ്രാഹ്മണരായിട്ട് ആരുമില്ലല്ലോ' എന്നു പറഞ്ഞു. 'ശരി, നിങ്ങൾ അങ്ങോട്ടു പൊയ്ക്കൊള്ളു, ഞാൻ ഒരാളെ അങ്ങോട്ടയയ്ക്കാം.'

ഒരാൾ പത്തുമിനിറ്റു കഴിഞ്ഞുവന്നു. അയാൾ ബ്രാഹ്മണൻ ആയിരുന്നോ എന്ന് ഇന്നും ഊഹിക്കാൻ കഴിയുന്നില്ല.

'എന്താഹേ, നിങ്ങൾ ബ്രാഹ്മണനാണോ?" എന്നു ഭാഗവതർ ആഗതനോട് ചോദിച്ചു. അയാൾ ആണെന്നുള്ള ഭാവത്തിൽ തല കുലുക്കി.

"എന്നാൽ എനിക്ക് അല്പം ശാപ്പാട് കൊണ്ടുത്തരണം. അതു

നിങ്ങൾതന്നെ എടുത്തുകൊണ്ടു തരികയും വേണം !"

'എടാ എനിക്ക് അല്പം അജ്ഞാനമുണ്ട്. അത് എന്നെക്കൊണ്ടു ഇനി മാറ്റുവാൻ കഴിയുകയില്ല. കാലം ഇത്രയുമൊക്കെ കഴിച്ചുകൂട്ടിയില്ലെ. ഇനി അതിനൊരു വിഘ്നവും വരുത്തണ്ട. അച്ഛന്റ അഭിപ്രായത്തിനു എതിരായി ഇതുവരെ ഞാൻ നടന്നിട്ടുമില്ല. വാസ്തവത്തിൽ ഇതൊക്കെ അജ്ഞാനങ്ങളാണ്."

ശുദ്ധി ചെയ്തു ബ്രാഹ്മണരാക്കി

ഡൽഹിയിൽ നാഷണൽ പ്രോഗ്രാമിനായി സ്വാമിയോടൊപ്പം പോയിരുന്ന അവസരത്തിൽ രസകരമായ ഒരു സംഭവം നടന്നു.

ഞങ്ങൾ ബ്രാഹ്മണരല്ലാത്തവരായതുകൊണ്ട് സ്വാമിക്കു പല കാര്യങ്ങളും ഞങ്ങളെക്കൊണ്ടു ചെയ്യിക്കുവാൻ മടിയുണ്ടായിരുന്നു.

ഡൽഹിയിൽ ക്ഷണിക്കപ്പെട്ട സദസ്സിന്റെ മുമ്പിൽ ആയിരുന്നു കച്ചേരി. കച്ചേരി കഴിഞ്ഞു താമസിക്കുന്ന സ്ഥലത്തെത്തി. സ്വാമിയുടെ ഡൽഹിയിലുള്ള സ്നേഹിതരും സംഗീത വിദ്വാന്മാരും ഒക്കെ സ്ഥലത്തുണ്ട്.

സ്വാമി: നാളെ ഹരിദ്വാരം വരെ ഒന്നു പോയാൽ കൊള്ളാമെന്നുണ്ട്. എനിക്കൊരു തർപ്പണം കഴിക്കണം. ഇവരെ രണ്ടുപേരേയും ഒന്നു ശുദ്ധിചെയ്തു ബ്രാഹ്മണരാക്കിയെടുക്കണം. എന്റെ അത്യാവശ്യങ്ങളെല്ലാം ഇനി ബ്രാഹ്മണനെക്കൊണ്ടു നടത്തുക വയ്യ. ഗംഗാനദിയിൽ ഇവരെ കുളിപ്പിച്ച് ശുദ്ധിചെയ്തു കഴിഞ്ഞാൽ എന്റെ അത്യാവശ്യകാര്യങ്ങൾക്ക് അവർതന്നെ മതിയാകും.

സാത്തുക്കുടി ജ്യൂസ് സ്വാമിക്ക് എന്നും കൃത്യം അഞ്ചു മണിക്ക് കഴിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. ജൂസ് പിഴിഞ്ഞെടുക്കുവാൻ ആദ്യമൊക്കെ സ്വാമി ഞങ്ങളോടു പറഞ്ഞിരുന്നില്ല. അതിനു കാരണം ഞങ്ങൾ ബ്രാഹ്മണരല്ല എന്നുള്ളതായിരുന്നു.

'എടാ പാലക്കാട്ടു മണിയും ഗുരുവായൂർ ദ്വരയുമൊക്കെ ഇവിടെവന്നു കുളിച്ചിട്ടുണ്ട്. നിങ്ങൾക്കിന്ന് അതിനുഭാഗ്യമുണ്ടായില്ലെ.'

സ്വാമി മന്ത്രങ്ങൾ ചൊല്ലിക്കൊണ്ടു ഗംഗാതീർത്ഥം തലയിൽ ഒഴിച്ചുകൊണ്ടു ഞങ്ങളെ ശുദ്ധിചെയ്തെടുത്തു.

തീർന്നില്ല ! ഇവിടെനിന്നും കുറച്ചുഗംഗാജലം ഒരു പാത്രത്തിൽ എടുത്തുകൊള്ളുക. അതു വീട്ടിൽ കൊണ്ടുചെന്നു അച്ഛനേയും അമ്മയേയും ഇരുത്തി അവരുടെ പാദങ്ങൾ കഴുകി നിങ്ങൾ ആ വെള്ളം കുടിക്കണം. നിങ്ങളുടെ ജീവിതത്തിൽ വലിയ ശ്രേയസ്സുണ്ടാകും.

'അച്ഛന്റേയും അമ്മയുടേയും പാദങ്ങൾ കഴുകുന്ന അവസരത്തിൽ അവർ ആനന്ദാശ്രുക്കൾ പൊഴിക്കും. അപ്പോൾ നിങ്ങൾക്കുള്ള കടം തീരുകയും ചെയ്യും.'

'എന്താണു കടം ? അമ്മ നമ്മളെ പ്രസവിക്കുമ്പോൾ നാം ഓരോരുത്തരും ഒരു പ്രതിജ്ഞ എടുക്കുന്നുണ്ട്. പത്തുമാസം എന്നെ ചുമന്നു കഷ്ടപ്പെട്ടതിന് ഗംഗാജലം കൊണ്ടുവന്നു പാദങ്ങൾ കഴുകിത്തന്നുകൊള്ളാം എന്ന്. ഇത് നിങ്ങളും ചെയ്യണം.'

ഞങ്ങൾ സ്വാമി പറഞ്ഞപ്രകാരം ഒരു പാത്രം വാങ്ങി അതിൽ നിറയെ ഗംഗാജലം എടുത്തുകൊണ്ടു വന്നു. അച്ഛന്റെയും അമ്മയുടെയും പാദങ്ങൾ ഒരു തട്ടിൽവെച്ച് ഗംഗാജലം ഒഴിച്ചു കഴുകി. ഇതു കണ്ടപ്പോൾ അച്ഛനും അമ്മയും ആനന്ദാശ്രുക്കൾ പൊഴിച്ചു.

ഞങ്ങളുടെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരു ദിവസമായിരുന്നു അത്. അതിനെല്ലാം കാരണവും ചെമ്പൈ സ്വാമി തന്നെ. ഗുരു, ഞങ്ങൾക്ക് പ്രത്യക്ഷ ദൈവമാണ്.

ഈശ്വരകാരുണ്യം

വിശാഖ പട്ടണത്തിൽ ത്യാഗരാജ സംഗീത സഭയിൽ കച്ചേരിക്കായി സ്വാമിയോടൊപ്പം ഞങ്ങളും പോയിരുന്നു. ഊട്ടി ലോഡ്ജിൽ ആയിരുന്നു അന്നു താമസിക്കുന്നതിന് ഏർപ്പാടു ചെയ്തിരുന്നത്. യാത്രാക്ഷീണം കൊണ്ട് അവിടെ ചെന്നപ്പോൾ ഒന്ന് എണ്ണ തേച്ചു കുളിച്ചാൽ കൊള്ളാമെന്നു പറഞ്ഞു. ഉടനെ ചൂടുവെള്ളം ഉണ്ടാക്കുന്നതിന് ഏർപ്പാട് ചെയ്തു. ഞങ്ങൾ ശരീരമാസകലം എണ്ണതേച്ചു കൊടുത്തു. കുളിമുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. സ്റ്റൂളിൽ ഇരുത്തി. തലയിൽ ആദ്യം ഒഴിക്കാതെ ശരീരത്തിൽ മാത്രം വെള്ളമൊഴിച്ച് ഇഞ്ചയും സോപ്പുമായി ശരീരമാസകലം തേച്ചുകൊടുത്തു. തലയിൽ സ്വാമിതന്നെ വെള്ളമൊഴിച്ചു. അതിനുശേഷം ശരീരമെല്ലാം തോർത്തി വീണ്ടും കട്ടിലിൽ കൊണ്ടിരുത്തി. പിന്നെ സ്വാമിയുടെ പതിവിൻ പടിയുള്ള ജപത്തിനുശേഷം ഊണു കഴിച്ച് അല്പമൊന്നു

മയങ്ങി. വൈകുന്നേരം കച്ചേരി കഴിഞ്ഞ് ലോഡ്ജിൽ എത്തുമ്പോൾ രാത്രി ഒമ്പതുമണി കഴിഞ്ഞിരുന്നു. പെട്ടെന്നു സ്വാമിക്ക് ശരീരത്തിന് ഒരു ക്ഷീണം പോലെ തോന്നി. ഞങ്ങളെ വിളിച്ച് സ്വാമി പറഞ്ഞു :

'എടാ, എങ്ങും പോകരുത് എനിക്ക് എന്തോ വല്ലാത്ത ക്ഷീണം തോന്നുന്നു. നിങ്ങൾ അവിടെ ഇരിക്കു. എന്റെ കാലിന്റെ അടിഭാഗം മരവിയ്ക്കുന്നു. അല്പം എണ്ണയെടുത്ത് ഒന്ന് തടവിക്കേ.'

ഞങ്ങൾ രണ്ടുപേരും ഓരോ കാലിന്റെ വെളിയിലും എണ്ണ തേച്ചു തിരുമ്മിത്തുടങ്ങി. അര മണിക്കൂർ എങ്കിലും തിരുമ്മിക്കാണും. ഉടനെ സ്വാമി പറഞ്ഞു : 'എടാ, രണ്ടു പേരും കൂടി 'കരുണ ചെയ് വാനെന്തു താമസം. കൃഷ്ണാ' എന്ന കീർത്തനം പതുക്കെ ഒന്നു പാടിക്കേ .'

സ്വാമിയുടെ നിർദ്ദേശപ്രകാരം ഞങ്ങൾ ആ കീർത്തനം പാടിത്തുടങ്ങി. കീർത്തനം പാടിത്തീരാറായപ്പോൾ സ്വാമിയുടെ കൂർക്കം വലി കേട്ടുതുടങ്ങി. പാട്ടു കേട്ടുകൊണ്ടിരുന്നതിനിടയിൽ അദ്ദേഹം ഉറങ്ങിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലുണ്ടായ ഭയപ്പാടാണ് കരുണചെയ്‌വാനെന്തു താമസം കൃഷ്ണാ എന്ന കീർത്തനം പാടുവാൻ ഞങ്ങളോട് പറയാനുള്ള കാരണം. ഈശ്വരകൃപയാൽ സ്വാമി അന്നുരാത്രി നന്നായി ഉറങ്ങി. പിറ്റേദിവസം മദ്രാസ്സിലേക്കു പോരുകയും ചെയ്തു.

ഒരിക്കലും തളരാത്ത ആത്മധൈര്യം

1972-ലെ ഗുരുവായൂർ ഏകാദശി. മദ്രാസ്സിൽ നിന്നും അനേകം സംഗീത വിദ്വാന്മാർ ഏകാദശി സംഗീതോത്സവത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുണ്ട്. ചെമ്പൈ സ്വാമിയോടൊപ്പം ഞങ്ങളും ഗുരുവായൂരുണ്ടായിരുന്നു. ഗുരുവായൂർ ഏകാദശിയുടെ തിക്കും തിരക്കും എന്തെന്ന് പറയേണ്ടതില്ലല്ലോ. ദീപാരാധന കണ്ടു തൊഴുതിട്ട് സംഗീതോത്സവം നടക്കുന്ന സ്ഥലത്തേയ്ക്കു പോകുവാനായി നേരത്തെ സ്വാമി പുറപ്പെട്ടു. വലിയ ജനത്തിരക്കായതിനാൽ "എന്റെ കൈയിൽ പിടിച്ചോളു' എന്നു പറഞ്ഞ് ഒരു വിധത്തിൽ ഗോപുരം കടക്കുവാൻ ഞങ്ങൾ ശ്രമിക്കുകയാണ് ; പക്ഷേ, മുമ്പോട്ട് അല്പം പോലും നീങ്ങുന്നില്ല. അതിനിടയിൽ 'ആനവരുന്നേ, ആനവരുന്നേ' എന്നൊരു വിളി കേട്ടു. എല്ലാവരും ഞെട്ടി

ത്തിരിഞ്ഞു നോക്കിയപ്പോഴാണ് സാക്ഷാൽ ചെമ്പൈ ആണ് ഇങ്ങനെ പറഞ്ഞതെന്ന് ബോദ്ധ്യം വന്നത്. എല്ലാവരും അദ്ദേഹത്തിന്റെ ആ വിനോദം മൗനമായ ഒരു ചിരിയോടെ സ്വീകരിച്ചു. അവിടെനിന്നും കൊടിമരത്തിനടുത്തേയ്ക്ക് ഞങ്ങൾ നീങ്ങി. കൊടിമരത്തിന്റെ ചുവിട്ടിലായിട്ട് സ്വാമി നിലയുറപ്പിച്ചു. ഭക്തിപുരസ്സരം സ്വാമി ഗുരവായൂരപ്പാ എന്നു വിളിച്ചുകൊണ്ടിരുന്നു. ഞങ്ങൾ സ്വാമിയോടായി പറഞ്ഞു :"നമുക്ക് അകത്തേയ്ക്കു പോകാം. - ഞങ്ങൾ സ്വാമിയെ പിടിച്ചോളാം. '

' ഇവിടെ നിന്നു തൊഴുതാൽ മതി – എന്താ ഗുരുവായൂരപ്പൻ ഇവിടെ വരില്ലെന്നുണ്ടോ ? ഗുരുവായൂരപ്പനെ അകത്തു ചെന്നു കാണണമെന്നൊന്നും ഇല്ല. ശരിക്ക് നാം വിചാരിച്ചാൽ ഗുരുവായൂരപ്പൻ നമ്മുടെ അടുത്തെത്തും." സ്വാമി പറഞ്ഞു.

എത്രയോ വലിയ ഒരു ധൈര്യമാണ് അദ്ദേഹത്തിനുണ്ടായത്. അതെല്ലാർക്കും കഴിഞ്ഞെന്നു വരില്ല. ശ്രീകോവിലിനകത്തു പോയി ദർശനം കഴിക്കാതെ കൊടിമരത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ട് ഗുരുവായൂരപ്പനെ ദർശിക്കുക. അദ്ദേഹം വിളിക്കുന്നിടത്ത് ഗുരുവായൂരപ്പൻ എത്തുമായിരുന്നു. ഗുരുവിന്റെ എല്ലാവിധ ചൈതന്യങ്ങൾക്കും കാരണം ഇതൊന്നു മാത്രമായിരുന്നു. ഒരു സംഗീതവിദ്വാനും കിട്ടാത്ത ഭാഗ്യമാണ് ചെമ്പൈ വൈദ്യനാഥഭാഗവതർക്ക് ഗുരവായൂരിൽ കിട്ടിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ഒരു എണ്ണഛായാപടം ആനപ്പന്തലിനടുത്ത് മണ്ഡപത്തിൽ ഇരിക്കുന്നുണ്ട്. മറ്റൊരു സംഗീതവിദ്വാനും ഇങ്ങനെ ഒരു ഭാഗ്യം സിദ്ധിച്ചിട്ടില്ല. ഗുരുവായൂരേകാദശി ഇന്നു ചെമ്പൈ സംഗീതോത്സവമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. എല്ലാ വർഷവും അതിഗംഭീരമായിത്തന്നെ ഗുരുവായൂർ ഏകാദശിയോടനുബന്ധിച്ച് ചെമ്പൈ സംഗീതോത്സവം ദേവസ്വത്തിൽനിന്നും നടത്തിവരുന്നുണ്ട്. ഇത് നമുക്ക് ഏവർക്കും അഭിമാനിക്കാവുന്ന ഒരു സംഗതിയാണ്. ഗുരുവായൂർ ക്ഷേത്രമാഹാത്മ്യങ്ങളിൽ ചെമ്പൈ ഒരു കീർത്തിസ്തംഭമായിരിക്കും.

തഞ്ചാവൂർ റെയിൽവെസ്റ്റേഷൻ

ഒരിക്കൽ തഞ്ചാവൂരിൽ സ്വാമിയും ഞങ്ങളും പക്കവാദ്യക്കാരും ഒരു കച്ചേരി കഴിഞ്ഞശേഷം റെയിൽവേസ്റ്റേഷനിൽ എത്തി. മദ്രാസിലേക്ക് ഞങ്ങൾക്ക് പോകേണ്ട തീവണ്ടി രണ്ടുമണിക്കൂർ താമസിച്ചാണ് വരുന്നതെന്നറിഞ്ഞു. ഇത്രയും സമയം എങ്ങനെ കഴിച്ചുകൂട്ടും എന്ന് എല്ലാവരും ചിന്തിച്ചു. പക്ഷെ, ഒട്ടും താമസിയാതെ സ്വാമി പറഞ്ഞു : 'എടാ, രണ്ടു മണിക്കൂർ സമയമുണ്ട് ഒരു കീർത്തനം പഠിപ്പിക്കാം. എന്റെ ആ ബഡ്സ്റ്റ് ഒന്നു വിരിച്ചേ. നിങ്ങളവിടെ ഇരിക്കു.'

അദ്ദേഹം അഠാണാരാഗത്തിലുള്ള 'ഏലാ നീ ദയറാദ്' എന്ന കീർത്തനം പാടിത്തുടങ്ങി. ഞങ്ങൾ ഏറ്റു പാടി. സ്വാമി തെറ്റു തിരുത്തി വീണ്ടും പാടിത്തന്നു. ഞങ്ങൾ വീണ്ടും പാടി. സ്വാമിക്ക് എല്ലാം ഉറക്കെ പാടിയാണ് ശീലം. റെയിൽവേസ്റ്റേഷനിൽ ഇരുന്നാണ് പാടുന്നതെന്നൊന്നും സ്വാമി ചിന്തിച്ചില്ല. ശബ്ദം കേട്ട് ട്രെയിൻ കാത്തുനിന്നവരെല്ലാം തടിച്ചുകൂടി. എല്ലാവരും ഞങ്ങളെ ഉറ്റുനോക്കി രസിക്കുകയാണ്. ഒരു സംഗീതക്കച്ചേരിആസ്വദിക്കുന്നതുപോലെ അവർ രസിച്ചുകൊണ്ടിരുന്നു. കീർത്തനം മുഴുവൻ ഞങ്ങൾ പഠിച്ചുകഴിഞ്ഞു. കൂടിനിന്ന ജനങ്ങളോടായി സ്വാമി : 'എന്താ ഇവർ നന്നായി പാടിയോ ?" എല്ലാവരും 'റൊമ്പ നല്ലായിരുക്ക്" എന്ന് പറഞ്ഞു. ഇതിനോടകം ട്രെയിൻ വരുന്നതിനുള്ള സിഗ്നൽ വീണു. ഉടനെ സ്വാമി എഴുന്നേറ്റു. ഞങ്ങൾ ബഡ്സ്റ്റ് ചുരുട്ടിക്കെട്ടി .വണ്ടി സ്റ്റേഷനിൽ വന്നുനിന്നു. സ്വാമിയെ ഫസ്റ്റ് ക്ലാസ്സിൽ കയറ്റി ഇരുത്തിയശേഷം ഞങ്ങൾ തേഡ് ക്ലാസ്സ് ബർത്തിൽ സ്ഥലം പിടിച്ചു. പഠിക്കുന്നതിനിടയിൽ സ്വാമി പറഞ്ഞ ഒരു കാര്യം സ്മരണയിൽ വന്നു. ' പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥല, കാലഭേദം, നോക്കേണ്ട ആവശ്യം ഇല്ല. ഗുരുനാഥന് എപ്പോൾ എവിടെ വെച്ചാണ് പറഞ്ഞുതരുവാൻ സൗകര്യം അപ്പോൾ പഠിക്കുക.' ഒരിക്കൽ ഡൽഹിക്ക് നാഷണൽ പ്രോഗ്രാമിനു പോകുന്ന അവസരത്തിൽ സ്വാമിയുടെ ഫസ്റ്റ് ക്ലാസ്സ് കമ്പാർട്ടുമെന്റിൽവെച്ചും കീർത്തനം പറഞ്ഞുതരികയുണ്ടായി. പാവനഗുരു എന്ന ഹംസാനന്ദി രാഗത്തിലുള്ള കൃതിയാണ് പറഞ്ഞുതന്നത്.

'നക്ഷത്ര ദീപങ്ങൾ തിളങ്ങി....'

കോയമ്പത്തൂരിലെ ബാല ദണ്ഡായുധപാണി ക്ഷേത്രത്തിലെ ഉത്സവത്തിൽ സംഗീതകച്ചേരി നടത്തുന്നതിനായി എത്തിയിരിക്കുകയാണ്. കൊല്ലങ്കോടു പാലസ്സിലെ ഇന്ദിരാതമ്പാൻ ഭാഗവതരുടെ പ്രിയ ശിഷ്യയും ആയിരുന്നു. വീണ നന്നായിട്ടു വായിക്കുവാൻ അറിയുന്ന ഇന്ദിര നടത്തിയ വീണക്കച്ചേരിയിൽ ഭാഗവതർ വയലിൻ വായിച്ചിട്ടുണ്ട്. ബാലദണ്ഡായുധപാണി ക്ഷേത്രത്തിൽ ഒരു ദിവസം ചെമ്പൈ.യുടെ കച്ചേരിയും പിറ്റേ ദിവസം ഞങ്ങളുടെ കച്ചേരിയും ഏർപ്പാടു ചെയ്തിരുന്നു. ആദ്യത്തെ ദിവസം ഗുരുവിനോടൊപ്പം ഞങ്ങളും പാടി. പിറ്റേദിവസം ഞങ്ങളുടെ കച്ചേരിയാണ്.

ഞങ്ങൾക്കും പിറ്റേദിവസം കച്ചേരിക്കു പോകേണ്ട സമയമായി. ഗുരുവിന്റെ പാദങ്ങളിൽ തൊട്ടുവന്ദിച്ച് ആശീർവാദം വാങ്ങി. ' എടാ, തകർത്തേക്കണം. ഒന്നും പേടിക്കണ്ട. നിങ്ങൾക്ക് അറിയാവുന്നതു ധൈര്യമായി പാടിക്കോളു എന്നു പറഞ്ഞ് സ്വാമി അനുഗ്രഹിച്ചു. 'സ്വാമി കൂടി ഞങ്ങളുടെ കച്ചേരി വന്നു കേൾക്കണം. അല്പ നേരം ഇരുന്നാൽ മതി, അതിനു വേണ്ട ഏർപ്പാടുകൾ ഞങ്ങൾ ചെയ്തുകൊള്ളാം.'

'എന്നാൽ ഞാനും ഇന്ദിരയും കൂടെ കുറച്ചു കഴിഞ്ഞ് അങ്ങോട്ടു വരാം.'

'സ്വാമി ! അവിടെ വന്നാൽതന്നെ ഞങ്ങൾക്കു വലിയ ഭാഗ്യമാണ്.'

'എന്നാൽ വേഗം ചെന്നു കച്ചേരി ആരംഭിക്കു. ഞങ്ങൾ വന്നുകൊള്ളാം.'

കച്ചേരി ആരംഭിച്ചു. ചെമ്പൈയുടെ പ്രസിദ്ധ കീർത്തനമായ 'രഘുവര' ആയിരുന്നു ഞങ്ങൾ അന്നു പ്രധാനമായി പാടിയത്. ഇതിനിടയിൽ ചെമ്പൈ സ്വാമിയും ഇന്ദിരാതമ്പാനും അവരുടെ ബന്ധുക്കളും സ്റ്റേജിനടുത്തെത്തി. 'ചെമ്പൈ വരുന്നു ! ചെമ്പൈ വരുന്നു !" എന്ന തിരക്കിട്ട ശബ്ദം. ആളുകൾ വളരെ സന്തോഷത്തോടു കൂടി കൈയടിച്ചുകൊണ്ട് ചെമ്പൈയെ സ്വീകരിച്ചു. സ്റ്റേജിന്റെ വലതുവശത്തായി നേരത്തെ ഇട്ടിരുന്ന കസേരകളിൽ അവരെല്ലാവരും ഉപവിഷ്ടരായി.

ശിഷ്യന്മാരുടെ കച്ചേരി കേൾക്കുന്നതിനായി ഗുരു വന്നിരിക്കുകയാണ്. നിർവൃതിയുടെ നിമിഷങ്ങൾ. 'രഘുവരനനു' എന്ന കീർത്തനത്തിന്റെ ചരണം നിരവൽ* ചെയ്തുകൊണ്ടിരിക്കുകയാണ്. വാശിയേറിയ ഒരു മത്സരം എന്ന കണക്കെ ഞങ്ങൾ രണ്ടുപേരും സ്വരം മാറ്റിമാറ്റി പാടികൊണ്ടിരുന്നു. സ്വാമിയുടെ ആഗമനം കണ്ട ഞങ്ങൾ നിറഞ്ഞ മനസ്സോടെയിരുന്നു പാടി. അതിന്റെ അത്യുച്ചലഹരിയിലെത്തിയപ്പോൾ സ്വാമിക്ക് അതിയായി സന്തോഷമുണ്ടായി. ആദ്യത്തെ കൈയടി സ്വാമിതന്നെയാണ് കൊടുത്തത്. അതോടെ കൈയടിയുടെ ഒരു ഉത്സവം തന്നെ അവിടെ നടന്നു. 'സബാഷ്, സബാഷ്' എന്നു പറഞ്ഞ് സ്വാമി ഞങ്ങളെ അനുഗ്രഹിച്ചു. കസേരയിൽ അധികനേരം ഇരിക്കുന്നത് വളരെ പ്രയാസമാണ്. ഞാനിനി പോയി വിശ്രമിക്കട്ടെ എന്ന് സ്വാമി ഞങ്ങളോടായി പറഞ്ഞു. ഈ അവസരം പാഴാക്കാതെ ഞങ്ങൾ ഒരു കൊല്ലമായി ട്യൂൺ ചെയ്തു വച്ചിരുന്ന 'നക്ഷത്രദീപങ്ങൾ തിളങ്ങി' എന്ന ഗാനം സ്വാമിയെ കേൾപ്പിക്കാൻ തീരുമാനിച്ചു.

സ്വാമിക്കാകട്ടെ പോകാനുള്ള തിടുക്കവും. പിന്നെ ഞങ്ങൾതന്നെ സ്റ്റേജിലിരുന്നു സ്വാമിയോടു പറഞ്ഞു : 'ഒരേ ഒരു പാട്ടു കൂടി കേട്ടിട്ടേ സ്വാമി പോകാവൂ.'

'ഓഹോ, അങ്ങനെയാണോ' എന്നാലതു കഴിഞ്ഞിട്ടു പോകാം.

ജനക്കൂട്ടം ഞങ്ങളെ നോക്കി ആകാംക്ഷയോടെ ഇരുന്നു.

'നക്ഷത്രദീപങ്ങൾ തിളങ്ങി

നവരാത്രിമണ്ഡപമൊരുങ്ങി'

എന്ന പാട്ടു പാടിത്തുടങ്ങി (അന്ന് 'നിറകുടം' എന്ന സിനിമ പുറത്തു വന്നിട്ടില്ല. പില്ക്കാലത്ത് 'നിറകുട'ത്തിൽ 'നക്ഷത്രദീപങ്ങൾ തിളങ്ങി' എന്ന പാട്ടു വരികയും അതു പസിദ്ധമാവുകയും ചെയ്തു)

'ചെമ്പടതാളത്തിൽ ശങ്കരാഭരണത്തിൽ

ചെമ്പൈ വായ്പ്പാട്ടു പാടി'

എന്ന് ഞങ്ങൾ പാടിയപ്പോൾ സബാഷുകളും കൈയടികളും കുറച്ചുനേരത്തേക്കുതന്നെ നീണ്ടുനിന്നു. അവിടെ കൂടിയിരുന്ന

---

*' കീർത്തനത്തിന്റെ അനുപല്ലവിയിൽ നിന്നോ ചരണത്തിൽ നിന്നോ അർത്ഥപൂർത്തിയുള്ള വരികൾ എടുത്തുകൊണ്ട് അതിനെ സംഗീതജ്ഞന്റെ 'മനോധർമ്മ'ത്തോടെ വിസ്തരിച്ചു പാടുന്ന ഒരു ശൈലി. '

വർക്കെല്ലാം എന്തെന്നില്ലാത്ത സന്തോഷമുണ്ടായി. അതിനുശേഷം പല പ്രാവശ്യം ബിച്ചു തിരുമലയുടെ ഈ വരികൾ ഞങ്ങളുടെ കച്ചേരികളിൽ ഒരു മുഖ്യ ഗാനമായിരുന്നു. അതിനുശേഷം ഒന്നും രണ്ടും കൊല്ലം കഴിഞ്ഞാണ് 'നിറകുടം' എടുക്കുന്നത്. ഡയറക്ടർ ഭീംസിംഗ് ഞങ്ങളുടെ ഈപാട്ട് കേൾക്കുകയുണ്ടായി. അദ്ദേഹം സംവിധാനം ചെയ്ത നിറകുടത്തിൽ ഈ പാട്ടു ഉൾപ്പെടുത്തുകയും ചെയ്തു. നക്ഷത്രദീപങ്ങൾ എന്ന പാട്ട് എത്രയോ പ്രസിദ്ധമാണ്. കാരണം ചെമ്പൈ, ചൗഡയ്യാ, പാലക്കാട്ട് മണിഅയ്യർ എന്ന മൂന്നു മഹാവിദ്വാന്മാരെപ്പറ്റിയുള്ള ഒരു പാട്ടാണിത്.

കോയമ്പത്തൂർ പുരന്ദരദാസ ഉത്സവം

കോയമ്പത്തൂർ പുരന്ദരദാസ ഉത്സവം പണ്ടുകാലം മുതൽക്കേ വളരെ കെങ്കേമമായി നടന്നുവരുന്നു. അതിന്റെ തുടക്കം മുതൽ എല്ലാ വർഷവും മുടങ്ങാതെ ചെമ്പൈ സംഗീതക്കച്ചേരി നടത്തിയിരുന്നു. പുരന്ദരദാസ ഉത്സവത്തിൽ 1964-മുതൽ ഞങ്ങളും ഗുരുനാഥനോടൊപ്പം പങ്കെടുത്തിരുന്നു.

അക്കാലത്ത് ചെമ്പൈയുടെ വലിയ ആരാധകനായ പുരന്ദരദാസ ഉത്സവത്തിന്റെ സ്ഥിരം പ്രസിഡണ്ട് ആർ. കെ. അയ്യർ എന്ന ആളായിരുന്നു. ആറുമണിക്ക് കച്ചേരി തുടങ്ങി. ആദ്യമായി കാംബോജി രാഗത്തിലുള്ള അടതാളവർണ്ണം (സരസീരുനാഭ) പാടി. അടുത്തതായി പാടിയത് ഹംസധ്വനി രാഗത്തിലുള്ള 'വാതാപി ഗണപതീം ഭജേഹം' എന്ന കീർത്തനമായിരുന്നു. വാതാപി കീർത്തനം സ്വാമി പാടിക്കഴിയുമ്പോൾ ജനഹൃദയങ്ങളിൽ അത് അനുരണനങ്ങളുണ്ടാക്കിക്കൊണ്ടിരിക്കും. മനോധർമസ്വരങ്ങൾ മറ്റും പാടുമ്പോൾ എം. എസ്. ഗോപാലകൃഷ്ണൻ (എം. എസ്. ജി.) അതു വയലിനിൽ വായിക്കും. ടി. വി. ഗോപാലകൃഷ്ണനും ആലങ്കുടിയും സമശീർഷരായിരുന്നു.

വാതാപിക്കുശേഷം മൂന്നു മദ്ധ്യമകാല കൃതികൾ, നിർത്താതെ തുടർച്ചയായി പാടി. മൃദംഗക്കാർ ശരിക്കും വായിക്കാൻ അറിഞ്ഞവരല്ലെങ്കിൽ കൈ ഒടിഞ്ഞതുതന്നെ. മൃദംഗത്തിൽ നിന്നു കൈയെടുക്കുന്നതിനുമുമ്പുതന്നെ അടുത്ത താളത്തിൽ അടുത്ത കീർത്തനം പാടിത്തുടങ്ങും. മൂന്നു കീർത്തനങ്ങൾ പാടിക്കഴിഞ്ഞ

ശേഷം പന്തവരാളിരാഗം സ്വാമി പാടുവാൻ തുടങ്ങി. എം. എസ്. ജിയും അതേറ്റുവാങ്ങി വായിച്ചുതുടങ്ങി. കച്ചേരി, രസത്തിന്റെ അത്യുന്നതിയിലെത്തി, പെട്ടെന്നു സ്വാമി പാട്ടു നിർത്തി. ഞങ്ങളോടായി 'എടാ, ഞാൻ വരുന്നതുവരെ പാടിക്കോ, വിടാതെ പാടണം, എനക്കല്പം മൂത്രശങ്കയുണ്ട് ' എന്നു ഞങ്ങളുടെ ചെവിയിൽ പറഞ്ഞു. 'അങ്ങനെ പിടിച്ചിരുന്നാൽ ശരിയാകില്ല. അതുകൊണ്ടു ഞാനൊന്നുപോയിട്ടുവരാം. ബാക്കി നിങ്ങളങ്ങോട്ടു പാടിക്കോ' എന്നു പറഞ്ഞു സ്വാമി പെട്ടെന്നു സ്റ്റേജിനു താഴെ ഇറങ്ങി. ആളുകളെല്ലാം അമ്പരന്നു, ' എന്താ ചെമ്പൈ സ്റ്റേജിനുതാഴെ ഇറങ്ങിയല്ലോ. ആളുകളുടെ ജിജ്ഞാംസ മനസ്സിലാക്കിയ സ്വാമി കൈകൊണ്ട് ഒരു വിരൽ കാണിച്ചു. (ഒരു വിരൽ കാണിച്ചാൽ മൂത്രമൊഴിക്കാനെന്നാണ് തമിഴ്നാട്ടിൽ കരുതുന്നത്) അതായത് 'ഒണ്ണുക്ക്' എന്നാണവർ പറയാറുള്ളത്, ഒരു വിരൽ പൊക്കിക്കാണിച്ചപടി. സ്വാമി സ്റ്റേജിന്റെ പുറകിലേക്കു പോയി. സദസ്സ് ആകെ ഒരു ചെറിയ ചിരിയിൽ മുങ്ങി.

സ്റ്റേജിൽ ഞങ്ങളും പക്കവാദ്യക്കാരും മാത്രമായി. ഞങ്ങൾ രണ്ടുപേരും മാറി മാറി പാടിക്കൊണ്ടിരുന്നപ്പോൾ സ്വാമി തിരിച്ചെത്തി.

ശ്രോതാക്കളോടായി സ്വാമി ചോദിച്ചു :"ഇവർ ശരിക്കും പാടിയോ ?"

ആരോ വിളിച്ചു പറഞ്ഞു : 'റൊമ്പ, നന്നാക പാടുറാങ്ക' എന്ന്, സ്വാമി ഉടനെ 'അപ്പടിയാ' എന്നു പറഞ്ഞു. സ്വാമി വീണ്ടും ഇരുന്നു – ഞങ്ങളെ രണ്ടു പേരേയും നോക്കി ഒന്നു ചിരിച്ചിട്ട് മേൽഗാന്ധാരത്തിൽ പിടിച്ചു പാടുവാൻ തുടങ്ങി. വയലിൻ വായിക്കുന്നതിനു പകരം ഞങ്ങളോടതു പാടുവാൻ പറഞ്ഞു.

'രണ്ടുപേരും ഞാൻ പറയുന്നതു മാറി മാറി പാടണം.'

സ്വാമി പാടുന്ന ഓരോ സംഗതിയും തെറ്റുകൂടാതെ ഞങ്ങൾ പാടിക്കൊണ്ടിരുന്നു. വാശിയേറിയ ഒരു സംഗീതമത്സരം പോലെ സദസ്സിനെ ഇതു ഹരംപിടിപ്പിച്ചു.

ഗാന്ധാരാ കഴിഞ്ഞു. പ്രതിദ്ധ്യേമം, അതു കഴിഞ്ഞ് മേൽപഞ്ചമം വരെ സ്വാമി പാടി, മേൽപഞ്ചമത്തിൽ ശിഷ്യന്മാരും എത്തിയതോടെ ജനങ്ങളുടെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. കൈയ

ടികൾകൊണ്ട് പുരന്ദരദാസർ പന്തലിൽ സംഗീതം നൃത്തം ചെയ്തു.

'കരുണചെയ്‌വാനെന്തു താമസം കൃഷ്ണാ' എന്ന കൃതി പാടിത്തുടങ്ങിയപ്പോൾ ഒരു സ്ത്രീ എഴുന്നേറ്റ് താളത്തിനനുസരിച്ചു തുള്ളിക്കൊണ്ടുമിരുന്നു. സ്വാമിയും വിട്ടില്ല. അവരുടെ നൃത്തം ഭക്തി നിർഭരമായിരുന്നതിനാൽ അവരെ ആരും വിലക്കിയില്ല. കുറച്ചുനേരം കഴിഞ്ഞ് ആ സ്ത്രീ തനിയെ നൃത്തം നിർത്തുകയും ചെയ്തു.

ശബരിമല യാത്ര

1973ലാണ് ചെമ്പൈ ആദ്യമായി ശബരിമലയക്ക് പോകുന്നത്. ഞങ്ങൾ പല പ്രാവശ്യം സ്വാമിയെ ക്ഷണിച്ചിട്ടുണ്ടെങ്കിലും അന്നൊന്നും അദ്ദേഹം ശബരിമലയ്ക്കു വന്നില്ല. പാലക്കാട്ടുനിന്നും പങ്കുനി ഉത്രത്തിന് ലക്ഷാർച്ചനയും പൂജയുമൊക്കെ നടത്തുക പതിവായിരുന്നു. ശബരിമലയ്ക്കും പോകുക ഞങ്ങളുടെ പതിവാണ്. പാലക്കാട്ടുകാർ ഞങ്ങളെ അക്കൊല്ലം പ്രത്യേകം ക്ഷണിക്കുകയും ചെയ്തിരുന്നതുകൊണ്ട് പങ്കുനി ഉത്രത്തിന് ശബരിമലക്കു പോകുവാൻ ഞങ്ങൾ തീരുമാനിച്ചു. മദ്രാസിൽ നിന്നും പുറപ്പെടുന്നതിനു മുമ്പ് ചെമ്പൈ സ്വാമിയെ ചെന്നു കണ്ട് ആശിർവാദം വാങ്ങി. ഞങ്ങൾ ശബരിമലയ്ക്കു യാത്രതിരിച്ചു.

സ്വാമിയുടെ സുഹൃത്ത് എൻ. ആർ. എൻ. അയ്യർ സ്വാമിയേയും കൂട്ടി അന്നുതന്നെ ഗുരുവായൂർക്കും യാത്രയായി.

ഞങ്ങൾ ശബരിമല സന്നിധാനത്തിൽ എത്തിച്ചേർന്ന് അഭിഷേകം നടത്തി. ഉചയ്ക്ക് ഊണെല്ലാം കഴിഞ്ഞ് വിശ്രമിച്ചു. വീണ്ടും ദീപാരാധനയ്ക്കു തൊഴണം. അതിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

പെട്ടെന്ന് ഒരാൾ ഓടിവന്നു പറഞ്ഞു : നിങ്ങളുടെ ഗുരുനാഥൻ ചെമ്പൈ പമ്പയിൽ എത്തിയിട്ടുണ്ടെന്ന്. ഞങ്ങൾ അതിശയിച്ചുപോയി. എങ്ങനെ ആരുടെകൂടെ എന്നൊക്കെ ചിന്തിച്ചു. പമ്പയിൽനിന്നും സന്നിധാനത്തിൽ എത്താൻ എങ്ങനെയും മൂന്നു മണിക്കൂർ ആകും. നടന്നുവരുവാൻ സ്വാമിക്കാവില്ല. നാലുപേർ മഞ്ചലിൽ എടുത്തുകൊണ്ടു വരാനേ പറ്റുകയുള്ളു. ഈ മലയെല്ലാം ചവുട്ടി ഇങ്ങു വരണമെങ്കിൽ ഇരുട്ടിപ്പോകുമല്ലോ, എന്നു ഞങ്ങൾ ഓർത്തു.

സന്ധ്യയോടടുത്തിട്ടും സ്വാമിയേയും കൂട്ടുകാരേയും കാണാത്തതിൽ ഞങ്ങൾക്ക് എന്തെന്നില്ലാത്ത ഒരു വിഷമം.

ഞങ്ങൾ പതിനെട്ടാംപടിയുടെ അടുത്തുതന്നെസ്വാമിയുടെ വരവും പ്രതീക്ഷിച്ച് കാത്തുനിന്നു. ഈ വിവരം ഞങ്ങളുടെ സുഹൃത്തുക്കളോടും പറഞ്ഞതിനാൽ എല്ലാവരും ആകാംക്ഷയോടെ കാത്തുനിൽക്കുകയാണ്.

രാത്രി ഏതാണ്ട് എട്ടുമണിയായി, നല്ല ഇരുട്ട്, ഒരു പറ്റം ആളുകൾ വിളക്കും പിടിച്ചു വരുന്നുണ്ട് ഒരു കസേയിൽ കമ്പുകൾ വെച്ചു കെട്ടി അതിന്റെ നാലു മൂലയ്ക്കലും നാലുപേർ പിടിച്ചിട്ടുണ്ട്. അതിന്റെ മുകളിൽ കസേരയിൽ ഭാഗവതർ ഇരിക്കുന്നു. പതിനെട്ടാം പടിക്കൽ അവർ എല്ലാവരും വന്നുനിന്നു. സ്വാമിയെ മഞ്ചലിൽ നിന്നും ഇറക്കി. ഞങ്ങൾ ഓടിചെന്നു കാലിൽ തൊട്ടുതൊഴുതു.

'എടാ – നിങ്ങൾ പോയില്ല. അല്ലേ. അതു ഏതായാലും നന്നായി. എന്നാൽ നീയെന്റെ കൈപിടിക്ക് എന്നു സ്വാമി പറഞ്ഞു ഞങ്ങൾ കൈക്കു പിടിച്ചുകൊണ്ട് പതിനെട്ടാംപടിയിലേക്ക് നടന്നു. നാളികേരം അടിച്ചു കൊണ്ട് ഓരോ പടിയായി ഭാഗവതരെ ഞങ്ങൾ മേല്പോട്ടു കയറ്റി. ഈ അവസരത്തിൽ അദ്ദേഹം വീഴാതിരിക്കുവാൻ എല്ലാവരും താങ്ങിപിടച്ചിരുന്നു. പതിനെട്ടു പടിയും കയറിക്കഴിഞ്ഞപ്പോൾ 'സ്വാമിയെ ശരണം' എന്നു ഭാഗവതർ പറഞ്ഞു. എല്ലാവരും അതേറ്റു പറഞ്ഞു. സന്നിധാനത്തിൽ കന്നിമൂലഗണപതിഭഗവാനെയും ഭഗവാൻ അയ്യപ്പനെയും ഭാഗവതർ പല പ്രാവശ്യം നമസ്കരിച്ചു.

'എടാ, നമുക്കൊരുമിച്ച് അയ്യപ്പന്റെ മുമ്പിൽ പാടണ്ടേ. അതിനാണ് എന്നെ ഇങ്ങോട്ടു സ്വാമി പറഞ്ഞയച്ചിരിക്കുന്നത്.' (സ്വാമി പാടാത്ത ഒരു ക്ഷേത്രം ശബരിമല മാത്രമായിരുന്നു).'ഇവിടെ ആരൊക്കെ വന്നിട്ടുണ്ട്? നാലു പാടും നോക്കി. രാമലക്ഷ്മണന്മാർ വന്നിട്ടുണ്ടല്ലോ, എന്നാൽ ഇന്ന് ആരും പ്രത്യേകിച്ചു പാടണ്ട. നമുക്കെല്ലാവർക്കും ഒരുമിച്ചു പാടിയാൽ മതി. കാംബോജിവർണ്ണം എന്തരേ മഹാനുഭാവലു, രണ്ടയ്യപ്പ ഗീതങ്ങൾ; എന്തെടാ എന്നാൽ തുടങ്ങാം, എന്നു പറഞ്ഞുകൊണ്ട് പാടിത്തുടങ്ങി. മേൽപ്പറഞ്ഞ കീർത്തനങ്ങളെല്ലാം പാടിക്കഴിഞ്ഞ് ഞങ്ങളോട് അയ്യപ്പൻ പാട്ടുകൾ പാടാൻ പറഞ്ഞു. 'ഇഷ്ട ദൈവമേ സ്വാമീ ശരണമയ്യപ്പാ' എന്ന ഗാനവും, 'സ്വാമിയെ ശരണം' എന്ന ഗാനവും, ഞങ്ങൾ പാടി. 'ഇഷ്ട

ദൈവമേ' എന്ന കൃതി സ്വാമിയുടെ കച്ചേരികളിൽ എപ്പോഴും സ്വാമി ഞങ്ങളെക്കൊണ്ടു പാടിക്കുക പതിവായിരുന്നു. ആ അയ്യപ്പൻപാട്ടു സ്വാമിക്കു വലിയ ഇഷ്ടമായിരുന്നു. കാലാന്തരത്തിൽ ആ പാട്ടു സ്വാമി ഹൃദിസ്ഥമാക്കി. ആ പാട്ട്, ശബരിമലയിൽ ഞങ്ങൾ പാടാൻ ആരംഭിച്ചപ്പോൾ പെട്ടെന്ന് സ്വാമിതന്നെയാണ് അത് തുടങ്ങിത്തന്നതും.

ശബരിമല ദർശനം സ്വാമിയുടെ അവസാനത്തെ ഒരാഗ്രഹം ആയിരുന്നു. അതും നടന്നു. എൻ. ആർ. എൻ അയ്യർ ധൈര്യം കൊടുത്തതുകൊണ്ടാണ് ഭാഗവതർ മലയ്ക്കു പോകാൻ സമ്മതിച്ചത്.

യേശുദാസും ചെമ്പൈയും

ഒരു ദിവസം യേശുദാസ് ഞങ്ങളോടു പറഞ്ഞു, ചെമ്പൈ സ്വാമിയെ തനിക്കൊന്നു പരിചയപ്പെടണമെന്ന്. അക്കാലത്ത് യേശുദാസിന്റെ സഹോദരി ജയമ്മയേയും ഭാര്യ പ്രഭയേയും ഞങ്ങൾ സംഗീതം പഠിപ്പിക്കുന്നുണ്ടായിരുന്നു. അന്നുതന്നെ യേശുദാസിനുണ്ടായിരുന്ന മോറീസ് മൈനർ കാറിൽ ഞങ്ങൾ യാത്രയായി. കാർ മൈലാപ്പൂരിലുള്ള ലസ്കോർണറിൽ എത്തിയപ്പോൾ ഞങ്ങൾ പറഞ്ഞു : 'ദാസേ, ഒരല്പം പഴവും സാത്തുക്കുടിയും ആപ്പിളും സ്വാമിക്കു കാഴ്ചയായി കൊണ്ടുപോകുന്നത് നല്ലതാണ്.' ദാസ് അതിനു സമ്മതിച്ചു.

കാർ ഒരു പഴക്കടയ്ക്കു സമീപം നിർത്തി. കാർ ഓടിച്ചിരുന്നതും യേശുദാസുതന്നെയായിരുന്നു. പഴക്കടയിൽ നിന്നും നിറയെ പഴങ്ങളും വാങ്ങി ഞങ്ങൾ എല്ലാവരും ചെമ്പൈസ്വാമിയുടെ വീട്ടിലെത്തി. ഗയിറ്റു തുറക്കുന്ന ശബ്ദം കേട്ടുകൊണ്ട് അദ്ദേഹം പെട്ടെന്നു നോക്കി. നാരായണീയ വായനയിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം.

' ആരാ അത് ? '

ഞങ്ങൾ : ' ഇതാണ് സിനിമയിലൊക്കെ പാടിക്കൊണ്ടിരിക്കുന്ന യേശുദാസ്. '

സ്വാമി : 'ഓ, യേശുദാസനാണോ ! എടീ അമ്മാളു ...... അദ്ദേഹം ഭാര്യയെ വിളിച്ചു. ' എടീ, ആരാണീ വന്നിരിക്കുന്നതെന്നു

നോക്കു, ഇങ്ങു വരു........'

ദാസ്, വളരെ ബഹുമാനപുരസ്സരം അവിടെ നിന്നു. ഇരിക്കാൻ പറഞ്ഞെങ്കിലും ദാസ് ഇരുന്നില്ല ; ഞങ്ങളും.

'അമ്മാളൂ .... ആ ഗുരുവായൂർ പഞ്ചസാര ഇങ്ങെടുക്കു !' സ്വാമി ദാസിനും ഞങ്ങൾക്കും ഗുരുവായൂർ പഞ്ചസാരയും പ്രസാദവും നൽകി. ദാസിനെ നോക്കി, ധാരാളം പണം കിട്ടുന്നുണ്ടല്ലോ, കടം കൊടുത്തു ദുഖിക്കണ്ട.

എന്നിട്ട് തിരുക്കുറളിലെ രണ്ടു വരികൾ പാടി

'നൻടി നടപ്പതു ....

എന്താ ദാസ് ?

ദാസ് എല്ലാം മൗനമായി കേട്ടു. സ്വാമിയുടെ പാദങ്ങളിൽ വീണ്ടും തൊഴുത് അവിടെനിന്നും വിടപറഞ്ഞിറങ്ങി. ഈയവസരങ്ങളിൽ സംഗീതം പഠിക്കുന്ന കാര്യത്തെക്കുറിച്ച് ദാസ് ഒരക്ഷരം സംസാരിച്ചിരുന്നതേയില്ല.

ബോംബെയിൽ അപ്പുനായർ എന്നയാൾ യേശുദാസിന്റെ ഒരു ഉറ്റ സുഹൃത്തായിരുന്നു. അദ്ദേഹം അവിടെ യേശുദാസിന്റെ ലൈറ്റ് മ്യൂസിക്ക് പരിപാടി ധാരാളം ഏർപ്പാടുചെയ്തുകൊണ്ടിരുന്നു. ബോംബെയിൽ ചെമ്പൈയുടെ കച്ചേരി ഉണ്ടെങ്കിൽ അപ്പുനായരും കുടുംബവും കച്ചേരികൾ കേൾക്കുവാൻ വരിക പതിവാണ്. യേശുദാസും ചെമ്പൈയും ചേർന്ന് ഒരു കച്ചേരി നടത്തിയാൽ കൊള്ളാമെന്ന് അപ്പുനായർ ആലോചിച്ചു. പൂനായിൽ ചെമ്പൈ സ്വാമിയുടെ കച്ചേരി ഒരു സംഗീതസഭയിൽ ഏർപ്പാടു ചെയ്തിരുന്നു. അപ്പുനായരും കൂട്ടുകാരും പൂനയിലെത്തി സ്വാമിയെ കണ്ടു. പുതിയ രീതിയിൽ ഒരു കച്ചേരി നടത്തുന്നതിനെപ്പറ്റി ആലോചിക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നതെന്നു പറഞ്ഞു.

സ്വാമി : 'ഓ, അതെന്താ ?'

'അതായത് നമ്മുടെ യേശുദാസും സ്വാമിയും ചേർന്നുള്ള ഒരു കച്ചേരി ബോംബെ ഷണ്മുഖാനന്ദസഭയിൽ നടത്തണമെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്.'

'അതിനിപ്പോൾ ഞാൻ പാടുന്ന കീർത്തനങ്ങൾ ദാസിനറിയില്ലല്ലോ. അതൊക്കെ പഠിക്കാതെ പറ്റുമോ ? അതിനെല്ലാം സമ

യവും ഇല്ലല്ലോ. അങ്ങനെ ഒരു കച്ചേരി വേണോ ? ശരി, പാടുന്നതിന് എനിക്കു വിരോധമില്ല. പക്ഷേ ഒരു ഉദയാസ്തമനപൂജയ്ക്കുള്ള പണം തരണം, എങ്കിൽ പാടാം.'

'ഉദയാസ്തമനപൂജയ്ക്ക് എത്ര രൂപാ ആകും ?'

'അയ്യായിരം രൂപ !'

'അയ്യോ ! അയ്യായിരും രൂപയോ ?'

'ഇത് എനിക്കു മാത്രമാണ് ; എന്താ ? പക്കവാദ്യക്കാർക്കുള്ളതു വേറെ കൊടുത്തുകൊള്ളണം. ങാ ; പിന്നെ ....'

'അതുകൊണ്ടായില്ലല്ലോ ?'

'അതെന്താ ? '

'ജയവിജയന്മാരില്ലാതെ കച്ചേരി നടക്കില്ല.'

'അവർ പാടിക്കൊള്ളട്ടെ.'

'അവർക്കുള്ള രൂപയും വേറെ കൊടുക്കണം.'

'അവർക്കെന്തു കൊടുക്കണം?'

ഞങ്ങൾ ഈ അവസരത്തിലെല്ലാം അവിടെയുണ്ടായിരുന്നു

'എന്താടാ, നിങ്ങൾക്ക് എന്തു വേണം?'

'സ്വാമി നിശ്ചയിച്ചാൽ മതി' * ഞങ്ങൾ പറഞ്ഞു .

'അപ്പുനായരെ, അവർക്ക് ഒരു 500 രൂപ കൊടുക്കണം.'

'അയ്യോ–അതു വളരെ കൂടുതലാണല്ലോ.'

'അവരും കൂടി പാടാതെ പറ്റുകയില്ല അതുകൊണ്ട് അത് കൊടുത്തേ മതിയാകത്തുള്ളു.'

ഒടുവിൽ അപ്പുനായർ സമ്മതിച്ചു

അത്യാവശ്യമായി പഠിക്കേണ്ട ചില കീർത്തനങ്ങൾ സ്വാമിയും ഞങ്ങളും ചേർന്ന് ദാസിനെ പഠിപ്പിച്ചു. തുടർന്നു ബോംബെ ഷണ്മുഖാനന്ദ സഭയിൽ ആദ്യമായി ചെമ്പൈയും യേശുദാസും ചേർന്നു പാടി.

---

* സ്വാമിയുടെ അതേ കച്ചേരിക്കും ഞങ്ങൾ കൂടെ പാടുന്നതിനും 100 രൂപ തരിക പതിവായിരുന്നു.

അതിനുശേഷം മദ്രാസ്, എറണാകുളം, പാലക്കാട്, വീണ്ടും ബോംബെ എന്നിവിടങ്ങളിൽ സ്വാമിയും യേശുദാസും ചേർന്നുള്ള കച്ചേരികൾ നടന്നു. മൊത്തം ഏഴോ എട്ടോ കച്ചേരികളേ നടന്നിട്ടുള്ളു.

ഉദയാസ്തമനപൂജ

ഒരിക്കൽ ഒരു ഉദയാസ്തമന പൂജ നടത്തുന്നതിന് പണം സ്വരൂപിച്ചുകൊണ്ടിരുന്നു. ഏകദേശം 2000 രൂപ കൈയിലുണ്ട്. ബാക്കി ഉണ്ടാക്കണം. ഒരാൾ അതു തരാം എന്നും പറഞ്ഞിരുന്നു. കുടുംബസമ്മേതം ഭാഗവതർ ഗുരുവായൂരിൽ എത്തിയിരിക്കുകയാണ്. ഉദയാസ്തമന പൂജയ്ക്ക് അഡ്വാൻസ് പണംകെട്ടി ബാക്കി തുക ആറുമണിക്കുള്ളിൽ കൊടുത്തുകൊള്ളാമെന്നു പറഞ്ഞ് ഏർപ്പാടുകൾ നടന്നു. രാവിലെ മുതലുള്ള പൂജകളും മറ്റും ക്ഷേത്രത്തിൽ ആരംഭിച്ചു കഴിഞ്ഞു.

മണി നാലായി. പണം കൊണ്ടുവന്നു കൊടുക്കാമെന്നു പറഞ്ഞിരിന്ന ആളിനെ കണ്ടില്ല. ഭാഗവതർക്ക് ആകപ്പാടെ വെപ്രാളവും. എന്താ ചെയ്യുന്നത്. കൃത്യം ആറു മണിക്ക് അയാൾ കാശു (രൂപാ) കൊണ്ടുവന്നില്ലെങ്കിൽ ആകപ്പാടെ അപമാനമാകുമല്ലൊ എന്നു ഓർത്തുകൊണ്ട് പരിഭ്രാന്തനായി അങ്ങോട്ടുമിങ്ങോട്ടും ഓടിത്തുടങ്ങി. കൈകാലുകൾ കുഴയുന്നതുപോലെ തെരുതെരെ മൂത്രമൊഴിക്കണമെന്നും പരിഭ്രമം കൊണ്ടു തോന്നി. 'എന്താ ചെയ്യുന്നത്, ഗുരുവായൂരപ്പാ, എന്നെ ഇങ്ങനെ വിഷമിപ്പിക്കണ്ടായിരുന്നു. അവനെ ഇതുവരെ കണ്ടില്ലല്ലോ. ആ കുരുത്തംകെട്ടുവനോടു സമയത്തിനെത്തണം എന്നു പ്രത്യേകം പറഞ്ഞിരുന്നതാണ്. എന്താണു ചെയ്യുന്നത് ?"

ഭഗവാനെ ഗുരുവായൂരപ്പാ എന്നുള്ള പ്രാർത്ഥനതന്നെ, ഭാഗവതർ യാതൊരു ക്ഷമയുമില്ലാത്ത ആളിനെപ്പോലെ വാതുക്കൽ ചെന്നു നോക്കും. വീണ്ടും വന്ന് ഇരിക്കും. ആരെയും കാണുന്നില്ല. ഗുരുവായൂരപ്പാ... ഗുരുവായൂരപ്പാ ... എന്റെ ഗുരുവായൂരപ്പാ ... എന്നു പറഞ്ഞു കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു. സന്ധ്യയാകാറായിട്ടും പണം എത്തിച്ചേർന്നില്ല.

പെട്ടന്നു ദേവസ്വം ആഫീസിൽനിന്നും ഒരാൾ വന്നിട്ടു

പറഞ്ഞു : ഭാഗവതരെ സങ്കടപ്പെടേണ്ട, പണം എത്തിക്കഴിഞ്ഞിട്ടുണ്ട്. ഉദയാസ്തമനപൂജ ശരിക്കും നടന്നു കൊള്ളും. ഒന്നുകൊണ്ടും വിഷമിക്കേണ്ടതില്ല.

'നിങ്ങളാരാണ് ?'

'ഞാൻ ദേവസ്വം ആപ്പീസിലുള്ള ആളാണ്.'

ഭാഗവതർ, സത്യമാണോ? അതേ കള്ളമാണോ എന്നറിയുന്നതിലേക്ക് ദേവസ്വം ആപ്പീസിലേക്കുപോയി. അവിടെ ചെന്നുകഴിഞ്ഞപ്പോൾ 'അങ്ങനെ ആരും പണം കൊണ്ടുവന്നിട്ടില്ലല്ലോ', ആരേയും ഞങ്ങൾ പറഞ്ഞു വിട്ടില്ലല്ലോ എന്നു പറഞ്ഞു. തിരിച്ച് ബസ്സ് സ്റ്റാൻറിലൊക്കെ ഒന്നു നോക്കാമെന്നു കരുതി. അങ്ങനെ ഇരിക്കുമ്പോൾ ബസ്സിൽനിന്നും പണംകൊണ്ടുവരുന്ന ആൾ ഇറങ്ങിവരുന്നതു കണ്ടു.

പണം ഒരാൾ കൊണ്ടുവരന്നുണ്ടെന്നു നേരത്തെ മനസ്സിലാക്കിയ ഗുരുവായൂരപ്പൻ ' ഭാഗവതരെ വിഷമിപ്പിക്കണ്ട' എന്നു കരുതി നേരത്തെ വന്നു പറഞ്ഞതാണ് ഇതിലുള്ള സത്യം.'

യമനുമായുള്ള ചെമ്പൈയുടെ വാഗ്വാദം

ചെമ്പൈയ്ക്കു ജാതകവശാൽ 56-ാമത്തെ വയസ്സിൽ മരണം ഉണ്ടെന്നു ജോത്സ്യന്മാർ പ്രവചിച്ചിരുന്നു. അതികലശലായ പനിയും മറ്റും അതേത്തുടർന്നുണ്ടായി. എന്തു സംഭവിക്കും എന്നുള്ള ഒരു നിലപാട്. വൈദ്യന്മാരൊക്കെ വേണ്ട ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. രോഗത്തിനു യാതൊരു കുറവും കാണുന്നില്ല.

പന്ത്രണ്ടുമണി രാത്രി കഴിഞ്ഞപ്പോൾ യമൻ കയറുമായി എത്തിക്കഴിഞ്ഞു. പക്ഷേ മരണത്തിന്റെ വക്ത്രത്തിൽ നിന്നിട്ടും ധൈര്യം കൈവെടിയാതെ ഇങ്ങനെ ചോദിച്ചു :

'നിങ്ങളാരാണ് ?'

'ഞാനാണ് യമൻ (അല്ലെങ്കിൽ കാലൻ).

നിങ്ങളുടെ കാലം അവസാനിച്ചിരിക്കുന്നു.'

'അതു നിശ്ചയിക്കാൻ നിങ്ങളാരാണ്. ഞാൻ ആരാണെന്നറിയാമോ? ഗുരുവായൂരപ്പന്റെ ദാസനാണ്. സംഗീതത്തിൽ ഒരു രാജാവുമാണ്. തനിക്കു കൊണ്ടുപോകാമെങ്കിൽ കൊണ്ടുപൊയ്ക്കൊള്ളുക. യമനും ഭാഗവതരുമായിട്ട് വളരെ ദീർഘനേരത്തെ തർക്കം നടന്നു. പക്ഷേ, ഗുരുവായൂരപ്പന്റെ ചൈതന്യം ഭാഗവതരിൽ കണ്ടപ്പോൾ യമനു ബോദ്ധ്യമായി. അദ്ദേഹം ഇനിയും ജീവിച്ചിട്ടു വളരെ കാര്യങ്ങളുണ്ട്. സംഗീതലോകത്തിനു അതൊരു അനുഗ്രഹവുമായിരിക്കും. യമൻ സസന്തോഷം വിടവാങ്ങി (ഇതു ഭാഗവതർ തന്നെ പറഞ്ഞിട്ടുള്ള ഒരു കഥയാണ്)

ചെമ്പൈ സംഗീതോത്സവം

ഏകദേശം അറുപതു വർഷം മുമ്പ് ചെമ്പൈ വൈദ്യനാഥ ഭാഗവതർ ഗുരുവായൂർ ക്ഷേത്രത്തിൽ ആദ്യത്തെ കച്ചേരി നടത്തി. അന്ന് അദ്ദേഹത്തിന്റെ കുടുംബവും മറ്റു ബന്ധുക്കളും ഈ പൂജയിൽ സംബന്ധിക്കുന്നതിന് എത്തിയിരുന്നു. ഓരോ ഉദയാസ്തമനപൂജ നടക്കുമ്പോഴും ആരുടെയെങ്കിലും ഒരു സംഗീതക്കച്ചേരി കൂടി അന്ന് ഉണ്ടായിരിക്കുക പതിവാണ്. സ്വാമിക്ക് കച്ചേരി കഴിഞ്ഞു കിട്ടുന്ന രൂപയെല്ലാം ഉദയാസ്തമനപൂജയ്ക്ക് സൂക്ഷിക്കുകയാണ്. ഒരു ഉദയാസ്തമനപൂജയ്ക്കുള്ള പണം റെഡിയായാൽ ഉടനെ ഗുരുവായൂരിൽ എത്തി പണം അടച്ച് ഉദയാസ്തമനപൂജ നടത്തും.

സ്വാമി ഉദയാസ്തമനപൂജയ്ക്ക് പുറപ്പെടുമ്പോൾ പരിചയക്കാരായ ഭാഗവതരന്മാരോടും പറയും. ചിലപ്പോൾ അവരും സ്വാമിയുടെ കൂടെ പൂജയിൽ സംബന്ധിക്കുന്നതിനും കച്ചേരി നടത്തുന്നതിനുമായി പോകാറുണ്ട്. സ്വാമി മരിക്കുന്നതിനു പത്തുവർഷം മുമ്പു മുതൽ ഉദയാസ്തമന പൂജയ്ക്ക് പോകുന്ന അവസരത്തിൽ സംഗീതക്കച്ചേരികൾക്ക് പോകുന്നവരുടെ എണ്ണം വർദ്ധിച്ചുതുടങ്ങി. അക്കാലത്ത് ശ്രീ കോഴിക്കോട് സാമൂതിരി അവർകൾ ചെമ്പൈ സ്വാമിയുടെ അഭ്യർത്ഥനയാൽ വരുന്ന സംഗീത വിദ്വാന്മാർക്ക് ഭക്ഷണച്ചിലവും ഗുരുവായൂർ ദേവസ്വത്തിൽ നിന്നും താമസത്തിന് മുറികളും സൗജന്യമായി കൊടുക്കുവാൻ തുടങ്ങി.

സ്വാമി ഉണ്ടായിരുന്നപ്പോൾ ചെമ്പൈ സംഗീതവേദിയിൽ പാടുന്നതിന് ആളുകളുടെ തിക്കും തിരക്കും കാണേണ്ടതാണ്. അപ്പോഴെല്ലാം സ്വാമി സ്റ്റേജിൽ വന്നു പാട്ടുകച്ചേരി നടത്തുന്ന സംഗീതവിദ്വാന്മാരുടെ മുമ്പിൽ ഇരുന്ന് അവരെ പ്രോത്സാഹിപ്പിക്കുക പതിവായിരുന്നു.

ഞങ്ങൾ പാടിക്കൊണ്ടിരിക്കുമ്പോളും (ജയവിജയ) സ്വാമി മുമ്പിൽ വന്നിരുന്ന് വേണ്ട പ്രോത്സാഹനങ്ങൾ തന്നിട്ടുണ്ട്. അദ്ദേഹം തന്നെ താളം അടിച്ച് കച്ചേരി രസിച്ചുകൊണ്ടിരിക്കും. കയ്യടികൾ നൽകി ശ്രോതാക്കളായി ഇരിക്കുന്നവർക്കുപോലും ഉത്സാഹം തോന്നുമാറ്, ആ കച്ചേരി എല്ലാവരുടേയും ശ്രദ്ധയെ ആകർഷിക്കുന്നവണ്ണം ഒരുക്കുക പതിവാണ്. കൊച്ചുകുട്ടികൾ പാടുന്ന അവസരത്തിലായാൽ അദ്ദേഹത്തിന്റെ സന്തോഷവും കച്ചേരി രസിക്കുന്നതും മറ്റു കാണേണ്ടതുതന്നെയാണ്. ഗുരുവായൂരിൽ ഏകാദശി * ദിവസം സ്വാമിയുടെ ഉദയാസ്തമനപൂജ.യും സംഗീതക്കച്ചേരികളും പിന്നീട് പതിവായി.

സ്വാമിയുടെ കാലശേഷം ഏകാദശിഉത്സവം ചെമ്പൈസംഗീതോത്സവമാക്കി മാറ്റുവാനും, ഗുരുവായൂർ ദേവസ്വം തീരുമാനിച്ചു. എല്ലാ വർഷവും ഈ സംഗീതോത്സവം വളരെ ഗംഭീരമായി തന്നെ നടന്നു വരുന്നു. തിരുവയ്യാറിൽ ശ്രീ ത്യാഗരാജസമാധിയിൽ ത്യാഗ ബ്രഹ്മ ഉത്സവം നടത്തുന്നതു പോലെതന്നെ ചെമ്പൈ സംഗീതോത്സവവും വളരെ ഗംഭീരമായി നടന്നുവരുന്നു. ഒരു സംഗീതവിദ്വാന്റെ പേരിൽ നടക്കുന്ന ഒരേയൊരു ഉത്സവം ചെമ്പൈ സംഗീതോത്സവം മാത്രമാണ്. ഗുരുവായൂർ ദേവസ്വം ഈ ഉത്സവത്തിൽ സംബന്ധിക്കാനെത്തുന്ന എല്ലാ കലാകാരന്മാർക്കും താമസസൗകര്യം ഭക്ഷണസൗകര്യം ഇവ ചെയ്തുകൊടുക്കുന്നു. ആൾ ഇന്ത്യ റേഡിയോ ചെമ്പൈ സംഗീതോത്സവം പ്രക്ഷേപണം ചെയ്യാറുണ്ട്. ഗുരുവായൂർ ഏകാദശി ഉള്ളിടത്തോളം കാലം ചെമ്പൈസംഗീതോത്സവവും ഉണ്ടായിരിക്കും. നാദസുധയുടെ കീർത്തിസ്തംഭമായി ചെമ്പൈ ഇന്നും ജനഹൃദയങ്ങിൽ ജീവിക്കുന്നു.

---

* സ്വാമിയുടെ കൂടെ ഞങ്ങളും 8 വർഷത്തോളം പോയി ഏകാദശിയിൽ പങ്കെടുത്തിട്ടുണ്ട്.

സ്വർഗ്ഗാരോഹണം

ചെമ്പൈയുടെ വിരഹത്തെക്കുറിച്ചോർത്തു ദുഖം സഹിക്കാൻ ശക്തിയില്ലാതെ ഞങ്ങൾ തളർന്നു. വാവിട്ട് ഉച്ചത്തിൽ കരഞ്ഞു. എത്ര കരഞ്ഞാലും ഞങ്ങളുടെ ചെമ്പൈ സ്വാമി ഇനി മടങ്ങിവരില്ല. വീണ്ടും അവസാനമായി നമസ്കരിച്ചിട്ട് ആ ശ്മശാനഭൂമിയിൽ നിന്നും ഞങ്ങൾ യാത്രയായി.

ആ ഗ്രാമം ആകപ്പാടെ ശോകമൂകമായിരുന്നു. അവിടെ വിശ്രമിക്കുവാൻ പറ്റുകയില്ല. അതുകൊണ്ടു നേരെ കോയമ്പത്തൂരിലുള്ള ചൊണ്ടത്തു വീട്ടിൽ രാത്രി ഉറങ്ങാം എന്നു കരുതി അങ്ങോട്ടു യാത്രയായി. രാത്രി പത്തുമണിക്കുമുമ്പ് ചൊണ്ടത്തെത്തി. ശ്രീ ചെമ്പൈ സ്വാമിയുടെ ശിഷ്യയുടെ വീടാണ്. ഞങ്ങളെ സ്വീകരിച്ചു. ദുഖാർത്തയായ അവർ ഞങ്ങൾക്ക് കിടന്നുറങ്ങുവാനുള്ള സജ്ജീകരണങ്ങളൊക്കെ ചെയ്തുതന്നു. ഞങ്ങൾ രണ്ടുപേരും ആ മുറിയിൽ തനിച്ചുകിടന്നു. ഓർമകൾ കടന്നുപൊയ്ക്കൊണ്ടിരുന്നു.

ഞങ്ങൾ ഓരോന്നും ഓർത്തോർത്ത് കരഞ്ഞുകൊണ്ടു കിടന്നു. മറ്റൊരു വീട്ടിൽ കിടന്നു കരയുന്നത് ശരിയല്ലല്ലോ എന്നോർത്ത് വാപൊത്തി ശബ്ദം കേൾപ്പിക്കാതെ കരഞ്ഞുകൊണ്ടിരുന്നു. ഇതിനിടയിൽ ജയൻ അല്പം ഉറങ്ങി. ചെമ്പൈസ്വാമിയുടെ സ്വർഗ്ഗാരോഹണം സ്വപ്നം കാണുകയായിരുന്നു ജയൻ. ഒരു സ്വർണ്ണസിംഹാസനത്തിൽ സ്വാമിയിരിക്കുന്നു. അഞ്ചു ഗരുഡന്മാർ ആ പല്ലക്ക് കൊത്തിക്കൊണ്ട് ആകാശത്തിലേക്കും പറക്കുകയാണ്. വാസ്തവത്തിൽ അതു പൂന്താനത്തിനു ലഭിച്ച സ്വർഗ്ഗാരോഹണം പോലെതന്നെയായിരുന്നു. ഭഗവാൻ പൂന്താനത്തിനെ സ്വർഗ്ഗത്തിലേക്ക് പുഷ്പകവിമാനത്തിൽ കയറ്റിക്കൊണ്ടു പോകുന്നത് വീട്ടിലെ വേലക്കാരിക്കു കാണുവാൻ ഭാഗ്യമുണ്ടായി.

എന്നാൽ ഞങ്ങളിൽ ഒരാൾക്കെങ്കിലും ശ്രീ ചെമ്പൈയുടെ സ്വർഗ്ഗാരോഹണം കാണുവാൻ ഭാഗ്യമുണ്ടായി. ഇതു ഞങ്ങൾ ചെയ്ത ഭാഗ്യമാണ്. ഭഗവാൻ ഗുരുവായൂരപ്പന്റെ പാദാരവിന്ദങ്ങളിൽ ലയിച്ചിട്ടുള്ള ശ്രീ ചെമ്പൈയുടെ ആത്മാവ് എന്നും നമുക്ക് കാണാൻ കഴിയട്ടെ.

ജയവിജയന്മാർ സംഗീത കച്ചേരി നടത്തുന്നു



ചെമ്പൈ അവസാന കച്ചേരിയിൽ പങ്കെടുക്കുന്നു

അവസാനത്തെ കച്ചേരിദിവസം
വയലിൻ വായിക്കുന്നു.



ചെമ്പെയുടെ സമാധിമണ്ഡപം